



ഒത്തിരി മുരടനക്കലുകൾക്ക് ശേഷം
കോളാമ്പി അറിയിപ്പ് തുടങ്ങുന്നു...

Print : SB Press Pvt Ltd, Statue, Trivandrum

Layout : Nitheesh Lyceum

Design : Pavi Sankar S

നാം എന്തുകൊണ്ട് ഇനിയും ആത്മഹത്യ ചെയ്തില്ല?

ജീവിക്കാനുള്ള ആഗ്രഹമോ അതോ മരിക്കാനുള്ള ഭയമോ?

നിശബ്ദത ജീവിക്കാനും, ശബ്ദം മരിക്കാനുമുള്ള

പാസ്പോർട്ടാവുന്ന ഈ കാലഘട്ടത്തിൽ

ഞങ്ങൾ കലഹിക്കും.

പക്ഷേ, ആരോട്?

ഉത്തരം തേടി 100 കാതം മുന്നോട്ട്...

എഡിറ്റർ

**അൽ ആനന്ദ്**



# ബ്ലൂവെയ്ൽ

ബ്രിജിത്ത് ഷിജി
| ബി.എസ്.സി. കെമിസ്ട്രി



നീർത്തുള്ളികൾ ഓടിയൊഴുകുന്ന
വയൽ വരമ്പിലൂടെ
നടന്ന്,
എന്നും മാനത്ത് കണ്ണിയെ പിടിക്കുമായിരുന്നു.
കർമഫലമാവണം
ഇന്ന് എന്റെ ചോരയെ
പിടികൂടിയത് ഈ വൻ മത്സ്യം.

# കുരുതി

മഹേഷ് ശർമ്മ എസ്
III ബി. എ. ഫിലോസഫി



ചരിത്രത്തിലൊരിക്കലും കോഴി, ഒരു മണ്ടൻ ദൈവത്തിന്റെ മൂരാച്ചി ശിങ്കിടിയല്ലാതിരുന്നതിനാൽ ഒടുവിൽ അവളെ രക്ഷിക്കാൻ 'മൃഗസംരക്ഷണ കം അനിമൽ റൈറ്റ്' കലാകാരന്മാർ തന്നെ വേണ്ടി വന്നു. പാണ്ടു പിടിച്ച മനുഷ്യരെപ്പറ്റി ചർച്ച വന്നപ്പോൾ ഹ്യൂമൻറൈറ്റുകാരും, അനിമൽ റൈറ്റുകാരും തമ്മിൽ തല്ലുപിടിച്ചു. ഒടുവിൽ അമ്പലക്കമ്മറ്റിക്കാർ ഇടപെട്ട് ഇരുവരേയും ശാന്തരാക്കി സമാധാനചർച്ചയ്ക്ക് വിളിച്ചിരുത്തി. ഇരുപക്ഷവും കമ്മറ്റിക്കാരും നാട്ടുകാരും കൂടിയാലോചിച്ച് പ്രശ്നപരിഹാരമാർഗ്ഗങ്ങൾ തിരഞ്ഞു. പൊട്ടാസ്യം ഡൈക്രോമേറ്റും അക്രിലിക് പെയിന്റുമൊന്നും ആർക്കും സ്വീകാര്യമായില്ല. "എങ്കിൽപ്പിന്നെ എല്ലാവർക്കും വട്ടം കൂടിയിരുന്ന് മുറുക്കിത്തുപ്പാം" എന്ന് പറഞ്ഞ് അറുബോറനായ ഒരു 'യുക്തിവാദി' പൊട്ടിച്ചിരിച്ചു.

മഴയെപ്പറ്റിയും, വരണ്ട മണ്ണിനെപ്പറ്റിയും, പ്രളയത്തെപ്പറ്റിയുമൊക്കെ വിശ്വാസികൾ അപ്പോൾ അടക്കം പറഞ്ഞു. മുറുക്കാൻ ചെല്ലത്തിൽ വീണ് സ്വയം ചോരതുപ്പി മരിച്ച അപ്പൂപ്പൻ മഞ്ഞളിന്റെ കഥ ബാക്കിപത്രമായി ഒരാൾ പറഞ്ഞു.

എല്ലാവർക്കും എന്തൊക്കെയോ പിടികിട്ടിയെന്ന് ഒരഭ്യൂഹം, പെട്ടെന്നുതന്നെ അവിടെ പരന്നതിനാൽ അപ്രകാരമൊരു തീരുമാനത്തിന്മേൽ ആ യോഗം അന്ന് താത്കാലികമായി പിരിഞ്ഞു. പിറ്റേന്ന്, സന്ധ്യയ്ക്ക് ഭഗവതി സപരിവാരം ആറാട്ടു കഴിഞ്ഞുവന്ന് മുമ്പിലെ മണ്ഡപത്തിൽ ആസനസ്ഥയായി. കലിതുള്ളി വന്ന വെളിച്ചപ്പാട് തളം കെട്ടിനിന്ന നാടകീയതക്കൊത്ത് മൾട്ടികളർ പേൾപെറ്റ് പാവയെ സ്ലോമോഷനിൽ ബലിപീഠത്തിലേക്ക് ആനയിച്ചു കൊണ്ടു വന്നു. പിന്നെയെല്ലാം പഴയതു പോലെ തന്നെയായിരുന്നു. കൃത്യം ഒറ്റ വെട്ട്!

ബലിപീഠം നനയാൻ തുടങ്ങിയപ്പോൾ റിമോട്ട് സെൻസറിങ് കോഴിത്തല അന്ത്യശ്വാസത്തിന്റെ ബാക്ക്ഗ്രൗണ്ട് മ്യൂസിക്കിൽ ചടുലനൃത്തം ചവിട്ടി. മഞ്ഞൾപ്പൊടിയിൽ തീർത്ത ചുവചുവന്ന ചുണ്ണാമ്പു നിണത്താൽ ഭഗവതി ആനന്ദത്തിലാറാടി. ചുടുചോരയുടെ സ്വാദും സുഗന്ധവും ഭഗവതിയെ പ്രസാദിപ്പിച്ചു. ആനന്ദത്താൽ പ്രസന്നമായ മുഖത്തിൽ അഭയവരദമുദ്രകൾ എക്സ്പോസ് ചെയ്ത്, നിറഞ്ഞ ചിരിയോടെ ഭഗവതി അരുൾ ചെയ്തു.
"സുഖിനോ ഭവന്തു....!"

അനുഭവങ്ങളുടെ മധുരസ്വപ്നങ്ങളെ പ്രതീക്ഷിച്ചുകൊണ്ട് ഭഗവതി ശ്രീകോവിലിനകത്ത് പള്ളിയുറക്കം തുടങ്ങി. നാളത്തെ പ്രതീക്ഷയുടെ ദീപങ്ങൾ സ്വഗൃഹങ്ങളിലേക്ക് പടർത്തിയെടുത്തുകൊണ്ട് മതിൽക്കകം പതുക്കെ നിശബ്ദമാകാൻ തുടങ്ങി. അങ്ങനെ ശുദ്ധികലശപുനരുദ്ധാരണ മഹോത്സവത്തിന്റെ വാലിഡിക്ടറി ഫങ്ഷൻ ശുഭപര്യവസായിയായി.

പഴയ ആ അപ്പൂപ്പന്റെ മഹത്വം പിന്നെയും കുറച്ചുനാൾ കവലയിലും കടൽക്കരയിടങ്ങളിലുമൊക്കെ ചുറ്റിക്കറങ്ങി നിന്നു. ഉത്സാഹക്കമ്മിറ്റി വൻവിജയത്തോടെ പിരിച്ചുവിട്ടതായി കേൾക്കാൻ കഴിഞ്ഞു. പ്രശ്നപരിഹാരം കണ്ടെത്തിയതിന്റെ ഉപകാരസ്മരണയിൽ, 'ശ്രീഭൂതനാഥവിലാസംനായർ ഹോട്ടലി'ൽ ചേർന്ന യോഗത്തിൽ വച്ച് അവർ കോഴിക്ക് ഒരു 'ചില്ലി സ്റ്റീം മസാല ബാത്ത്' ഓഫർ ചെയ്ത് സന്തോഷം ആഘോഷിച്ചു.

വിശ്വാസം :
സന്ദേഹികളുടെ അനശ്വരമായ പാലം

നീമ ജി. കൃഷ്ണ,
III ബി.എസ്.സി. ജ്യോഗ്രഫി

# നമ്മുടെ തേജോമഹാലയം



കോളാമ്പി

രാമജന്മഭൂമിക്ക് ശേഷം നവയുഗത്തിൽ ഉറങ്ങുന്നവരെ ഉണർത്താനുള്ള പുതിയ അവതാരപ്പിറവി സംഭവിച്ചിരിക്കുകയാണ്. ഭാരതപാരമ്പര്യം കൈയ്യാളുന്ന അഭിനവവരേണ്യന്മാർ പുതിയ വരം നേടിയിരിക്കുകയാണ്. ഈ പതിറ്റാണ്ടിന്റെ തുടക്കത്തിൽ ലക്ഷ്മികാന്ത് വാജ്പേയി എന്ന മുതിർന്ന ഭാരതീയ സാംസ്കാരികിനാണ് ഉറക്കത്തിൽ ഇത്തരം ഒരു വെളിപാട് ദൈവം നേരിട്ട് നൽകിയത്. അതിൻ പ്രകാരം ഭാരതീയ വിനോദസഞ്ചാരവ്യവസായത്തിന്റെ ആണിക്കല്ല് കേവലമൊരു മാർബിൾസൗധമല്ല, മറിച്ച് ശിവന്റെ ലിംഗപ്രതിഷ്ഠയാണതിനുള്ളിൽ. ആ ലിംഗപ്രതിഷ്ഠ ബാബറോ ഹുമയൂണോ വിചാരിച്ചിട്ട് ഇളക്കാൻ കഴിഞ്ഞില്ലത്രേ ! തുടർന്നാണ് നമ്മുടെ നാട്ടിൽ മോശം കെട്ടിടം നിർമ്മിച്ച് ഖ്യാതി കേട്ട ഷാജഹാൻ അതിന്റെ പുറത്ത് ഇറാനിൽ നിന്നൊരു മേസ്തിരിയെ കൊണ്ടുവന്ന്, പ്രസവാധിക്യം കൊണ്ട് മരണപ്പെട്ട നിരവധി ഭാര്യമാരിൽ ഒരുവളുടെ ശരീരം അടക്കിയതത്രേ.

ആ ശവമഞ്ചത്തിനടിയിൽ ശിവലിംഗം വീർപ്പുമുട്ടിയിരിക്കുകയാണ് എന്നതാണ് ആ അരുളിപ്പാട്. അന്ന് നമ്മുടെ നാട്ടിൽ ബുദ്ധിയുള്ള ജനവിഭാഗം കുറവായതിനാൽ ലക്ഷ്മികാന്ത് വാജ്പേയി ആരാലും അറിയപ്പെടാതെ പോയി. ഇന്ന് സ്വയം അദ്ദേഹത്തിന്റെ ശിഷ്യനായി മാറിയ വിനയ് കത്യാർ ഇതിന്റെ പ്രചരണം ഏറ്റെടുത്തിരിക്കുകയാണ്. മാത്രമല്ല, ഇനിയും ഒട്ടേറെ കാര്യങ്ങളുടെ ഡി.എൻ.എ. ടെസ്റ്റ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുകയാണ്. മുമ്പ് രാമജന്മഭൂമിക്ക് കാരണം, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ആണ്. ഇന്നതിന് ഒട്ടേറെ കാരണങ്ങളുണ്ട്. ഇപ്പോഴത്തെ രാജ്യഭരണാധികാരികളുടേയും അവരുടെ പാർട്ടി നേതൃത്വത്തിന്റെയുംഅതിന് ആശയാടിത്തറ നൽകി മുന്നോട്ട് നയിക്കുന്ന നാഗ്പൂരാ സംഘത്തിന്റെയും ഇതരമനുഷ്യത്വം മാത്രമാണ്. കേടായ ഭക്ഷണം പോലും തങ്ങളുടെ ആടുകൾ കഴിക്കരുതെന്ന് നിർബന്ധമുള്ള അജപാലകന്മാർ കൂടിയാണിവർ.

ചില വ്യത്തികേടുകളെ ദൈവികമായി കണ്ട് ആരാധിക്കുന്ന ഭൂതകാലത്തിന്റ വക്താക്കൾ പൂർവ്വാധികം ശക്തി പ്രാപിക്കുകയാണ്. അവിശ്വസനീയമായ കള്ളപ്രചരണം കൊണ്ട് അവർ യുക്തിയെ പ്രതിരോധിക്കുകയാണ്. തലച്ചോർ കള്ളം പറയാത്തിടത്തോളം നമുക്ക് പ്രതിരോധിക്കാം. എന്നാൽ, തലച്ചോറിനെ അവർ തന്നെ സൃഷ്ടിക്കുകയാണെങ്കിലോ...!

രാഷ്ട്രീയം :

## കറുത്ത തേര്, കറുത്ത രാജാവിനെ വെട്ടിവീഴ്ത്തുന്ന ചതുരംഗം

പൂജ എം
I എം.എ. ഇംഗ്ലീഷ്

# ദൂരം

കാർത്തിക
I ബി. എ. ഫിലോസഫി.



ദൂരം എന്നാൽ എന്താണ്.

ഭൂമിയും ഭൂമികയും തമ്മിലുള്ള ദൂരം
ഭൂമിയും ഞാനും തമ്മിലുള്ള ദൂരം.

ജാതിയും മതവും തമ്മിലുള്ള ദൂരം
മതത്തിൽ നിന്നും ജാതിയിലേക്കുള്ള ദൂരം.

വർഗവും വർഗീയതയും തമ്മിലുള്ള ദൂരം.

വർഗീയതയിൽ നിന്ന്
വർഗത്തിലേക്കുള്ള ദൂരം

ഈ ദൂരങ്ങൾ കാണാനുള്ള

മനസ്സിന്റെ ദൂരം.

ആ ദൂരമില്ലെങ്കിൽ ഞാൻ ഇല്ല

അതാണ് ദൂരം.

എന്റെ ദൂരം.

!

മനുഷ്യൻ :
ചിന്തിക്കുകയും ചിന്തകളിലൂടെ ആശയങ്ങൾ രൂപീകരിക്കുകയും
ആ ആശയങ്ങളിൽ ജീവിക്കുകയും ചെയ്യുന്ന ജീവി

ആനന്ദ് സദാശിവൻ
III ബി. എ. ഫിലോസഫി

# SOLID

Dev Madhav S.D.
III B. A. English

An inevitable brink of choice
One which all shall behold
Yet most fail threefold,
And hope for a decision to rejoice

Steadfast we stand in unison
Brain and heart, hand in hand.
But soon we fall into oblivion,
Trailing the bandwagons brand.




'Loved' ones and 'close' ones,
The neighbours and strangers
Thrive on advisory wagers-
Making life a deliberate peen.

The mounting tension, temperature rising
In the midst of the sea and the devil,
We find ourselves crushing an uprising,
Of heartfelt dilemma and hapless travail.

Should we stand solid, we chart our own
Should we give in, we flow weather prone!

<u>മനുഷ്യൻ</u> :
ഞാൻ മനുഷ്യനെപ്പറ്റി ആലോചിച്ചു. ഒരെത്തും പിടിയും
കിട്ടാത്ത സംഗതിയായതുകൊണ്ട് ഞാനതു നിർത്തി

ശ്രീവിദ്യ വി
III ബി.എ. പൊളിറ്റിക്കൽ സയൻസ്



ആനന്ദ് സദാശിവൻ

III ബി. എ. ഫിലോസഫി

മാജിക്! ഇല്ലാത്തത് ഉണ്ടെന്നും, ഉള്ളത് ഇല്ലെന്നും ഒക്കെ തോന്നിപ്പിക്കുന്ന വിദ്യ. അതിനു നമ്മളെ പൂർണ്ണമായും വിശ്വസിപ്പിക്കാനുള്ള കഴിവ് ഉണ്ട്. നമ്മുടെയൊക്കെ യുക്തിക്ക് നിരക്കാത്ത ഒരു മാജിക് ട്രിക്ക് പോലും നമ്മൾ അമ്പരപ്പോടെയാകും കാണുക. ഒരു മാജിക്ട്രിക്കിന്റെ മികവ് അത് എത്രത്തോളം വിശ്വാസ്യതയോടെ അവതരിപ്പിച്ചു എന്നതിനെ ആശ്രയിച്ചിരിക്കും. അങ്ങനെയെങ്കിൽ ലോകത്തിലെ ഏറ്റവും മികച്ച മാജിക്ഷോ നമ്മുടെ ജീവിതമാണ്, ഏറ്റവും മികച്ച മജീഷ്യൻ നമ്മുടെ മനസ്സും. ഇതിനു ഏറ്റവും നല്ല ഉദാഹരണം,രാവിലെ ശീലിച്ചതിന്നും നേരത്തെ എഴുന്നേൽക്കാൻ ശ്രമിക്കുന്ന അവസരം ആണ്. അലാറം അടിക്കുമ്പോൾ പയ്യെ കണ്ണു തുറന്ന് സമയം നോക്കി, ആ നിമിഷം ചാടി എഴുന്നേറ്റില്ലെങ്കിൽ പിന്നെ നടക്കാൻ പോകുന്നത് മനസ്സിന്റെ കളിയാണ്. എഴുന്നേൽക്കാൻ നോക്കുമ്പോൾ എഴുന്നേൽക്കാതിരിക്കാൻ വളരെ കൺവിൻസിങ് എന്ന് തോന്നിപ്പിക്കുന്ന കാരണങ്ങൾ നിരത്തും, അവയെ അവഗണിക്കാൻ ശ്രമിച്ചാൽ കാര്യകാരണങ്ങളുടെ ഒരു കുത്തൊഴുക്ക് തന്നെ ഉണ്ടാവാം. അവസാനം മനസിന് വഴങ്ങി കുറച്ചു സമയം കൂടി ഉറങ്ങാമെന്ന് വെച്ചാൽ പിന്നെ എഴുന്നേൽക്കുന്നത് എല്ലാ ഉറക്കവും തീർന്നതിനു ശേഷം. ഉറങ്ങി എഴുന്നേറ്റ്, ഉറങ്ങാൻ മനസ്സ് നിരത്തിയ കാരണങ്ങൾ ഒന്ന് പരിശോധിച്ചാൽ അതിലൊന്നും ഒരു യുക്തിയും കാണില്ല. പോരാത്തതിന്, അധികം ഉറങ്ങിയ ഉറക്കത്തിനു കുറച്ചു കുറ്റബോധവും മനസ്സു തന്നെ തരും. ഈ ഉദാഹരണം മനസിന്റെ ഏറ്റവും കുറഞ്ഞ ഒരു മാജിക്ട്രിക്ക് ആണ്. കുറച്ചൊന്നു ചിന്തിച്ചാൽ മനസിന്റെ കളിയാണെന്ന് കണ്ടു പിടിക്കാം. എന്നാൽ നിങ്ങളുടെ നിത്യജീവിതത്തിൽ മനസ് മികച്ച ട്രിക്കുകൾ കാഴ്ചവെക്കുന്നു. മാജിക് ആണെന്നു പോലും അറിയാതെ നാം അതിൽ പെടുന്നു. ഭാവിയെ കുറിച്ചുള്ള പേടിയും, മറ്റുള്ളവരുടെ അഭിപ്രായത്തെ ഓർത്തുള്ള ആശങ്കയും, മറ്റൊരാളോട് തോന്നുന്ന വെറുപ്പും, മാത്രമല്ല അഭിമാനബോധവും, അഹങ്കാരവും ഒക്കെ മനസ്സിന്റെ ഇന്ദ്രജാലങ്ങൾ ആകുന്നു. മനസ് തീർക്കുന്ന മരീചികയും, ഉണ്മയും തമ്മിൽ വേർതിരിച്ചറിയൽ വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. എന്തെങ്കിലും ഒന്നിന് 'അതിനെ' അറിയുക എന്നത് വളരെ കഠിനമായ ഒരു പ്രവൃത്തിയാണ്. കണ്ണ് കൊണ്ട് കണ്ണിനെ അറിയാൻ പറ്റാത്തത് പോലെ നമുക്ക് നമ്മെ, നമ്മുടെ മനസ്സും അതിലെ ചിന്തയും കരുതുന്നിടത്തോളം അതിനെ അറിയാൻ കഴിയില്ല, അതിന്റെമാജിക്ട്രിക്കുകൾ നമുക്ക് അദൃശ്യവുമായിരിക്കും. ഞാൻ മനസ് അല്ല എന്നും, ഞാൻ ചിന്ത അല്ല എന്നും, പകരം അവ "എന്റെ" മനസ്സും "എന്റെ" ചിന്തയുമാണെന്നും തിരിച്ചറിഞ്ഞാൽ, മനസിന്റെ മാജിക് ട്രിക്കുകളുടെ ഇര എന്ന നിലയിൽ നിന്നും നിങ്ങൾ ജീവിതം എന്ന മാജിക് ഷോ ആസ്വദിക്കുന്ന ഒരു കാണിയായി മാറും. ജീവിതത്തിലെ സുഖദുഃഖങ്ങളും, ഭയവും വെറുപ്പുംനിരാശയും എല്ലാം ആസ്വാദ്യകരവും നിയന്ത്രണവിധേയവും ആകും.

Faith:
That which gives you questions and no answer
Pooja M
I M.A. English


# പലായനം

രേവതി പി.എസ്
II ബി.എ. ഹിസ്റ്ററി

ദൈവമേ നീയിതു കാണുന്നുണ്ടോ
നിന്നെ പെറ്റുപോറ്റിയ മതങ്ങൾ
നിർമ്മിച്ച കാഞ്ചനക്കൂട്ടിലെ
സ്വാതന്ത്ര്യമറ്റ പറവകൾ ഞങ്ങൾ.

ജന്മനാട്ടിലെ വേരുകളറ്റപ്പോൾ
കൂട്ടം കൂട്ടമായി ദേശാടനത്തിനു
പോകാൻ വിധിക്കപ്പെട്ടൊരു
അഭയാർത്ഥികൾ ഞങ്ങൾ.

ഞങ്ങൾ മ്യാൻമറു പെറ്റ മക്കൾ.



എന്നിട്ടുമെന്തിനീ
കുരുതി കഴിപ്പിച്ച ചുടുരക്തത്തിൻ
മഷിയാലെ പുത്തൻ ചരിത്രം പടച്ചു.

ശാന്തിയും നന്മയും നട്ടു വളർത്തിയ
ബുദ്ധന്റെ പിന്മുറക്കാരു നിങ്ങൾ.

നിങ്ങൾ തൻ നാട്ടിലെ മാടപ്പിറാക്കൾതൻ
കൊക്കിലോ ബോംബിൻ കതിരൊളികൾ.

ദൈവമേ നീയിതു കാണുന്നുണ്ടോ
നിന്റെ മൂടിക്കെട്ടിയ കൺമുന്നിൽ യാചിപ്പൂ
ഞങ്ങളീപ്പാവം റോഹിൻഗ്യകൾ
(ദൈവമേ നീയൊരു ദൈവമായ് തീരുക)

!

രാഷ്ട്രീയം :
മനുഷ്യന്റെ കൂട്ടായ്മകൾ തമ്മിലുള്ള മത്സരമാണ് രാഷ്ട്രീയം
വിജിൻ വി
I ബി.എ. ഫിലോസഫി



# मुझे हक है

**Amala Thomas**
**III BA Hindi**

ख्वाब क्यों नहीं देखूँ मैं?
मुझे हक है, सपने देखने का।
क्यों इस समाज मेरी सपनों की
पंखों को बाँध रहे है?
इसी दुनिया की अजीब
परंपराओं के बंधन में।
मेरे मन में चाह है
उड़ने का, सपना देखने का, जीने का।
मुझे जीने की आज़ादी चाहिए।
तितलियाँ बारिश में भी उड़ती हैं।
मगर मेरे सपनों की उड़ान क्यों नामुमकिन है
मैं अपनी ज़िंदगी की हर लम्हों को
आज़ादी से जीना चाहती हूँ।
जब मेरी कोशिशों की पैर थक जायेंगे
तब सपनों की पंथ मंज़िल तक पहूँच जाऐंगो।
यही मेरी उम्मीद है,
जीने की वजह है।

Death :
I don't know why, think about death
while you are living
Vinu, II M.A. Psychology

എത്രയും പ്രിയപ്പെട്ട ബേപ്പൂർ സുൽത്താന്,

അങ്ങ്, അവിടെ പരലോകത്ത് രണ്ടേക്കർ സ്വന്തമാക്കി അവിടെ ഒരു വീടും പണിത് മുറ്റത്ത് പഞ്ചാര മണലും വിരിച്ച് അവിടെയുള്ള മാങ്കോസ്റ്റീൻ മരച്ചുവച്ചുവട്ടിൽ ഒരു ചാരുകസേരയിൽ ചാരിക്കിടന്ന് ഗ്രാമഫോണിൽ സോജാ-രാജകുമാരി കേൾക്കുകയാണോ? ഏറെ നാളായിട്ടുള്ള എന്റെ ആഗ്രഹമാണ് അങ്ങയോട് ചില കാര്യങ്ങൾ പങ്കുവെയ്-ക്കണമെന്ന്. അതിന്, എന്താണൊരു മാർഗ്ഗമെന്ന് ആലോചിച്ചിരിക്കുമ്പോഴാണ് എന്റെ മനസിൽ ആ മഹത്തായ ആശയം ഉദിച്ചുയർന്നത്. അങ്ങേക്കായി ഒരു കത്തെഴുതുക. പിന്നെ ഒട്ടും അമാന്തിച്ചില്ല. ഇതാ എഴുതിത്തുടങ്ങുകയായി...

എന്നാലും എന്റെ മാഷേ, എന്തിനാണ് ഞങ്ങൾ പാവം പെൺമക്കളെ ഒന്നടങ്കം വധിച്ചു കളയാൻ ഒറ്റക്കണ്ണൻ പോക്കറിലൂടെ അങ്ങ് പ്രഖ്യാപിച്ചത്. അങ്ങയുടെ ഈ ആഹ്വാനം കേട്ട് നമ്മുടെ അപ്പന്മാരെല്ലാം കൂടി പെൺമക്കളെ തട്ടിക്കളയാൻ തീരുമാനിച്ചിരുന്നെങ്കിലോ? ഹിറ്റ്ലർ ജൂതന്മാരെ ചെയ്ത പോലെ ഞങ്ങൾ പെൺമക്കളെയെല്ലാം കോൺസൺട്രേഷൻ ക്യാമ്പുകളിലടച്ച് വിഷവാതകം ശ്വസിപ്പിച്ച് കൊന്നിരുന്നെങ്കിൽ അതിനുത്തരവാദി അങ്ങായി മാറിയേനെ ! ആ നിരപരാധികളുടെ ജീവനു ഭവാൻ ഉത്തരം പറയേണ്ടി വന്നേനെ !

അല്ലാ, ഒരു ചെറിയ സംശയം ഈയുള്ളവൾക്കുണ്ട്. താങ്കൾ ഒരു സ്ത്രീ വിരോധിയാണോ? ഞങ്ങൾ സ്ത്രീ ജനങ്ങളോട് ചെറിയതോതിലെങ്കിലും വിദ്വേഷം അങ്ങേയ്ക്കുണ്ടായിരുന്നോ? താങ്കളുടെ പല കൃതികളിലും പെട്ടെന്ന് ആരും കാണാത്ത തരത്തിൽ ഒരു സ്ത്രീവിരുദ്ധത അന്തർലീനമായിരുന്നില്ലേ? " പെണ്ണുങ്ങളുടെ തലയ്ക്കുള്ളിൽ നിലാ വെളിച്ചമാണെന്ന്" അങ്ങ് പറഞ്ഞില്ലേ? മാത്രവുമല്ല "സുന്ദരമായ നുണയാകുന്നു സ്ത്രീ" എന്ന് ഭവാൻ മൊഴിഞ്ഞതിനു സാക്ഷികളുമുണ്ട്. ആയതിനാൽ ഇവയൊന്നും തന്നെ അങ്ങേയ്ക്ക് തള്ളിക്കളയാൻ സാധ്യമല്ല.

നർമ്മത്തിൽ പൊതിഞ്ഞ് അങ്ങ് ഈ സ്ത്രീവിദ്വേഷം അവതരിപ്പിക്കുമ്പോൾ ഞങ്ങളെല്ലാം ആദ്യമത് ചിരിച്ച് തള്ളുന്നു. പിന്നീടല്ലേ ആ ചിരിക്കുള്ളിലെ മഹാരഹസ്യത്തെ തിരിച്ചറിഞ്ഞത്. ഇത്തരത്തിൽ ഞങ്ങളുടെ ഹൃദയത്തെ കീറിമുറിക്കാൻ മാത്രം പെൺവർഗ്ഗം ഭവാനോട് എന്തപരാധമാണ് ചെയ്തത്?

"സ്ത്രീ വെറും ഒരു വയറാണ്. അവൾക്ക് ഹൃദയവുമില്ല, തലച്ചോറുമില്ല", "ഭർത്താക്കന്മാർ ഭാര്യമാരുടെ മുടിക്കു കുത്തിപ്പിടിച്ചു പള്ളയ്ക്കു നിർലോഭം ഇടിക്കേണ്ടതാകുന്നു", ഇത്തരത്തിലുള്ള ഭീകരവും ആക്രമണോത്സുകവുമായ പ്രസ്താവനകൾ നിഷ്കളങ്കരായ മഹിളാജനത്തിനു നേരെ പ്രസ്താവിക്കാൻ അങ്ങേയ്ക്കു എങ്ങനെ മനസ്സു വന്നു?

അങ്ങയുടെ ഹൃദയം കല്ലായി മാറിയോ? ഞങ്ങളുടെ ജീവനും അന്തസ്സിനും അവകാശങ്ങൾക്കും ഇവിടെ ഒരു വിലയുമില്ല എന്നാണോ അങ്ങു പറയുന്നത്? ഭാര്യ ഒന്നു തറപ്പിച്ചു നോക്കിയാൽ അത് ചുട്ടനോട്ടമാകുന്നു. അത് പാടില്ലാത്തതുമാകുന്നു. എന്നാൽ ഭർത്താവിന് അവളെ തല്ലിച്ചതയ്ക്കാം, അപമാനിക്കാം. ഇത് കൊടിയ അനീതിയാണ്.

അക്കാലത്ത് വനിതാസംഘടനകൾ ശക്തി പ്രാപിച്ചിട്ടില്ലാത്തത് ഭവാന്റെ ഭാഗ്യം. അല്ലായിരുന്നെങ്കിൽ അങ്ങയുടെ ഇത്തരം തെറ്റായ പ്രസ്താവനകൾക്കെതിരായി റാലികളും പ്രതിഷേധപരിപാടികളും സംഘടിപ്പിച്ചേനെ! വനിതാ കമ്മീഷൻ അങ്ങയുടെ പരാമർശങ്ങൾക്കെതിരെ കേസെടുത്തേനെ! എന്തുചെയ്യാം, അങ്ങ് ഞങ്ങൾക്കപ്രാപ്യമായ തലത്തിലിരുന്നുകൊണ്ട് വിശ്രമജീവിതം നയിക്കുകയല്ലേ.... ആയതിനാൽ മാത്രം ഇത്തവണത്തേക്ക് ഞങ്ങൾ ഭവാനോട് ക്ഷമിച്ചിരിക്കുന്നു.

ഇത്തരത്തിൽ ഒരു ചെറിയ രീതിയിലുള്ള വലിയ സ്ത്രീവിരോധം അങ്ങയിൽ നിലനിന്നിരുന്നെങ്കിലും, അങ്ങയുടെ നായികമാർ ഏറെക്കുറെയൊക്കെ ഭാഗ്യവതികളായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. അവരിൽ പലരുടേയും പ്രിയതമന്മാർ അവർക്കായി നീണ്ട കത്തുകൾ എഴുതിയിരുന്നല്ലോ. അനുരാഗത്തിന്റെ ദിനങ്ങളിലെ ദേവിക്കും പ്രേമലേഖനത്തിലെ സാറാമ്മയ്ക്കും ബാല്യകാലസഖിയിലെ സുഹറയ്ക്കും ജയിൽപ്പുള്ളിയുടെ ചിത്രത്തിലെ മറിയാമ്മയ്ക്കും ഒക്കെ വരികളിൽ ജീവൻ തുടിക്കുന്ന എഴുത്തുകൾ കിട്ടിയിരുന്നു. അവർ അവയൊക്കെ നെഞ്ചോടടക്കിപ്പിടിച്ച് വായിച്ചിരുന്നു. ഇന്ന് സാങ്കേതിക വിദ്യകൾ നമ്മുടെ പ്രിയപ്പെട്ടവരെ വിരൽത്തുമ്പിലേക്ക് കൊണ്ട് വന്നപ്പോൾ ഞങ്ങൾക്ക് നഷ്ടപ്പെട്ടത് ഭാഷയുടെ ആ പഴയ സൗന്ദര്യമായിരുന്നു. മനസ്സുകളെ തമ്മിൽ ഇണക്കിച്ചേർത്തിരുന്ന നോവിന്റെ സുഖമുള്ള കാത്തിരിപ്പുകളായിരുന്നു. ഭവാന്റെ നായികമാർ എഴുത്തുകളിലൂടെ ഹൃദയങ്ങൾ കൈമാറിയവരാണ്. അതൊക്കെ ഇന്ന് വെറും ഓർമ്മകൾ മാത്രം. അവരുടെ ഭാഗ്യവും ഞങ്ങളുടെ നഷ്ടവും ആ എഴുത്തുകളായിരുന്നു. അവയ്ക്കു വേണ്ടിയുള്ള കാത്തിരിപ്പുകളും അതിനിടയിലുള്ള മൗനങ്ങളുമായിരുന്നു.

ഭവാനു വേണ്ടിയുള്ള ഈ കത്തിലൂടെ ഞാൻ എന്റെ നഷ്ടബോധം വെടിയുകയാണ്. വാക്കുകളെക്കൊണ്ട് മൗനവും, മൗനത്തിലൂടെ വാക്കുകളും സൃഷ്ടിക്കുന്ന താങ്കളിലെ മാന്ത്രികൻ എനിക്കായ് കുറിക്കാൻ പോകുന്ന വരികൾക്കായി, അവയിലൊളിപ്പിക്കുന്ന മറുപടിക്കായ് കാത്തിരിക്കുന്നു.

എന്ന് അങ്ങയുടെ സ്വന്തം
വിഷാദ മോഹന മധുര കാവ്യം

(അജ്ഞാത കർതൃകം)

# EN MEMOIRE


Harishna M.U
III B.A. History

Time was cold and lifeless,
frozen in winter's despair.
And I stood lost, damp in heart
with memories losing its charm.

Nowhere to go, I walked forth, into the voids of mind
Seeking what I have lost.
Memory is a terrible privilage
Whereas oblivion is a blissful curse.
And no winter would ever chill,
as deep as a memory could.

I can see her now,
Smiling at me with a charm,
waiting on the other end
owning my memories.

She was the one to see me through
to find me back when I was lost,




and to tell me the facades matter no more.
I don't know her,
May never will.
But I do know there was love.
We walked together, side by side
Dreaming a journey to our dreams.
Blissful moments filled the heart
And it was spring and there was hope
But something happened,
which I do not know.
The stars have changed
and time stood still.
The sprouts of spring has lost
its life,
as she drifted apart,
with no words said.
I've wandered with bereft heart,
lost in the tides of time.
All in hope to see her smile,
know her heart and live the
dream, again.
There's not much time left
before the void takes me in.
But I have promises to keep
to be with you always.

**മരണം :**
മനുഷ്യൻ എത്തിച്ചേരുമെന്ന് ഉറപ്പുള്ള ഏക ലക്ഷ്യസ്ഥാനം
ഹരിപ്രിയ എ.എൽ
III ബി.എസ്.സി. കെമിസ്ട്രി

# മുഖമെഴുത്ത്

രമ കെ. ജെ.
മലയാളം ഗവേഷണം



വിരൽത്തുമ്പിൽ പകരുന്ന വികാരങ്ങൾ
കാണും മുമ്പ് വേർപിരിയുന്ന കമിതാക്കൾ
അനുദിനം മാറും മുഖചിത്രങ്ങൾ
ഉള്ളിലെ തിന്മ മറയും നന്മയുടെ പൊതിചിത്രങ്ങൾ
സത്യത്തിനും മിഥ്യയ്ക്കുമിടയിലെ
ലിംഗമാറ്റ ശസ്ത്രക്രിയകൾ.
കാവിയുടേയും പച്ചയുടേയും കൊമ്പ് കോർക്കലിൽ
വെള്ളയുടെ ഇഷ്ടം അറിയിക്കലും കുളം കലക്കലും.

രാവേറെയാകും വരെ നീളുന്ന
അനാട്ടമി ക്ലാസ്സുകളുടെ
തന്മയ സംപ്രേഷണങ്ങൾ.
ചിന്തകൾ ഒന്നെന്നു തോന്നുമ്പോൾ
ഉറ്റവരുടെ പങ്കുവെയ്ക്കലും
പിന്നെ ചിലരുടെ കെട്ടഴിക്കലും.
നാമെല്ലാം മുഖം മറയ്ക്കാൻ
പുസ്തകത്തിൽ പുഴുക്കളാകുന്നവർ

!

മനുഷ്യൻ :
ഇരുകാലി ഉരഗം

നീമ ജി കൃഷ്ണ,
III ബി.എസ്.സി. ജ്യോഗ്രഫി



# നീ പോയ് വരൂ...

സൂര്യഗായത്രി. എസ്.
I ബി. എ ഇംഗ്ലീഷ്

ശബ്ദം കുറുകുന്നു
വായന മുറുകുന്നു.
നീ പോയ് വരൂ,

പഠിക്കണം,

വയ്യ,
ഇപ്പോഴാവില്ല.
നീയാ കതക് തുറക്കരുത്
അകത്തേക്ക് കടക്കരുത്.
വായിക്കണം
ടീച്ചർ ക്ലാസ്സിൽ നിൽക്കുന്നു.
ഒന്നു പോകൂ
കവിതേ
ഇപ്പോൾ ഞാനെങ്ങനെ
നിന്നെ കടലാസ്സിലാക്കും?

നിഗൂഢതകൾ ഒളിപ്പിക്കാനൊരിടം

കല :
അപർണ. കെ.
II എം.എ. എക്കണോമിക്സ്

# 26 ഒക്ടോബർ 2017, ജനറൽ ലൈബ്രറി

കോളാമ്പി

അസ്വസ്ഥരായ് ഞങ്ങൾ നടക്കുകയാണ്...

ഒക്ടോബറിൽ അപൂർവ്വമെങ്കിലും ചൂടുള്ള ഒരു പകൽ.

തലച്ചോർ ശൂന്യം. ചിന്തകൾ അവ്യക്തം.

2016 – 17 കോളേജ് മാഗസിൻ പറയേണ്ടത് എന്താണ്?

വെയിലും ചിന്തയും കനത്തപ്പോഴാണ് മഹാഗണിമരത്തിന് ചുവട്ടിൽ ഒറ്റക്കിരിക്കുന്ന വാൾട്ടറെ കണ്ടത്.

അദ്ദേഹവും അസ്വസ്ഥനാണ്.

മുന്നോട്ട് നടന്നപ്പോൾ ഇടനാഴിയിൽ നിന്ന് ഹിരൺ പുഞ്ചിരിച്ചു. പുതിയ ഏതോ കവിത ജനിച്ചിരിക്കണം.

മുത്തശ്ശിമാവിൻചുവട്ടിൽ വിനയചന്ദ്രൻമാഷും രാജശേഖരനും റോബിൻ ഡിക്രൂസും സാഹിത്യചർച്ചയിലാണ്.

പക്ഷെ പൊളിറ്റിക്കൽ സയൻസിന്റെ വരാന്തയിലിരുന്ന് റോബിൻസൺ ചിന്തിച്ചത് സമൂഹത്തെപ്പറ്റിയായിരുന്നു.

അപ്പോഴാണറിഞ്ഞത് നരേന്ദ്രപ്രസാദും മഹേഷും സെന്ററിഹാളിൽ നാടകത്തിന്റെ റിഹേഴ്സലിലാണെന്ന്.

വീണ്ടും മുന്നോട്ട് നടന്ന ഞങ്ങൾ ജനറൽ ലൈബ്രറിയിലെ പൊടിപിടിച്ച ഷെൽഫിൽ കണ്ടെത്തിയതും ഇവരെത്തന്നെയാണ്.

ഇനി നമ്മുടെ ഈ മാഗസിനിൽ '70കളും '80കളും പുനർജ്ജനിക്കുന്നു.

**"മരിച്ചു പോയ ഇന്നലെകളെ ഓർക്കാതെ ഇന്നിന്റെ കുത്തിനു പിടിക്കുക..."** എന്ന് പറഞ്ഞ പ്രൊഫ. നരേന്ദ്രപ്രസാദിനെ ഉൾക്കൊണ്ടുകൊണ്ടുതന്നെ യൂണിവേഴ്സിറ്റി കോളേജിന്റെ ഭൂതകാലം ഇന്നത്തെ വിദ്യാർത്ഥികൾക്കു മുന്നിൽ തുറന്നു കാണിക്കേണ്ടത് ഒരു അനിവാര്യതയാണ്. നമുക്കു മുന്നേ ജീവിച്ചിരുന്ന ഒരു കാലഘട്ടത്തിന്റെ അടയാളമാണിത്, അല്ലാതെ ഇതൊരു പാരമ്പര്യാഭിമാനമല്ല.

"കാലം ഗ്രസിച്ച തടവറക്കുള്ളിലെ
വെളിച്ചം കടക്കാത്ത ക്ലാസ്മുറികളിൽ
സ്വപ്നങ്ങൾ ചീയുന്ന ഗന്ധം പരക്കുന്നു"


*(ജി. ഹിരൺ, മഹായാത്ര– കോളേജ് മാഗസിൻ 1986)*

വിദ്യാർത്ഥിജീവിതത്തിന്റെ അപചയം ക്ലാസ്മുറിയിൽ തുടങ്ങുന്നു. ഇത് അന്നേ ഹിരൺ മനസ്സിലാക്കി. സെമസ്റ്റർ തോറുമുള്ള അറിവു ഛർദ്ദിക്കലും നിയതമായ അളവുകോലുകളും ചേർന്ന് വിദ്യാർത്ഥിയിലെ അവസാനമാനുഷികാംശത്തേയും ഊറ്റിയെടുത്ത്, യന്ത്രമായി അവരെ പരിണമിപ്പിക്കുന്നു. ഈ അപചയത്തിന്റെ പാരമ്യതയെ ഡി. വിനയചന്ദ്രൻ കുറിച്ചിടുന്നത് ഇങ്ങനെയാണ്.

"ഇപ്പോഴും
ഇടനാഴിയിൽ നാം ഇരുതലപ്പാമ്പാകുന്നു.
ക്ലാസ്മുറിയിൽ ഉച്ചയൂണിന്റെ ഉറക്കമാകുന്നു.
ജ്വരമൂർച്ചയിൽ സുഹൃത്തിനെ കൊന്ന്
കൊടിയും വിളിയുമാകുന്നു."

*(കോളേജ് കലണ്ടർ – കോളേജ് മാഗസിൻ 1982)*

വിദ്യാഭ്യാസത്തിലൂടെ നേടുന്ന ബിരുദത്തിന്റെ പൊള്ളത്തരവും ഭാരവും സുലേഖാബീഗത്തിന്റെ വരികളിൽ.



"ഇന്നു വരെ തോളുകൾക്ക് ഭാരം മാത്രം
നൽകിയിട്ടുള്ള ബിരുദം, അതൊരു പൊള്ളുന്ന
ധനമായി മാനം മുട്ടെ വളർന്നുനിൽക്കുന്ന
ചോദ്യചിഹ്നമായി അവശേഷിക്കുന്നു.
രാത്രിയുറക്കത്തെ മേടച്ചൂടു പോലെ
അലോസരപ്പെടുത്തുന്നു."

*(ഒറ്റയാന്റെ രോദനം – കോളേജ് മാഗസിൻ 1977–78)*

"നമ്മുടെ പാഠപുസ്തകങ്ങളിൽ രാജാക്കന്മാർ പഴയ
പ്രൗഢിയിൽത്തന്നെ ജീവിക്കുന്നു. അവരെ ഛർദിച്ച് ഛർദിച്ച്
അധ്യാപകൻ പെൻഷൻ പറ്റുന്നു. അകത്തേക്കു വരുന്ന കുട്ടികൾ
കൊമ്പും വാലും കിളുർത്ത് പുറത്തേക്ക് പോകുന്നു.
പുതിയ രാജാക്കന്മാർക്ക് വെപ്പാട്ടികളും കണക്കപ്പിള്ളമാരും പെരുകുന്നു.
നമ്മുടെ ഈ രാജ്യവും മന്ത് പോലെ പെരുകുന്നു"

*( കോളേജ് മാഗസിൻ 1978–79)*

എന്ന് ഡി. വിനയചന്ദ്രൻ ചൂണ്ടിക്കാട്ടുമ്പോൾ വിദ്യാഭ്യാസത്തിലെ പുഴുക്കുത്തുകൾ ഗുരുതരമായ സാമൂഹികവിപത്തായി മാറുന്നത് നാം തിരിച്ചറിയണം. ഈ വിപത്തിന്റെ ഇരയായി വിദ്യാർത്ഥി മാറുമ്പോൾ അധ്യാപകർക്കും അതിലൊരു പങ്കുണ്ടെന്ന് തെളിയിക്കുകയാണ് പി.കെ. രാജശേഖരനും റോബിൻ ഡിക്രൂസും.

"വിദ്യാർത്ഥിയുടെ അജ്ഞത സമ്പൂർണ്ണമാണെന്ന് പരിഗണിച്ചുകൊണ്ട് അധ്യാപകൻ അതിലൂടെ സ്വന്തം അസ്തിത്വത്തെ ന്യായീകരിക്കുന്നു. വിദ്യാർത്ഥികളാകട്ടെ തങ്ങളുടെ അറിവില്ലായ്മ ആ അധ്യാപകന്റെ അസ്തിത്വത്തെ ന്യായീകരിക്കുന്നതായി അംഗീകരിക്കുന്നു. അറിവിന്റെ കുത്തകക്കാരൻ (Monopolist) എന്ന നില വിട്ട് അധ്യാപകൻ വിദ്യാർത്ഥികൾക്കിടയിലെ വിദ്യാർത്ഥി എന്ന നില സ്വീകരിച്ചേ പറ്റൂ. ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ ഇനിയും അവശേഷിച്ചിട്ടുള്ള രോഗബീജങ്ങളാണ് ഇതിന് കാരണം. യാന്ത്രികതയ്ക്ക് അടിമയാകുന്ന വിദ്യാർത്ഥി ഗുരുവിനേക്കാൾ വലിയൊരു യന്ത്രമാണ്."

*(നമ്മുടെ വിടിനെപ്പറ്റി അധമങ്ങളായ ചില വർത്തമാനങ്ങൾ – കോളേജ് മാഗസിൻ 1987)*

ഇത്തരത്തിൽ അധ്യാപകനും വിദ്യാർത്ഥിയും ഇരുധ്രുവങ്ങളിലായതിന്റെ വിലാപമാണ് എസ്. എൻ. ഭട്ടതിരിയുടെ കവിത.

"അധ്യാപകരുടെ ഭൂതകാലവും
ഞങ്ങൾ വിദ്യാർത്ഥികളുടെ ഭാവി കാലവും
തമ്മിലെന്തൊരന്തരം"

*(ഒൻപതര മുതൽ മൂന്നര വരെ – കോളേജ് മാഗസിൻ 1987)*

"വിവരമില്ലായ്മ നമ്മുടെ വിവരമായി മാറിയിരിക്കുന്നു. ഈ വിവരവുമായി പരീക്ഷകളിൽ നേടിയെടുക്കുന്ന ഒന്നാംക്ലാസുകൾക്ക് 'അറിവുമായി' പുലബന്ധം പോലുമില്ല. അതില്ലാതെ തന്നെ ഉയർന്ന ശതമാനത്തോടെ പരീക്ഷ പാസാവാൻ കഴിയുമെന്ന അക്കാദമിക് പരിതസ്ഥിതി തന്നെയാണ് നമ്മുടെ വിവരമില്ലായ്മയുടെ കാരണം."

*(നമ്മുടെ വിടിനെപ്പറ്റി അധമങ്ങളായ ചില വർത്തമാനങ്ങൾ – കോളേജ് മാഗസിൻ 1987)*



പണ്ഡിതമൂഢന്മാർ സൃഷ്ടിക്കുന്ന വിദ്യാഭ്യാസത്തെപ്പറ്റിയുള്ള തുറന്നെഴുത്താണിത്. യന്ത്രവൽക്കരണത്തിനിടയിൽ മനുഷ്യനു നിലനിൽപ്പില്ല എന്നതാണ് ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ സവിശേഷത. ഇവിടെ നാം അനുഭവിക്കുന്ന ശ്വാസം മുട്ടൽ 1987 – ൽ എസ്. എൻ. ഭട്ടതിരി വെളിപ്പെടുത്തുന്നതിങ്ങനെയാണ്.

"ഇത്,
ഞാൻ പാഠങ്ങൾ പഠിക്കുന്ന കലാലയത്തിന്റെ ഒരു ഭാഗം.
ഇവിടെ,
ചരിത്രം പോലീർപ്പമില്ലാത്ത ബുദ്ധികൾക്കിടയിൽ
ഞാനൊറ്റയാണ്
– – – – – – – – – – – – – – – – –
റാങ്കുകൾ ഛർദ്ദിക്കാൻ
തീറ്റകൊടുക്കുന്നവർക്ക്
ചോക്കുപൊടി പറ്റിയ
കറുത്ത ചിരി."

*(ഒൻപതര മുതൽ മൂന്നര വരെ – കോളേജ് മാഗസിൻ 1987)*

1987 – ൽ കോളേജിൽ നടന്ന വിദ്യാർത്ഥികളുടെ രാഷ്ട്രീയ ബോധത്തെപ്പറ്റിയുള്ള അവലോകനത്തിന്റെ ഫലം സൂചിപ്പിക്കുന്നത് രാഷ്ട്രീയ അപചയം തന്നെയാണ്. വിദ്യാർത്ഥിരാഷ്ട്രീയം സൈന്യവത്കരിക്കപ്പെടുന്നതായും (Regimentation) മുദ്രാവാക്യവത്കരിക്കപ്പെടുന്നതായും (Sloganisation) അവർ കണ്ടെത്തി. ഇന്നും ഇത് അനിഷേധ്യമായി തുടരുന്നു. കാലത്തിന് വന്നു ചേർന്ന രാഷ്ട്രീയ അപചയത്തെ എം. എ. റോബിൻസൺ അവതരിപ്പിക്കുന്നതിങ്ങനെയാണ്.

"പ്രാചീന ഭാരതീയ സംസ്കാരത്തിന്റെ വീരഗാഥകൾ പുതിയ ശ്രുതിയോടെ ആലപിച്ച് പുരാണപുരുഷന്മാരെ പുനപ്രതിഷ്ഠ നടത്താനുള്ള അഭിവാഞ്ച ഉയിർത്തെഴുന്നേറ്റിരിക്കുന്നു. പാരമ്പര്യത്തോടുള്ള നമ്മുടെ ബഹുമാനം ഉൾക്കൊള്ളേണ്ടത് അതിന്റെ സത്തയെ ആദരിച്ചാണ് അല്ലാതെ അതിന്റെ വികൃതമായ ആരാധനാരീതികളിലൂടെയല്ല. പ്രതിഷ്ഠകളുടെ ശൃംഖലകൾ തകർത്ത മനുഷ്യ സ്നേഹത്തിന്റെ അനുയായിയും വിപ്ലവകാരിയുമായിരുന്ന ശ്രീനാരായണനെത്തന്നെ വെറുമൊരു പ്രതിഷ്ഠയാക്കിയ ചരിത്രമാണ് നമുക്കുള്ളത്. നിത്യേന ദേശീയഗാനാലാപവും ദേശീയപതാകക്കുള്ള വന്ദനം അർപ്പിക്കലും ദേശീയചരിത്രത്തിന്റെ പൊയ്മുഖങ്ങളണിഞ്ഞ പൊങ്ങച്ചക്കഥകൾ പഠിപ്പിക്കുകയും ചെയ്യേണ്ടി വരുമ്പോൾ വ്യക്തിത്വം വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുന്നു."

*(അപഹൃതരുടെ അയനങ്ങൾ – കോളേജ് മാഗസിൻ 1977 – 78)*

ന്യായാധിപന്മാരുടെ കണ്ണുകളിൽ കാലം പീളകെട്ടിക്കിടന്ന അടിയന്തിരാവസ്ഥക്കു ശേഷം പുറത്തിറങ്ങിയ കോളേജ് മാഗസിനിലെ, ആനന്ദിന്റെ 'ബാദ്ഷാനാമ' എന്ന നോവലെറ്റിന്റെ നിരൂപണം ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയ അടയാളപ്പെടുത്തലായി മാറി.

"കൊള്ള ചൂഷണമാകുന്നതിന്റെ ഫലം ഒറ്റവെട്ടിന് മരിക്കുന്നവർ ഇഞ്ചിഞ്ചായി മരിക്കുകയാണെന്നാണ്. തന്റെ ചോരയ്ക്കു വേണ്ടി ദാഹിക്കുന്ന 'ഒരുകൂട്ടം സാമൂഹികവിരുദ്ധരുടെ' കയ്യിൽ നിന്നും നാടിനേയും നാട്ടുകാരേയും രക്ഷിക്കാൻ ബാദ്ഷായുടെ അറ്റകൈ

ജൈത്രയാത്ര മാത്രമായിരുന്നു. ജൈത്രയാത്രയുടെ ചലനം വൃത്താകൃതിയിലാണ്. ചരിത്രം വീണ്ടും ആവർത്തിക്കുന്നു. പുതിയ ബാദ്ഷാമാർ, പുതിയ ജൈത്രയാത്രകൾ. അങ്ങനെ ശ്മശാനങ്ങൾക്കുമിതെ ശ്മശാനങ്ങൾ ഉയരുന്നു."

*(എസ്. പത്മനാഭൻ, സ്പർശിക്കാതെ പൊള്ളുന്ന കനൽക്കട്ടകൾ– കോളേജ് മാഗസിൻ 1977–78)*

ഇന്ത്യൻ യുവത്വത്തിന്റെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ച് കുഞ്ഞുണ്ണിമാഷ് പറയുന്നു,

"വയസ്സന്മാർക്ക് വോട്ടു ചെയ്ത് വോട്ടു ചെയ്ത് വയസ്സന്മാരാകാൻ ശപിക്കപ്പെട്ട ഇന്ത്യൻ യുവാക്കൾ. ഇവിടെ വയറു നിറയാത്ത ചെറുപ്പക്കാരേ ഉള്ളൂ. വിശക്കുന്ന ചെറുപ്പക്കാരില്ല. അതിനാൽ ഇവിടെ പടിക്കൽ സമരം മാത്രമേ നടക്കൂ. വിപ്ലവം നടക്കില്ല."

*(കോളേജ് മാഗസിൻ 1978 – 79)*

1986 – ലെ കോളേജ് മാഗസിന്റെ എഡിറ്റോറിയലിൽ മഹേഷ്. ബി. വ്യക്തമാക്കിയതും യുവത്വം നേരിടുന്ന ഈ അസ്വസ്ഥത തന്നെയാണ്,

"ഇവിടെ എല്ലാറ്റിനും എന്ത് സംഭവിച്ചു എന്ന ചോദ്യവുമായി തെരുവിലിറങ്ങുന്ന ചെറുപ്പക്കാരനെ പിന്നെ ഒരിക്കലും ആരും കണ്ടെന്നു വരില്ല. ഇന്നത്തെ ചെറുപ്പക്കാരന് അറിവ്, വെളിച്ചത്തേക്കാളേറെ ഇരുട്ടാണെന്ന് പറയുമ്പോൾ ചരിത്രം നമുക്ക് മാപ്പുതരാതിരിക്കട്ടെ"

നമ്മുടെ കോളേജ് മാഗസിനുകൾ വിശാലവും വ്യത്യസ്തവുമായ ജീവിതവീക്ഷണങ്ങളാണ് മുന്നോട്ട് വെക്കുന്നത്. 1987 – ൽ മലയാളിയുടെ വർത്തമാനകാലത്തെക്കുറിച്ച് ഒ. വി. വിജയൻ പറയുന്നത് ഇപ്രകാരമാണ്,

"അവന്റെ പെണ്ണിന്റെ മുലകൾ അവളുടെ അമ്മൂമ്മയുടെ അമ്മൂമ്മയായ ഉണ്ണുനീലിയുടെ മുലകളെക്കാൾ ചെറിയവയാണ്. അവന്റെ സ്ഖലനങ്ങൾ അവന്റെ പൂർവ്വികനായ ആദിച്ചവർമ്മന്റെ സ്ഖലനങ്ങളെക്കാൾ ദൈർഘ്യം കുറഞ്ഞവയാണ്. അവന്റെ വ്യഞ്ജനങ്ങൾ മാർദ്ദവമില്ലാതാകുന്നതും സ്വരങ്ങൾ മൂഷികശബ്ദങ്ങളുമാണ്."

*(കോളേജ് മാഗസിൻ 1987)*

1977 – 78 കോളേജ് മാഗസിനിലെ 'ഇവിടെ ഈ ഉഷ്ണമേഖലയിൽ' എന്ന കവിത പറയുന്നതും ജീവിതത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളെക്കുറിച്ചാണ്.

"നമ്മുടെ ഉഷ്ണമേഖലകളിൽ നിന്നും
നമുക്കൊരു മിതശീതോഷ്ണമേഖലയിലേക്ക്
നിശ്ശബ്ദരായി നടന്നു പൊയ്ക്കൂടെ എന്ന്
ഒരു സുഹൃത്തിന്നെന്നോട് ചോദിച്ചു.

-----------------------------------

ഇല്ല സുഹൃത്തേ, ഉഷ്ണമേഖലകൾ നഷ്ടപ്പെട്ടാൽ
നമുക്ക് കൂട്ട് ശൈത്യമേഖലകൾ മാത്രമാണ്"

*(കെ.പി. ശശികുമാർ)*

നാം അകറ്റിനിർത്തുന്ന കലി എന്ന ദുഷ്ടകഥാപാത്രത്തിനും പറയാനുണ്ട് ചിലത്. ദന്തഗോപുരത്തിലിരുന്ന് ഉണ്ണായി വാര്യർ കെട്ടിച്ചമച്ച കഥയല്ല കലിചരിതം എന്ന് കലി കാലത്തോട് വിളിച്ചോതുന്നു.

**"കലി കൊണ്ട കലി അലറിക്കൊണ്ടിരുന്നു;**
**'ഇതനീതിയാണ്! ഇരുപതാം നൂറ്റാണ്ടിനുപോലും**
**അപരിചിതമാണ്! നിർത്തൂ! ഇതിവിടെ നിർത്തൂ!"**

*(ബി.വി. ശശികുമാർ, കലിചരിതം - കോളേജ് മാഗസിൻ 1977 - 78)*

നിങ്ങൾ ക്യാമ്പസിലേക്കും അവിടുന്ന് തിരിച്ചുമുള്ള KSRTC ബസ് യാത്രകളെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? പി.കെ. രാജശേഖരന്റെ 'എൻ - എട്ട്, എ - ആയിരത്തിത്തൊള്ളായിരത്തി അൻപത്തേഴ് എന്ന കഥയിൽ പറയുന്നത് ഈ രണ്ടു ബസ്സുകൾക്കിടയിലെ ജീവിതമാണ്.

**അല്ലെങ്കിലും,**
**"ജീവിതത്തിന് എന്തിനാണ് തെളിവുകളുടെ പിൻബലം"**

*(കോളേജ് മാഗസിൻ 1987)*

മാർക്സിന്റെയും എംഗൽസിന്റെയും വിപ്ലവത്തിനുള്ളിലെ 'കല' കണ്ടെത്തുന്ന ആഴത്തിലുള്ള പഠനമാണ് ജി.വി. അപ്പുക്കുട്ടൻ തയ്യാറാക്കിയ 'കലയും സാഹിത്യവും മാർക്സിസ്റ്റ് വീക്ഷണത്തിൽ ' എന്ന ലേഖനം.

**"സ്വന്തം വർഗസ്വഭാവത്തെ വിസ്മരിച്ച് കലാവിഷ്കാരം നടത്താൻ കഴിവുള്ള സാഹിത്യകാരന്മാർ പോലും വർഗാധിഷ്ഠിതമായ ഒരു സമൂഹത്തിൽ ഭരണവർഗ്ഗത്തിന്റെ ആസ്ഥാനഗായകരായി മാറുന്നു"**


*(കോളേജ് മാഗസിൻ 1978 - 79)*

മനുഷ്യനുള്ളിടത്തോളം കാലം പ്രസക്തമായ എഴുത്തുകളുടെ ശേഖരമാണ് '70കളിലെയും '80കളിലെയും യൂണിവേഴ്സിറ്റി കോളേജ് മാഗസിനുകൾ. ആരാലും വായിക്കപ്പെടാതെ പൊടിമൂടി കിടക്കേണ്ടവയല്ല ഇതൊന്നും. പ്രതിഭാശാലികളുടെ ഒരു തലമുറ ഇവിടെ ജീവിച്ചിരുന്നു എന്നതിന്റെ സാക്ഷ്യപത്രങ്ങളാണിതെല്ലാം. ജനറൽ ലൈബ്രറിയിൽ ഇവർ നിങ്ങളെ കാത്തിരിക്കുന്നു.

ചിന്തിക്കുക,


**"കോളേജിന്റെ പടിയിറങ്ങി, പരീക്ഷ താണ്ടി, നിരത്തു മുറിച്ചു കടന്ന് നഗരത്തിലേയ്ക്കും നാട്ടിൻപുറത്തേക്കും നമ്മൾ നഷ്ടപ്പെടുമ്പോൾ, ഇവിടെ നിന്ന് നാം എന്താണ് കൊണ്ടുപോകുന്നത്. നാം ഇവിടെ അവശേഷിപ്പിച്ചതെന്താണ്?"**

*(കോളേജ് മാഗസിൻ 1987)*



# ഞാനോ നീയോ

വീണ എം. ബി.
I ബി.എ. പൊളിറ്റിക്കൽ സയൻസ്



"ഇന്നലെ, രാത്രിയുടെ അന്ത്യയാമത്തിൽ
വാതിലിൽ മുട്ടുന്ന ശബ്ദം.
ഇതു പോലെ ഏതു വാതിലിലും
എപ്പോൾ വേണമെങ്കിലും
മുട്ടുന്ന ശബ്ദമുണ്ടാകാം........"

# كلية الجامعة

**Dr. E . Abdul Latheef**
Asst. Professor
Department of Arabic

يا دار معرفة المسمى جـــامعة — في صدر عاصمة الولاية كيرالا
بذر الـبذور بـأيدي راماوارما — قبل القـرون ونصفهـا بــهـمة
صــادي وآيـليام ترونال وهمـا — نجمان نيران أفق الجـامعـة
من نورها قد ضاء أفق العاصمة — مـنـارة تـنـيـر كـل ولايـة
كـم من ثـمـار يا حديقة جامعة — نضجت بحضنك وا ثمارا نـادرا
نبتا ثميرا مثل ك نارايانان — رئيسـنا السـابق بـلاد الهـنـد
قد كنت أمـا حاملا ومرضعا — لمجـاهـد الأحـرار ضد القهرة
قـاموا وقـادوا ثـم سـادوا الأمة — واستـأصلوا آثار كل سيطرة
يا جـامعـة تـروفـاندرام أنت التي — أصـل المـعـاهـد كـلـهـا في البلدة
مـا من معـاهد فاق فوقك موقفا — أم المعـاهـد لـيـس أيـة نـدة
إنـا نـعـز لأننـا فـي حـضـنـك — مـدرسـا وبـاحـثـا من ذرة
يا ربـنـا زدنـا عـلومـا نافـعا — ولمـن يـجـيئ وراءنا في الجامعة

د إ عبد اللطيف



# വിഭജിക്കപ്പെട്ട ദേശസ്നേഹം

എസ്. അനന്യഷാ
I ബി.എ. ഇംഗ്ലീഷ്

സഹോദരന്മാരായി ജീവിക്കേണ്ടവരെ പകയും വിദ്വേഷവും പഠിപ്പിക്കുന്നത് കാണണമെങ്കിൽ പഞ്ചാബിലെ ഗോതമ്പു പാടങ്ങളുടെ നടുവിൽ വിഭജനത്തിന്റെ ദുഃഖവും പേറി ദൃക്സാക്ഷിയായി നിൽക്കുന്ന വാഗാ അതിർത്തിയിലേക്ക് ഒരു യാത്ര പോയാൽ മതി. പഞ്ചാബിലെ ഏറ്റവും മനോഹരമായ ടൂറിസ്റ്റ് കേന്ദ്രം ഇന്ന് വാഗാ അതിർത്തിയാണ്. അതിർത്തി കാക്കുന്ന ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ രസകരവും മനോഹരവുമായ സൈനിക പരേഡ് കാണാനുള്ള ആവേശത്തോടെ എത്തുന്ന ആയിരങ്ങൾ. നമ്മുടെ ഭാഗത്ത് പരേഡിനു മുമ്പ് ഇന്ത്യൻ സംസ്കാരത്തിന്റെ ഭാവങ്ങൾ ഉൾക്കൊള്ളുന്ന നിരവധി കലാ പ്രകടനങ്ങൾ കാഴ്ചക്കാരെ ആവേശം കൊള്ളിക്കുന്നു. ശരീരത്തിൽ തേങ്ങ വെച്ച് വാളു കൊണ്ട് വെട്ടി ശരീരത്തിനു മുറിവേൽക്കാതെ പൊട്ടിക്കുന്നു. കൈ കൊണ്ട് ചില്ലടിച്ചുടയ്ക്കുന്നു. ശരീരത്തിലൂടെ വണ്ടി കയറ്റിയിറക്കുന്നു. പ്രകടനങ്ങളിൽ പിന്നിലെങ്കിലും പാകിസ്ഥാൻ സേനയും മോശമല്ല. അതിർത്തിക്കപ്പുറത്തേക്ക് നോക്കെത്താദൂരത്തോളം പടർന്നു കിടക്കുന്ന സ്വർണ്ണനിറമുള്ള ഗോതമ്പു പാടങ്ങൾ. അവിടവിടെ ചെറിയ കുടിലുകൾ. ഒരു കാലത്ത് നമ്മുടെ മണ്ണായിരുന്ന, നമ്മുടെ ഭാഗമായിരുന്ന ഇന്ന് പാകിസ്ഥാൻ എന്നറിയപ്പെടുന്ന രാജ്യം. നമ്മളും അവരും തമ്മിൽ എന്ത് വ്യത്യാസമാണ് ഉള്ളതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഒരു നെടുവീർപ്പോടെ, ദുഃഖത്തോടെ അതിർത്തിയിലേക്ക് നോക്കുമ്പോൾ വെറുപ്പിന്റേയും പകയുടേയും അഗ്നിജ്വാലകൾ ആളിക്കത്തുന്നത് കണ്ടു. "ഭാരത് മാതാ കീ ജയ്", "പാകിസ്ഥാൻ സിന്ദാബാദ്" തുടങ്ങിയ മുദ്രാവാക്യങ്ങൾ അപ്പുറവും ഇപ്പുറവും കാണികളായി ഇരിക്കുന്ന ദേശസ്നേഹികൾ തൊണ്ട പൊട്ടുമാറുച്ചത്തിൽ വിളിച്ചുകൂവുന്നു. എല്ലാവരും 'രാജ്യസ്നേഹി'കളാകുന്നു. നാമറിയാതെ ദേശസ്നേഹത്തിന് അതിർത്തി വരയ്ക്കുന്നു. അതിർത്തിക്കപ്പുറത്തെ എല്ലാവരും ശത്രുവാണ്. അവന്റെ നെഞ്ച് കീറിമുറിച്ചു വേണം മുദ്രാ-വാക്യങ്ങൾ കടന്നു പോകേണ്ടത്. മനോഹരമായ ഒരു ഗ്രാമം അങ്ങനെ യുദ്ധഭൂമിയായി മാറുന്നു. പരേഡ് തുടങ്ങിക്കഴിഞ്ഞാൽ കാണികളും കളിക്കാരും ആവേശത്തോടെ അക്രമാസക്തരാകുന്നു. അവിടെ സംസ്കാരത്തിന്റെ അതിർവരമ്പുകൾ ലംഘിക്കപ്പെടുന്നു. തെറികളെ വാഴ്ത്തുന്നു. കേട്ടറിഞ്ഞപ്പോൾ എന്നോട് തന്നെ വെറുപ്പു തോന്നി. രണ്ടു ചേരിയിലുള്ള മനുഷ്യരുടെ പകയും വെല്ലുവിളിയും. ദേശസ്നേഹത്തിന്റെ ഹിസ്റ്റീരിയ വെറുപ്പിന്റെ രൂപത്തിലേക്ക് കത്തിപ്പടരുകയാണ്. ഹാ... കഷ്ടം! അത്ര തന്നെ. സത്യാഗ്രഹമിരുന്നും സമരം നയിച്ചും നമുക്ക് നേടിത്തന്ന ആ ഇന്ത്യ ഇന്ന് എവിടെ?



# മരണം

വീണ എം. ബി.
I ബി.എ. പൊളിറ്റിക്കൽ സയൻസ്

എന്റെ കാഴ്ചപ്പാടിൽ മരണം...
ഉറക്കം വരാതെ ഉറങ്ങുന്നതായി ഭാവിക്കുന്നത്
മരണമാണ്.
വിശ്വാസവും പ്രതീക്ഷയും ഇല്ലാതാകുമ്പോൾ
മരണം.
പലരും പലരെയും മനസ്സിലാക്കാതെ പോകുമ്പോൾ
മരണം.
ചുണ്ടിലെ ചിരി മാഞ്ഞാൽ,
കണ്ണിലെ തിളക്കം ഒരു നിമിഷമെങ്കിലും അണഞ്ഞാൽ
അവിടെയും മരണം.
പ്രണയം വിരഹത്തിന് വഴിമാറുന്നതും
സൗഹൃദത്തിൽ ഒറ്റയാവുന്നതും
മരണമാണ്.
കടലാസിൽ പേനയുടെ ചലനവും
ബുദ്ധിയും,
ഒന്നിച്ചു വന്നില്ലെങ്കിൽ,
വട്ടത്തിനകത്ത് വലിയ ഒരു വട്ടം ഉണ്ടാകും.
അത് നമ്മെ മരണത്തിലേയ്ക്ക് നയിക്കുന്നു.
ചിന്തിക്കുന്ന ജനത
മനഃപൂർവം വലിച്ചെറിയപ്പെടുന്ന മരണം.
ശബ്ദമുയർത്തുന്ന
ഏകാന്തപഥികന്റെ പിന്നിൽ
മരണം.
അതു മാത്രമാണനശ്വരം.



Death : The Greatest Socialist !

Pooja. M
I M.A. English

# KAIKASI:
## A LAMP ABANDONED IN THE FOREST

Kaikasi V.S.
Asst. Professor
Department of English

Aha! There you are reading again-
Oh! This is that inauspicious time of the year
The lamp is lit, the dusk has settled
Sacred mantras from the temple fills the air
Are you reading or simply chanting?
Verses from the Adikavya.
Good! A pathway to the elusive heaven
Do you know that this was written by a thief !
Transformed for the better
One who was flickering amidst duty, faith and penalty
So you believe everything written as a shloka?
Where are our voices?
My voice?
My clan- the mighty demonic abode
Emotionally blackmailed by the father Sumali
“Kaikasi, my child, the future of our Rakshasa tribe is in your hands”
My wide eyed innocence urged him to proceed
“Marry Sage Visravas”
“Your children alone can save us”
I have not heard of women empowerment
Neither have I received a lecture on gender equality
Not heard terms like patriarchy--
I loved my father
The faint smell of ‘chamatha’
Failed to ignite my passion yet--
The clarion call of ‘puthridharma’ beckoned me
Caught in the snare of my charm
Lay the penance of Sage Visravas
Dedicated his wisdom in return to my passion
Like an ivy crushed by a mighty oak
The weight of his penance upon my frail self
A heap suffocated by an alien Aryan ethos
Motherhood in shackles
Three times it deified tradition
The fourth was incomprehensible
Condemned by the world as the mother--
The mother of Ravana
All this for you, O dear father
I live on like a lamp abandoned in the forest
Waiting to be filled with silence.
Don‘t close your book.
Give me a better story.



# ചതി

സുബിൻ എസ്.
II ബി.എ. മലയാളം



പെണ്ണ് ചതിക്കുമത്രേ; ശരിയാവണം.....

അമ്മ ഭക്ഷണം കഴിച്ചോ എന്ന് ചോദിച്ചപ്പോൾ, അമ്മയ്ക്ക് വിശപ്പില്ല എന്നു പറഞ്ഞ് പട്ടിണി കിടന്ന് എന്നെ ഊട്ടിയ അമ്മയാണ് ആദ്യം എന്നെ ചതിച്ചത്. കൂടെ കളിച്ചും വഴക്കടിച്ചും ഒപ്പമുണ്ടായിരുന്ന പെങ്ങൾ ഒടുവിലൊരു നാൾ മറ്റൊരാളുടെ കൈ പിടിച്ചു വീടിറങ്ങിയപ്പോൾ "എനിക്കൊരു വിഷമവും ഇല്ല ഏട്ടാ" എന്നു പറഞ്ഞ് എന്നെ പറ്റിക്കുകയായിരുന്നു. ആദ്യമായി അച്ഛനാവാൻ പോകുന്നു എന്നറിഞ്ഞ നിമിഷം ഞാൻ അതിരറ്റ് സന്തോഷിച്ചപ്പോൾ പ്രയാസങ്ങൾ മറച്ചുപിടിച്ച് എന്റെ മുമ്പിൽ പുഞ്ചിരിച്ച് കാണിച്ചവളും ചതിക്കുകയായിരുന്നു. പ്രസവവേദനയിൽ എന്റെ കൈയമർത്തിപ്പിടിച്ച്, "വിഷമിക്കല്ലേ" എന്നു പറഞ്ഞാശ്വസിപ്പിച്ചതും ഒരു ചതിയായിരുന്നു... ഇനിയും ആവർത്തിക്കും പെണ്ണിന്റെ ചതികൾ.

# खुश हूँ

Hitha Fathima
I BA Hindi


ज़िंदगी है छोटी, हर पल मैं खुश हूँ
काम में खुश हूँ, आराम में खुश हूँ
आज पनीर नहीं, दाल में ही खुश हूँ
आज कोई नाराज़ है, उसके इस अंदाज़ से ही खुश हूँ
जिसको देख नहीं. सकता, उसकी आवाज़ से ही खुश हूँ
जिसको पा नहीं सकता, उसको सोच कर ही खुश हूँ
बीता हुआ कल जा चुका है,
उसकी मीठी याद में ही खुश हूँ
आनेवाले कल का पता नहीं,
इंदज़ार में ही खुश हूँ
हँसता हुआ बीत रहा है पल, आज में ही खुश हूँ
ज़िंदगी है छोटी, हर पल मैं खुश हूँ
अगर दिल को छुआ, तो जवाब देना
वरना बिना जवाब के भी खुश हूँ।



Faith : Elixir of life !
Athulya T.P
II B.A. Political Science

# ചില യൂണിവേഴ്സിറ്റി അപാരതകൾ

കോളാമ്പി



ഒരു വിശ്വവിഖ്യാത റിസൽട്ടിന്റെ കഥ. മൂന്നാം സെമസ്റ്റർ റിസൽട്ട്, നോട്ടപ്പിശകോ അതോ അച്ചടിപ്പിശാചോ? സംഗതി കൂട്ടത്തോൽവി. തോറ്റവരിൽ ബുജികളും റാങ്കുകാരും. പിന്നെ പറയാനുണ്ടോ? സംഗതി പൊടിപൂരം. എന്തായാലും ഇൻഡിവിജ്വൽ റിസൽട്ട് വരുന്നത് വരെ കാക്കാമെന്ന് അവർ തീരുമാിച്ചു. ആദ്യത്തെ റിസൽട്ടിൽ തോറ്റവർ ഇൻഡിവിജ്വൽ റിസൽട്ടിൽ ജയിച്ച ചരിത്രമുണ്ടത്രേ..! ഒടുവിൽ കാത്തുകെട്ടിക്കിടന്ന് ഇൻഡിവിജ്വൽ റിസൽട്ട് വന്നപ്പോഴാണ് കൂടുതൽ രസം. തോറ്റു എന്ന് പറയ - പ്പെടുന്ന വിഷയത്തിലെ മാർക്കിന്റെ കോളം ശൂന്യം! പിള്ളേരു പഴയപിള്ളേരു വല്ലതുമാണോ? അവരെവിടെ അടങ്ങിയിരിക്കാൻ? നേരെ വച്ചുപിടിച്ചു, യൂണിവേഴ്സിറ്റിക്കു. അപ്പൊ കിട്ടിയ മറുപടിയാണ് ബഹുകേമം. "റിസൽട്ടിടേണ്ട സമയം (അതേതു സമയം?) ആയപ്പോൾ ഞങ്ങളിട്ടു. അതിനിടയ്ക്ക് എല്ലാവരുടെയും മാർക്ക് വന്നിട്ടുണ്ടോന്നൊക്കെ നോക്കാനെവിടെ സമയം?!" അന്തിച്ചു പോയ പിള്ളേർക്ക്, നടനടോനടന്ന് കാലു കുഴഞ്ഞ രണ്ടു ദിവസത്തിന് ശേഷം ലഭിച്ച മറുപടിയാണ് ഗംഭീരം "ആ... ഇന്നു രാത്രി വേണേൽ

ഒന്നു സൈറ്റിൽ കയറിനോക്കിക്കോ, ചിലപ്പം റിസൽട്ട് വരുവായിരിക്കും!" രാത്രിയുടെ ഏതോ ഒരു യാമത്തിൽ അങ്ങനെ റിസൽട്ട് വന്നു. റാങ്കുകാര് പിള്ളേരുടെ വീട്ടുകാർ പാളയം പള്ളിയിൽ കത്തിച്ച മെഴുകുതിരിക്ക് ഗുണം കിട്ടി. പിള്ളേരെല്ലാം പാസ്സായി. "സന്മനസ്സുള്ളവർക്ക് സമാധാനം". സംഭവബഹുലമായ മറ്റൊരു കഥയും ഇതു പോലാണ്. റിസൽട്ടു വന്നിട്ടുവേണം ഇംപ്രൂവ്മെന്റ് എഴുതി സെക്കന്റ് റാങ്ക് ഫസ്റ്റ് റാങ്കാക്കിയെടുക്കാൻ എന്ന് കിനാവുകണ്ടു കൊണ്ടിരുന്ന ഒരു പഠിപ്പിയുടെ മുന്നിലേക്ക് യൂണിവേഴ്സിറ്റി റിസൽട്ട് വരുന്നത് ഇടിവെട്ടേറ്റ പോലെ പാവം നിർന്നിമേഷയായി നിന്നു പോയി. രണ്ടു വിഷയത്തിന് തോറ്റത് ഒറ്റ മാർക്കിന്റെ വ്യത്യാസത്തിൽ. സങ്കടം ബോധിപ്പിക്കാൻ യൂണിവേഴ്സിറ്റിയിൽ ചെന്നപ്പോൾ കേട്ട അശരീരി "റീവാലുവേഷനു കൊടുക്കാൻ" കൈക്കൂലി കൊടുക്കാതെ ഈ "തിരുവന്തോരത്ത്" ഒന്നും സമരം ചെയ്ത് നേടിയെടുക്കാനൊക്കൂല്ലെന്ന് നല്ല ബോധ്യമുണ്ടായിരുന്ന ആ കുട്ടി, ഒടുവിൽ "എന്തരോ വരട്ട്" എന്ന് പറഞ്ഞ് രൂപാ അഞ്ഞൂറും മുടക്കി റീവാലുവേഷൻ നടത്തിച്ചു. "ദൃശ്യ"ത്തിലെ ട്വിസ്റ്റ് പോലെ രണ്ടാം വട്ടം വന്ന റിസൽട്ടിൽ പ്രസ്തുത കുട്ടിക്ക് ഫസ്റ്റ് ക്ലാസ്! ഇതെന്തുമറിമായം എന്നു നിങ്ങൾക്ക് തോന്നാം. പക്ഷെ ഇതാണ് ഇവിടുത്തെ നയം! മാർക്ക് കൂടിയാൽ പൈസ തിരിച്ചു കിട്ടാനുള്ള വകുപ്പുണ്ടോ? അതുമില്ല. ചുരുക്കത്തിൽ എഴുതി കിട്ടേണ്ട മാർക്ക് രൂപ 500 കൊടുത്തു മേടിക്കുക. "എന്റെ പപ്പനാവാ" എന്നു വിളിച്ചു പോയില്ലെങ്കിലേ അതിശയമുള്ളൂ. ഇപ്പറഞ്ഞതൊക്കെ ഒരു ഭൂലോകപ്രശസ്ത യൂണിവേഴ്സിറ്റിയുടെ അപ്രശസ്തമായ ചില തുണിയുടുക്കാത്ത സത്യങ്ങൾ മാത്രം. പേപ്പറു നോക്കിയ സാറിനെ അടുത്ത നോട്ടത്തീന്നു ബാൻ ചെയ്തോ ആവോ? ആർക്കറിയാം! എണ്ണിപ്പറയാൻ ഏറെയുണ്ടെങ്കിലും ഒരു കാര്യം കൂടി ചൂണ്ടിക്കാട്ടി നിർത്താം. യൂണിവേഴ്സിറ്റി ഓഫീസിലേക്ക് പോകുക എന്നു വച്ചാൽ ആ ഒരു ദിവസം ബഹു: യൂണിവേഴ്സിറ്റിക്ക് തീറെഴുതി കൊടുക്കുക എന്നാണർത്ഥം. വിശാലമായി പരന്നു കിടക്കുന്ന യൂണിവേഴ്സിറ്റിയുടെ തെക്ക് വടക്ക് നടന്നാൽ മാത്രമേ പോകുന്ന കാര്യം അതെന്തായാലും നടക്കൂ.... അക്ഷരാർത്ഥത്തിൽ എല്ലാം "നടത്തി"ത്തരും. എന്നാലും പണ്ട് റീവാല്യുവേഷന് കൊടുത്ത് കൊടുത്ത് ഒടുക്കം "പേപ്പറു കാണാനില്ല മക്കളേ", എന്ന് പറഞ്ഞ അവസ്ഥയെക്കാൾ പുരോഗമിച്ചിട്ടുണ്ട് നമ്മുടെ സ്വന്തം യൂണിവേഴ്സിറ്റി. 1937 – ൽ കേരളാ യൂണിവേഴ്സിറ്റി തുടങ്ങിയപ്പോൾ സാക്ഷാൽ ആൽബർട്ട് ഐൻസ്റ്റീനെ വൈസ് ചാൻസലറാക്കാൻ നമ്മുടെ രാജാവ് ശ്രമിച്ചിരുന്നത്രേ! എന്തായാലും കോളാമ്പിക്കിത്രയേ പറയാനുള്ളൂ... ഐൻസ്റ്റീനെ പപ്പനാവൻ കാത്തു !

രാഷ്ട്രീയം :
കുതികാൽ വെട്ടുന്ന കളരിപ്പയറ്റ്, ജനം കണ്ട് മടുത്ത പൊറാട്ട്കളി

ജുബിന ബീഗം
മലയാളം ഗവേഷണം

# വൺവേ പ്രണയം

സജിത്ത് എം. എസ്.
II ബി.എ. പൊളിറ്റിക്കൽ സയൻസ്

വൺവേ പ്രണയങ്ങളെല്ലാം ഒരു പോലെയാണ് !

ചിലത്,

വൈക്കോലിനടിയിൽ പഴുക്കാൻ വച്ച

മാമ്പഴം പോലെ

ദിവസവും പഴുത്തോ എന്ന്

പരിശോധിച്ചു കൊണ്ടിരിക്കണം !

ചിലത്,

പരീക്ഷയ്ക്കു വച്ച 'ബിറ്റു' പോലെയാണ്

ആരുമറിയാതെ സൂക്ഷിക്കേണ്ടത്

ആത്മാഭിമാനപ്രശ്നമാണ്.

ചിലത്,

ക്ലാസ്മുറിയിൽ മറന്നു വെച്ച

കുട പോലെയാണ്.

പിറ്റേന്നെത്തുമ്പോഴും വച്ചിടത്തുണ്ടാകുമെന്ന

പ്രതീക്ഷയിൽ ആശ്വസിക്കാനുള്ളത്.

ചിലതാകട്ടെ,

എഴുതിത്തീരാറായ നോട്ട്ബുക്ക് പോലെയാണ്

അത്യാവശ്യത്തിനെഴുതാൻ ഇത്തിരിയിടം

അവിടവിടെ കരുതിയിരിക്കും.

മിക്കവാറുമുള്ളത്



ചെവിവേദന പോലെയായിരിക്കും.

അനുഭവിക്കുന്നവർക്ക് മാത്രമേ

വേദനയാഴങ്ങൾ അറിയാൻ പറ്റൂ !

എന്നിരുന്നാലും,

കൊടുക്കാതെ മാറ്റിവെച്ച പ്രണയലേഖനങ്ങളാണ്

പ്രസിദ്ധീകരിക്കാതെ പോകുന്ന മഹാകാവ്യങ്ങൾ !

പറയുന്ന പ്രണയാഭ്യർത്ഥനകളാകട്ടെ

മാവിലെറിഞ്ഞ കല്ലു പോലെയാണ്!

രണ്ടാമതൊരേറിന്

വിദൂരസാധ്യത പോലുമില്ല.

നിരസിക്കപ്പെട്ട വൺവേ പ്രണയങ്ങളാകട്ടെ,

ഉപ്പു കൂടിയ കറി പോലെയാണ്.

അരുചി സഹിക്കയല്ലാതെ പോംവഴികളൊന്നുമില്ല.

പ്രധാനവസ്തുത,

പ്രണയപ്രകാശനത്തിനപ്പുറമുള്ള സൗഹൃദാഭിനയം

പ്രണയനഷ്ടത്തേക്കാൾ വലിയ പ്രാണവേദനയത്രേ !

ചുരുക്കത്തിൽ

വൺവേ പ്രണയങ്ങളെല്ലാം


ലോംഗ് സൈറ്റു പോലെയാണ്.

അരികിലുള്ള സ്നേഹമൊന്നും കാണാനാവില്ല.

NB : വൺവേ ലൗ ആരോഗ്യത്തിന് ഹാനികരം.

# தென்றல்

R S Baby Nandhini
II B A Tamil



கடலலை அரவணைத்து
தொட்டு தாலாட்டி
இதமாயி ஸலஸலச்சாய்
காற்று, தென்றல், பூங்காற்று
எத்தனை அடயாங்கல் உன்னுல்
இன்று நச்சு பொருட்கல்
தீண்டி சூறாவளி
அடயாளமாய் மண்ணுல்
பூங்காற்றாய் மணம் வீசி
தென்றலாய் பரவிநின்று
உயிருக்கு மூச்சாய்
உணற்வில் கலற்ந்து நின்று
வாயுபனித்த உன் தொடுதல்கல்
உயிரைக் கொல்லும் சுடுதல்களாய்
உருக்குலைந்து நிற்பநேன் தென்றலே
மாரி வரமாயா மனம் கொள்வாயா..

!

**വിശ്വാസം** :
അപൂർണമായ ഒരു ആശയമാണ് വിശ്വാസം
നബീൽ അഷ്റഫ്
III ബി.എ. എക്കണോമിക്സ്

# ചില ഇന്ത്യൻ വിശേഷങ്ങൾ

മുനീറ. എസ്.ജെ
III ബി.എസ്.സി. ബോട്ടണി

എത്രയും ബഹുമാനപ്പെട്ട ഭരണഘടനാശിൽപി അറിയുന്നതിന്,

ചില ഇന്ത്യൻ വിശേഷങ്ങൾ താങ്കളോട് പങ്കുവയ്ക്കാനാണ് ഈ കത്തെഴുതുന്നത്. കാലം മാറുമ്പോൾ കോലം മാറണം എന്ന പഴമക്കാരുടെ വാക്ക് പുലർന്നു. ഇന്ന് ആ മാറ്റം താങ്കളുടെ ഭരണഘടന വരെ എത്തിനിൽക്കുകയാണ്. 'മാറ്റം' അനിവാര്യതയായി കണ്ട ചിലർ അതിനു വേണ്ടി നന്നേ പ്രയത്നിക്കുന്നുണ്ട്. അതിന്റെ ആദ്യപടിയായിരുന്നു 'സ്ത്രീസംരക്ഷണം'. ആ സംരക്ഷണം അതിരു കവിഞ്ഞപ്പോൾ മഴക്കാറുകളുടെ ഇരുട്ടിനെ വരെ അവൾ ഭയക്കാൻ തുടങ്ങി.

**ക്ലാസ്മുറിയിൽ 'ഒരുവനു' മാത്രം മീശവെക്കാൻ പാടില്ല. സമൂഹത്തിനു മുന്നിൽ 'ആ ദമ്പതികളെ' അവർ ഉടുതുണിയില്ലാതെ നടത്തിച്ചു.**

ഇനി ഓരോ നിയമത്തിന്റെയും അഴിച്ചുപണിയാണ്. ഭാഗം III ആർട്ടിക്കിൾ 12-35 മൗലികാവകാശങ്ങളുടെ അഴിച്ചുപണിയായിരുന്നു രണ്ടാംപടി. അതിന്റെ ഫലമായി സ്വതന്ത്രമായി ചലിച്ചിരുന്ന തൂലികയുടെ വായ തുന്നിക്കെട്ടി അവർ വെടിയുതിർത്തു. ആ വെടിയൊച്ച കേട്ടിട്ടാകണം അധികം പേരും മൗനം ഭുജിച്ചിരിക്കുന്നു. ആർട്ടിക്കിൾ 19 നൽകുന്ന 'സ്വാതന്ത്ര്യത്തിന്റെ അവകാശ' ത്തിന്റേയും ആർട്ടിക്കിൾ 25-28ൽ പറയുന്ന 'മതസ്വാതന്ത്ര്യത്തിനുള്ള അവകാശ'ത്തിന്റേയും അഴിച്ചുപണി വളരെ ഊർജ്ജിതമായി നടക്കുന്ന മൂന്നാം ഘട്ടത്തിലാണ് ഇപ്പോൾ ഞങ്ങൾ ഉള്ളത്. ഈ ഘട്ടത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഓരോ കാര്യത്തിനും വളരെയേറെ പ്രസക്തി ഉണ്ടെങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ മാത്രം ഞാൻ സൂചിപ്പിക്കുന്നു. ക്ലാസ്മുറിയിൽ 'ഒരുവനു' മാത്രം മീശവെക്കാൻ പാടില്ല. സമൂഹത്തിനു മുന്നിൽ 'ആ ദമ്പതികളെ' അവർ ഉടുതുണിയില്ലാതെ നടത്തിച്ചു. പാഠശാലയിൽ 'അവൻ' പഠിക്കാനുഴപ്പനായതു കൊണ്ട് തന്റെ ജീവൻ വരെ ഉപേക്ഷിക്കേണ്ടി വന്നു. എന്തിനാണ് അവരെയിങ്ങനെ ചൂഷണം ചെയ്യുന്നത് എന്നതല്ലേ താങ്കളുടെ ചോദ്യം. ഞങ്ങൾക്കും അതേ ചോദ്യം തന്നെ. അതിനവർ തന്ന മറുപടി, 'അവനൊരു ദളിതനായിരുന്നു' എന്നതാണ്. സ്വതാത്പര്യാർത്ഥം മതം മാറിയ ഒരുവൾ താങ്കളുടെ നിയമത്തിനു മുന്നിൽ ഒരിക്കൽ ഹാജരായിരുന്നു. അന്ന് നിയമം പറഞ്ഞത് ഇരുപത്തിനാല് തികഞ്ഞിട്ടും പ്രായപൂർത്തി ആകാത്ത നിന്റെ വിവാഹം പോലും ദുർബലമാണെന്നാണ്. വീട്ടുകാരുടെ സംരക്ഷണത്തിൽ 'സ്വതന്ത്രയാക്കിയ' അവളെ പിന്നെ ഞങ്ങൾ കണ്ടെത്തിയത് ആ വീട്ടുകാരുടെ തന്നെ സംരക്ഷണയിലുള്ള അടച്ചിട്ട ഒരു മുറിക്കുള്ളിലായിരുന്നു. സത്യത്തിൽ അവൾ ചെയ്ത തെറ്റെന്താണ്? മതം മാറിയതോ അതോ വിവാഹം കഴിച്ചതോ? ഇഷ്ടഭക്ഷണം കഴിച്ചവന്റെ നെഞ്ചിലേക്ക് ആൾക്കൂട്ടത്തിന്റെ കഠാര താഴ്ന്നിറങ്ങി. പക്ഷേ, കഠാര തറച്ച ആ നെഞ്ചുകൾ പലതും നിരപരാധികളുടേതായിരുന്നു എന്ന് മാത്രം. ഒട്ടും പ്രതീക്ഷിക്കാതെ പൊടുന്നനേ സമൂഹമധ്യത്തിലേക്ക് കയറുന്ന ഈ ആൾക്കൂട്ടം തനിയേ ഉണ്ടാകുന്നതോ അതോ ആരെങ്കിലും ഉണ്ടാക്കുന്നതോ?

സ്വന്തം വീട്ടിൽ നിന്നും, നാട്ടിൽ നിന്നും ആട്ടിയിറക്കപ്പെട്ട ചിലർ അഭയം തേടി നമ്മുടെ ഈ ഇന്ത്യാമഹാരാജ്യത്ത് എത്തിയിരുന്നു. നിയമത്തിന്റെ പണിപ്പുരയിലായതു കൊണ്ട് ആ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ 'അവർക്ക്' കഴിയില്ലത്രേ. അതു കൊണ്ട്, അവരെ തിരികെ അയക്കുകയാണ്. പക്ഷേ മടക്കി അയയ്ക്കുമ്പോൾ വെറും കയ്യോടെയല്ല അവർ മടങ്ങിപ്പോവുന്നത്. ഒരു ഓമനപ്പേർ കൂടി കിട്ടിയിട്ടുണ്ട്- 'തീവ്രവാദികൾ'.

ചോര തളം കെട്ടി നിൽക്കുന്ന ഭൂമിക്കും ആർത്തലയ്ക്കുന്ന നിലവിളികൾ ഉയർന്നു പൊങ്ങിയ ആകാശത്തിനുമിടയിൽ താങ്കളുടെ മാത്രം ഭരണഘടനയെ ആത്മാർത്ഥമായി നെഞ്ചോട് ചേർത്തു കൊണ്ട് മനുഷ്യത്വത്തിന്റെ അടിവേര് ഇനിയും നശിച്ചിട്ടില്ലാത്ത മനസ്സും 'മാറ്റത്തിന്' വിധേയമാകാത്ത ശരീരവുമായി ഒരു കൂട്ടം പുതുനാമ്പുകൾ ഈ മരുഭൂമിയിൽ ഒരിക്കൽ കൂടി നീതി പുലർത്തുവാൻ ഉയർന്നിരിക്കുന്നു എന്ന് ഓർമ്മിപ്പിച്ചു കൊണ്ട് നിർത്തുന്നു.

എന്ന്
കോലം മാറിയ ഭരണകാലത്തെ ഒരു വ്യക്തി.

# ഉണ്ണിമധുരം പോലെ...

എൻ. എഫ്. റഹ്മാൻ
II എം. എ. അറബിക്



കിഴക്കുണർന്ന സൂര്യന് എന്നോടെന്തോ പറയാനുണ്ടായിരുന്നു. അസാധാരണമായെന്തോ സംഭവിക്കുമെന്നൊരു പ്രതീതി. ബ്രഷും വായിലിട്ട് അവനെത്തന്നെ നോക്കി നിന്നു. ഇന്നത്തെ ദിവസത്തിന് വല്യ പ്രത്യേകതകളൊന്നും ഉള്ളതായി പത്രങ്ങളൊന്നും പറഞ്ഞിരുന്നില്ല. വായിൽ നിറഞ്ഞ പതയും തുപ്പി കുളി ആരംഭിച്ചു. അന്നാദ്യത്തെകുളി എന്റേതായിരുന്നു. ഹോസ്റ്റൽ ജീവിതം തന്ന അനുഭവത്തിലെ ആദ്യപാഠവും അതായിരുന്നു.

**ഇന്നിവിടെ പലവിധ വിഭവങ്ങളുണ്ട്.**
**വിഭവങ്ങൾ മധുരമെങ്കിൽ**
**ഇരട്ടിമധുരം**
**മൊഞ്ചത്തിമാർക്കാണ്.**

പതിവു പോലെ ഇന്നും പുട്ടും ചായയും തന്നെ. "കറിയൊന്നുമില്ലേ....?' 'ചോദ്യങ്ങളുയർന്നു. ഇനിയിപ്പോ ചായയും കൂട്ടി അടിക്കാം."പഞ്ചസാര വേണോ?" ചേച്ചിയുടെ ചോദ്യം കേട്ട് ഞാൻ തിരിഞ്ഞു നിന്നു. സാധാരണ എനിക്കത് പതിവില്ലാത്തതാണ്. എങ്കിലും ലേശം പഞ്ചാരയാവാം എന്ന് കരുതി. അവസാന തരി പഞ്ചസാരയും അകത്താക്കി. ചായയ്ക്ക് മധുരം കുറവായിരുന്നു. ചുമ്മാതല്ല.

ഇന്നാണ് ജൂനിയേഴ്സ് പറഞ്ഞ 'Food Fest'. ഇന്നു തിന്നു മരിക്കും എന്നൊക്കെ പലരും പറയുന്നുണ്ടായിരുന്നു. ഗേറ്റ് കടന്നതും അങ്ങിങ്ങായി പന്തലും തോരണങ്ങളും, ഒരു കല്ല്യാണവീടു പോലെ. ഇന്നിവിടെ പലവിധ വിഭവങ്ങളുണ്ട്. വിഭവങ്ങൾ മധുരമെങ്കിൽ ഇരട്ടിമധുരം മൊഞ്ചത്തിമാർക്കാണ്. മൊഞ്ചത്തിമാരോഎന്ന് മലബാറിൽ നിന്ന് വന്ന കൂട്ടുകാരൻ. ഏറെക്കുറെ ഒപ്പിക്കാം എന്നായിരുന്നു മറ്റൊരുത്തൻ. ഡിപ്പാർട്ട്മെന്റിനു മുമ്പിലെ സ്റ്റാളിൽ പോപ്കോൺ കച്ചവടത്തിൽ കൂടി. കാഷ്യറായി അല്പ നേരം. കച്ചവടം തകൃതിയായിരുന്നു. അതിൽ കൂടുതലും അകത്താക്ക യത് ഞങ്ങൾ കച്ചവടക്കാർ തന്നെ. ശേഷം കറങ്ങലായിരുന്നു. പാക്കറ്റിലും കുപ്പിയിലും എന്നു വേണ്ട പല വിഭവങ്ങളുടേയും രുചിയറിഞ്ഞ് നടന്ന് നീങ്ങി. അങ്ങനെ കറങ്ങിത്തിരിഞ്ഞ് മറ്റൊരു സ്റ്റാളിനു മുമ്പിലെത്തി. തനിനാടൻ വിഭവങ്ങളാണ് കണ്ടത്. കപ്പലോടിക്കാനുള്ള വെള്ളം വായിൽ നിറയുന്നത് പോലെ. കേൾക്കാത്തതും കാണാത്തതുമായ ഒരുപാട് വിഭവങ്ങൾ. ഓരോന്നും കഴിച്ചിരിക്കെയാണ് കൊതിയൂറുന്ന മറ്റൊന്ന് കണ്ടത്. അടുക്കിവച്ച വിഭവങ്ങൾക്കരികെ അവയുടെ മേൽനോട്ടം വഹിക്കുന്ന വിൽപനക്കാരിയെ. അന്നായിരുന്നു സമാഗമം. കുട്ടികളാൽ നിറഞ്ഞ് നിന്ന ക്യാമ്പസ്, പെട്ടെന്ന് ശൂന്യതയിലേക്ക് എടുത്ത് ചാടിയ പോലെ. നുണക്കുഴിക്കവിളുള്ള അവളും പിന്നെ ഞാനും ഒറ്റപ്പെട്ടുപോയ പോലെ.
അല്ല, ഒറ്റയ്ക്കല്ല.

"പുറത്തുള്ളതിനേക്കാൾ വലിയ വിലയാണല്ലോ?" ചോദ്യം അവളെ ചൊടിപ്പിച്ചു. അവളെന്തോക്കെയോ പറയുന്നുണ്ടായിരുന്നു. എന്നാൽ എന്റെ ശ്രദ്ധ വാക്കുകളിലല്ലായിരുന്നു. ഇഴചേർന്നു നിൽക്കുന്ന സൂര്യകാന്തി പൂക്കൾക്കിടയിൽ ഒരു ചുമന്ന റോസാപ്പൂ. ആരുമീ വഴി വന്നു കാണില്ല. ആരുമതിനെനോവിച്ചിരിക്കില്ല. ആ മുഖത്തിൽ നിന്നു ഞാൻ കണ്ണെടുത്തില്ല. പുഞ്ചിരിയിൽ ചാലിച്ച അവളുടെ സംസാരം കാരണം പലഹാരമാണെങ്കിലും വാങ്ങാതിരിക്കാൻ കഴിഞ്ഞില്ല. 'ഉണ്ണിമധുരം' അവളെന്റെ കൈയിൽ വെച്ചതും കൂട്ടുകാരനത് തട്ടിയെടുത്തു. അവശേഷിച്ച ഒരു കഷണം ഞാനകത്താക്കി. കണക്കിൽപ്പെടാത്ത ഒരെണ്ണം കൂടി അവളെനിക്കുനൽകി. നേരത്തെകഴിച്ചതിനേക്കാൾ മധുരം ഇതിനായിരുന്നു. ഇന്നും ആ മധുരം എന്റെ നാവിലുണ്ട്. ഒപ്പം ഖൽബിലും. അവളുടെ കാൽവെപ്പുകളെ മനസ്സുകൊണ്ട് പിന്തുടർന്നിട്ടുണ്ട്. ആ നുണക്കുഴിയും പുഞ്ചിരിയും സ്വപ്നങ്ങളിൽ കടന്നു വരാറുണ്ട്. ഒരു പലഹാരമെന്നോണം അതിപ്പോഴും അനുഭവവേദ്യമാണ്. 'ഒരു ഉണ്ണിമധുരം പോലെ'.

# ചില പെണ്ണുങ്ങളുണ്ട്

സൂര്യഗായത്രി. എസ്. എ.
III ബി. എ. ഫിലോസഫി



ചില പെണ്ണുങ്ങളുണ്ട്
കാഴ്ചയെ
കവിതയാക്കുന്നവർ !
ചിറകരിഞ്ഞു ചേറിലെറിയുമ്പോൾ
ചിറകു തുന്നി
സ്വപ്നങ്ങളിലേക്കു ചേക്കേറുന്നവർ !
വിഴുപ്പുഭാണ്ഡം ചുമക്കാൻ കല്പിക്കുന്നോരോട്
ഉത്തരം മുട്ടിക്കുന്ന
ചോദ്യങ്ങൾ ചോദിച്ച് കുഴപ്പിക്കുന്നവർ!
ആകാശത്തിന്റെ വക്കുകൾ
പൊട്ടിച്ചെറിയാൻ കെൽപ്പുള്ളോർ!
തീവ്രമായി,
പ്രണയിക്കുകയും ചിന്തിക്കുകയും
ചിരിക്കുകയും കരയുകയും ചെയ്യുന്ന
പെണ്ണുങ്ങൾ!
ശ്രദ്ധയോടെ
കണ്ണെഴുതുന്ന, പൊട്ടു കുത്തുന്ന
ചന്തമുള്ള
പെണ്ണുങ്ങൾ!
സ്വയം സ്നേഹിക്കുന്നവർ!
തലച്ചോറു
പണയം വയ്ക്കാത്തവർ!

<u>Politics</u>:
The difference in right and wrong is my politics !
Smrithi Annie Wense
III B.Sc.Chemistry

# കലാലയ രാഷ്ട്രീയത്തെ ഭയക്കുന്നതെന്തിന്?

അനീഷ്. എ. എസ്.
സെക്രട്ടറി, എസ്.എഫ്.ഐ. യൂണിറ്റ്, യൂണിവേഴ്സിറ്റി കോളേജ്

> പഞ്ചായത്ത് തലം മുതൽ പാർലമെന്റ് തലം വരെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാവുന്ന വിദ്യാർത്ഥികളോട് വിദ്യാർത്ഥിരാഷ്ട്രീയം പാടില്ലെന്ന് പറയുന്നതിന്റെ ന്യായമെന്താണ്?

വിദ്യാർത്ഥിരാഷ്ട്രീയത്തെ സംബന്ധിച്ച ചർച്ച നമ്മുടെ സമൂഹത്തിൽ സജീവമായ് നടന്നുകൊണ്ടിരിക്കുകയാണ്. ഒക്ടോബർ 13ന് ഏറ്റവും അവസാനമായി,കോളേജ് ക്യാമ്പസുകളിൽ വിദ്യാർത്ഥിരാഷ്ട്രീയ പ്രവർത്തനങ്ങൾപാടില്ല എന്നാണ് ചീഫ് ജസ്റ്റിസ് ഉൾപ്പെടുന്ന ഹൈക്കോടതി ഡിവിഷൻബെഞ്ച് ആവർത്തിച്ചു പറഞ്ഞത്. വിവിധ കോടതിവിധികൾ ഇക്കാര്യത്തിലുണ്ടെന്നും കോടതി വ്യക്തമാക്കി. സമരം നടത്തേണ്ടവർ കോളേജുകളിലല്ല മറിച്ച് മറൈൻഡ്രൈവോ മറ്റ് പൊതു സ്ഥലങ്ങളോ തെരഞ്ഞെടുക്കുകയാണ് വേണ്ടതെന്നും സമരവും സത്യാഗ്രഹങ്ങളും പോലുള്ള കാര്യങ്ങൾ നടക്കുന്ന ക്യാമ്പസിൽ, സമരത്തിനെതിരെ പോലീസിന് ഇടപെടാമെന്നും, മാനേജ്മെന്റ് പരാതി നൽകിയാൽ പോലീസെത്തി വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ് കോടതി പറഞ്ഞിരിക്കുന്നത്. ക്യാമ്പസ് സംഘടനാ പ്രവർത്തനം വിദ്യാർത്ഥികുടെ ജനാധിപത്യപരമായ അവകാശമാണ്. അതുകൊണ്ടു തന്നെ വിദ്യാർത്ഥി രാഷ്ട്രീയം കലാലയങ്ങളിൽ വേണ്ടെന്നും, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കണമെന്നുമുള്ള ഹൈക്കോടതിനിലപാട് വിദ്യാർത്ഥികളുടെ അവകാശങ്ങൾക്കുമേലുള്ള കടന്നു കയറ്റമാണ്. ഭരണഘടന ഉറപ്പ് തരുന്ന പൗര സ്വാതന്ത്ര്യത്തെ നിരോധിക്കുന്ന ഹൈക്കോടതിയുടെ നിലപാട് ദൗർഭാഗ്യ കരവും ജനാധിപത്യവിരുദ്ധവുമാണ്. വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കാൻ അനുമതിൽകാത്ത സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പീഢനമുറികളടക്കമുണ്ടായതും വിദ്യാർത്ഥികൾക്ക് ജീവൻ വെടിയേണ്ടി വന്നതുമെല്ലാം അടുത്ത കാലത്ത് നമ്മുടെ സംസ്ഥാനത്തും കണ്ടതാണ്. അക്കാദമികരംഗത്തെ നിലവാരത്തകർച്ചയും ചൂഷണങ്ങളും വിദ്യാർത്ഥിപീഢനങ്ങളും പൊതു സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും ഇതിനെതിരായ സമരങ്ങൾ സംഘടിപ്പിക്കുന്നതും വിദ്യാർത്ഥിസംഘടനകൾ തന്നെയാണ്. ലോകചരിത്രത്തിൽ എല്ലായിടത്തും എല്ലാ കാലത്തും വ്യവസ്ഥിതിയെ ചോദ്യം ചെയ്യാൻ ശേഷിയുള്ള ആശയങ്ങൾ രൂപപ്പെട്ട ഇടങ്ങൾ കലാലയങ്ങൾ തന്നെയായിരുന്നു. ഫ്രഞ്ച് വിപ്ലവം മുതൽ ഇന്ത്യൻസ്വാതന്ത്ര്യസമരം വരെയുള്ള പോരാട്ടങ്ങൾക്ക് ശക്തി പകർന്നത് ക്യാമ്പസുകൾ തന്നെയായിരുന്നു എന്ന് നാം ഓർക്കേണ്ടതാണ്. ഫ്രാൻസ്, ഇറ്റലി, ജർമ്മനി, റഷ്യ, പോളണ്ട്, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലുമൊക്കെ നടന്ന വിമോചനപ്പോരാട്ടങ്ങളിൽ വിദ്യാർത്ഥികൾ വഹിച്ച പങ്ക് വലുതാണ്. ടുണീഷ്യ, ഈജിപ്ത്, യമൻ, സിറിയവരെ എത്തിനിൽക്കുന്ന ഏകാധിപത്യ വിരുദ്ധകൊടുങ്കാറ്റിന് കരുത്തേകിയതിൽ വിദ്യാർത്ഥികളുടെ പങ്ക് അനിർവചനീയമാണ്. കോളനിവത്കരണത്തിനെതിരെയും ഭാഷാപരമായ അടിച്ചമർത്തലിനും അധിനിവേശത്തിനുമെതിരെയും വിദ്യാർത്ഥികൾ നടത്തിയ രക്തരൂഷിതമായ സമരങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയമായ വിദ്യാർത്ഥിരാഷ്ട്രീയ സമരമായിരുന്നു. ലോകമാതൃഭാഷാദിനമെന്ന സങ്കൽപ്പം ലോകത്തിന് നൽകിയത് ധാക്കയിലെ വിദ്യാർത്ഥി പോരാട്ടമാണ്. ബംഗാൾ വിഭജനത്തെ തുടർന്ന് രാജ്യത്താകെ അലയടിച്ചിരുന്ന സ്വാതന്ത്ര്യസമരപ്രസ്ഥാനം, 1920–കളിൽ വളർന്ന് വന്ന നിസ്സഹകരണ പ്രസ്ഥാനം, 1930–ലെ ഉപ്പുസത്യാഗ്രഹം, 1942–ലെ ക്വിറ്റ് ഇന്ത്യാ സമരം മുതലായവയിലെല്ലാം രാജ്യത്തെ വിദ്യാർത്ഥികൾ ഒന്നടങ്കം സജീവമായി പങ്കെടുത്തെന്നാണ് സ്വാതന്ത്ര്യ സമരകാലത്തെ വിദ്യാർത്ഥി പങ്കിനെക്കുറിച്ച് ഇ.എം.എസ്. അടയാളപ്പെടുത്തിയിട്ടുള്ളത്. ജനാധിപത്യത്തെ കൊലപ്പെടുത്തി 1975 ജൂൺ 25ന് രാജ്യത്തെ ജനങ്ങളുടെ പൗരാവകാശങ്ങളും, എന്തിന് ഭരണഘടന പോലും മരവിപ്പിക്കപ്പെട്ടിരുന്ന ആ കാലത്ത് എല്ലാ കരിനിയമങ്ങളെയും അതിജീവിച്ച്, പ്രതിഷേധവുമായി തെരുവിലിറങ്ങിയത് വിദ്യാർത്ഥികളായിരുന്നു. ഡൽഹിയിൽ നിർഭയ എന്ന പെൺകുട്ടി ബലാത്സംഗത്തിനിരയ കൊല്ലപ്പെട്ടപ്പോൾ സ്ത്രീസുരക്ഷയ്ക്കും ശക്തമായ നിയമങ്ങൾക്ക് വേണ്ടിയും, രജനി. എസ്.ആനന്ദും ജിഷ്ണു പ്രണോയും ഗൗരിയും വിദ്യാഭ്യാസ കച്ചവടത്തിന്റെ ഇരകളായപ്പോഴും വിദ്യാർത്ഥികളാണ് ആദ്യം തെരുവിലിറങ്ങിയത്. പഞ്ചായത്ത് തലം മുതൽ പാർലമെന്റ് തലം വരെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാവുന്ന വിദ്യാർത്ഥികളോട് വിദ്യാർത്ഥി രാഷ്ട്രീയം പാടില്ലെന്ന് പറയുന്നതിന്റെ ന്യായമെന്താണ്? വിദ്യാർത്ഥി രാഷ്ട്രീയം നിരോധിച്ച ഹൈക്കോടതിയുടെ ഉത്തരവ് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും എന്നതിൽ യാതൊരു സംശയവുമില്ല. സാമൂഹ്യപുരോഗതിയ്ക്ക് വിലങ്ങുതടിയാകുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് പുനഃപരിശോധിക്കുകയോ, കലാലയ രാഷ്ട്രീയം നിരോധിച്ച ഹൈക്കോടതി വിധി മറികടക്കാൻ സർക്കാർ നിയമനിർമാണം നടത്തുകയോ ചെയ്യേണ്ടതാണ്.

# Magazine Committee



**Al Anand**
Editor



**Sreepadh Krishna V R**
Convenor



**Sruthi S**
Joint Convenor



**Sarath Chandran C**



**Sreevidya V**



**Akhil H.T**



**Anagha S**



**Nayana Das M.K**



**Meenakshi C.B**



**Anju D**



**Jaishankar**



**Gopika G.M**



**Vani Bhadra**



**Sam R.R**



**Arjun**

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.938/പ്രസ്/സി.എം.ഒ/2017. ആഗസ്റ്റ് 02, 2017

## സന്ദേശം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് 2016-17 അദ്ധ്യയന വർഷത്തെ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മക രചനകളാലും അനുഭവക്കുറിപ്പുകളാലും സമ്പന്നമാകും മാഗസിൻ എന്ന് പ്രതീക്ഷിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Principal
University College
Palayam
Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാക്സ് 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
**കേരള സർക്കാർ**

## സന്ദേശം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായി 2016-17 അധ്യയന വർഷത്തെ കോളേജ് മാഗസിൻ പ്രസിദ്ധീകരണത്തിന് തയ്യാറാവുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു.

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഈ അദ്ധ്യയന വർഷത്തിൽ സംഘടിപ്പിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളുടെ രേഖപ്പെടുത്തലും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സർഗ്ഗാത്മക സൃഷ്ടികളും മാസികയെ സമ്പന്നമാക്കുമെന്നു പ്രതീക്ഷിക്കുന്നു.

മാഗസിന്റെ പ്രസിദ്ധീകരണത്തിൽ പങ്കാളികളായിട്ടുള്ള എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

സി രവീന്ദ്രനാഥ്

പ്രിൻസിപ്പൽ
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം

ഓഫീസ് : അഞ്ചാം നില, റൂം നമ്പർ 505
ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 ഫാക്സ് : 0471-2332133 വസതി : 0487-2383229
മൊബൈൽ : 9447973300 വെബ്സൈറ്റ് : www.ravindranath.org



**Dr. M.S. VINAYACHANDRAN**
PRINCIPAL



**Dr. B ASHOK**
Magazine Staff Advisor



**Dr. K. B. SELVAMONY**
Magazine Staff Editor

# UNION MEMBERS



**Vikas Govind**
Chairman



**Lakshmi Venugopal**
Vice Chairperson



**Aravind G.H**
General Secratary



**Anand A.S**
Arts Club Secretary



**Al Anand**
Magazine Editor



**Anand Kishore**
UUC



**Boby.V.Sam**
Ist Year Rep



**Abhay Chand**
IInd Year Rep



**Aswathy P.S.**
IIIrd Year Rep



**Ramshad Khan**
Ist Year PG Rep



**Asha J**
IInd Year PG Rep



**Gopika**
Lady Rep



**Varsha**
Lady Rep

# SFI UNIT MEMBERS







**Aneesh A.S.**
Secretary

**Dipin**
President

**Al Anand**

**Naseem**

**Abhilash**







**Vivek**

**Amal Muhammed**

**Vipin**

**Aswanth**

**Baiju**







**Siva Prasad**

**Jyothys**

**Lakshmy**

**Nayana**

**Nithin**







**Farheen**

**Gopika**

**Hareesh**

**Haider**

**Onees**





**Balu**

**Sreejith**

**Vinod**


SFI
യൂണിവേഴ്സിറ്റി
കോളേജ്


SFI



College Quiz Club

UNIQ

College Debate Club

THE LECTERNS

"കലാലയനാടകവേദിയെന്നൊന്ന് നമുക്കിന്നില്ല. കലാലയത്തിന്റെ അന്തരീക്ഷത്തിൽ നിന്നുണ്ടാവേണ്ട ശരിയും യഥാർത്ഥവുമായ അരങ്ങാണ് കലാലയനാടകവേദി കൊണ്ടർത്ഥമാക്കുന്നത്. അവിടെയും ഇവിടെയും ചില പ്രവർത്തനങ്ങളുണ്ടെന്ന് വരാം. പക്ഷെ, അവ നിരന്തരം സജീവമായി നിലനിൽക്കുന്നില്ല. കലാലയങ്ങളിൽ ആർക്ക് എവിടെ സമയമിരിക്കുന്നു? ടെക്സ്റ്റ്ബുക്കുകളും കക്ഷിരാഷ്ട്രീയവും ചേർന്ന് ഒരുതരം കുഴഞ്ഞുമറിയലാണ് നമ്മുടെ കലാലയാന്തരീക്ഷത്തിൽ. നൈസർഗ്ഗികതയുടെ ശ്മശാനമാണ് ഇന്ന് ക്ലാസ്മുറി. കൊലക്കയറാണ് പരീക്ഷ. സർഗശക്തിയുടെ ഈ കശാപ്പുശാലയിൽ എന്തോന്ന് നാടകം ?"

*(പ്രൊഫ. ആർ. നരേന്ദ്രപ്രസാദ്, 1986ലെ നാടകചർച്ച)*

ഇരുപതു വർഷങ്ങൾക്കു ശേഷം. ഒരു കൂട്ടം വിദ്യാർത്ഥികളുടെ അധ്വാനഫലമായ് തിയറ്റർ ക്ലബ് പുനർജ്ജനിച്ചു. നാടക സിനിമാരംഗത്തെ പ്രമുഖനായ അലൻസിയർ ഒക്ടോബർ 19ന് തിയറ്റർ ക്ലബ് ഉദ്ഘാടനം ചെയ്തു.

<u>അലൻസിയർ പറയുന്നു,</u>



അഭിനയം : **ആനന്ദം**

സെൻസർഷിപ്പ് : **അസംബന്ധം**

ക്യാമ്പസ് രാഷ്ട്രീയം : **ക്യാമ്പസിനെ എന്തിനാണ് കോടതിയും ഭരണാധികാരികളും ഭയക്കുന്നത്? ഭൂമി മുഴുവൻ ഭരണാധികാരികൾ അക്രമങ്ങൾ ഉണ്ടാക്കുന്നു. അതിന്റെ പ്രതിഫലനം അല്ലെങ്കിൽ പ്രതിഷേധം ക്യാമ്പസിലും ഉണ്ടാവും. കലാപമോ കല്ലേറോ ആയിരിക്കും.**

എന്തിനാണ് ക്യാമ്പസ് : **അവനവന്റെ സുരക്ഷിതമായ ജീവിതത്തെക്കുറിച്ചാണോ അതോ മനുഷ്യരാശിയുടെ നിലനിൽപ്പിനെക്കുറിച്ചാണോ ക്യാമ്പസിൽ പഠിക്കേണ്ടത്. അവനവന്റെ certificate കൊടുക്കാനല്ല ക്യാമ്പസ്. മനുഷ്യൻ സഹജീവികളുമായി സ്നേഹിച്ചും, ആശ്ലേഷിച്ചും, ചുംബിച്ചും വളരാനാണ് പഠിക്കേണ്ടത്.**

വിദ്യാർത്ഥിസമൂഹത്തോട് : **ഞാനെന്റെ മക്കളിൽ, വിദ്യാർത്ഥിസമൂഹത്തിൽ, ഈ തലമുറയിൽ വിശ്വസിക്കുന്നു.**

---

നാടകം ജീവിതത്തിന്റെ പ്രതിഫലനമാണ്. ജീവിതത്തിന്റെ റിഹേഴ്സൽ വേളകളാകട്ടെ, നമ്മുടെ ക്യാമ്പസ് തിയേറ്റർ.



**U/o Neethu A**
III B.A. Islamic History
Rajpath March
Republic Day Parade 26th Jan 2017



**U/o Rahul G.R.**
III B. A. Philosophy
Republic Day Camp 2017



**Cdt. Captain Sruthi. S. Nair**
III B.Sc. Mathematics
All India Guard
Republic Day Camp 2017



**Thasleem Thajudheen**
I M.A. Malayalam
Gold Medal
Amateur Boxing
Indo Nepal Rural Games 2017



GOOGLE HALL OF FAME ACHIEVEMENT

**Akhil. G**
III B.Sc. Chemistry

**"ജീവിതത്തിൽ passion ഉണ്ടാവണം"**



SPEAK FOR INDIA- KERALA EDITION 2016
RUNNER UP

**Sreelakshmi. J**
III B.Sc. Geology

**"അവസരങ്ങൾ സ്വയം നഷ്ടപ്പെടുത്താതിരിക്കുക"**



WALK WITH SCHOLAR-STATE CAMP 2016
BEST CAMPER

**Harishna. M.U.**
III B.A History

**"ഞാൻ ഞാനായിത്തന്നെയിരുന്നു. അവർ അത് അംഗീകരിച്ചു."**



ALL INDIA MUSIC AND DANCE FESTIVAL 2017, CHATTISGARH
KUCHIPUDI-FIRST PRIZE
NADUVAR GOPIKRISHNA AWARD

**Abhirahmi. S**
III B.A. English
**നൃത്തമാണ് എന്റെ ഏറ്റവും വലിയ സന്തോഷം**




EDEX-40 UNDER 40 AWARD
THE NEW INDIAN EXPRESS (South India)

**Kaikasi V.S**
Asst. Professor
Department of English
**എന്റെ വിദ്യാർത്ഥികളുടെ നേട്ടമാണ് എന്റെ സന്തോഷം**




**സുമതി**
ആരും ശ്രദ്ധിക്കാത്ത
ഈ കൈകളാണ് നമ്മുടെ
വിഴുപ്പിന്റെ ഭാരം ചുമക്കുന്നത്



**ജയൻ**
കോളേജിന്റെ
സ്വന്തം സെക്യൂരിറ്റിച്ചേട്ടൻ



**മോനേ ഫൈസീ...**
കഴിക്കുന്നവരുടെ വയറുനിറയ്ക്കാൻ എല്ലാവർക്കും പറ്റും. പക്ഷേ
മനസ്സും നിറയ്ക്കുന്നവരാണ് ഈ ക്യാന്റീൻ സുന്ദരിമാർ




**മദനൻ**
എന്നും ക്യാമ്പസിന്റെ
യുവത്വത്തോടൊപ്പം



**മുഹമ്മദ് ഷാഫി**
ഈ തിരിയുന്ന മൂന്നു ചക്രങ്ങളുടെ
നിശബ്ദതയിലാണ് ക്യാമ്പസ്
ചലിക്കുന്നത്

Photo Courtesy : Anand Sadashivan

# പശു പക്ഷം

**സജിത്ത് എം. എസ്.**
II ബി.എ. പൊളിറ്റിക്കൽ സയൻസ്

പ്രത്യേകിച്ചൊന്നുമില്ല, അസഹിഷ്ണുത അന്നം മുടക്കുന്ന കാലത്ത് ഗോമതി തുറന്നെഴുത്ത് ആരംഭിച്ചു. അതായിരുന്നു തുടക്കം. പേരിലൊരു ഗോമാതാവ് ഉണ്ടായിരുന്നതിനാൽ ആദ്യമൊക്കെ കുറേ സഹിച്ചു. എന്നാൽ പെട്ടന്നൊരു ദിവസം സംഗതിയാകെ കുഴഞ്ഞു മറിഞ്ഞു. ആഗോളതാപനം കുറച്ച്, ലോകത്തെ അനിവാര്യമായ വലിയൊരു ദുരന്തത്തിൽ നിന്ന് രക്ഷിക്കാൻ കന്നുാലികശാപ്പ് രാജ്യമെങ്ങും നിരോധിച്ചതിന്റെ മൂന്നാം നാളായിരുന്നു അത്. ഗോമതിയുടെ തുറന്നെഴുത്ത് അതിന്റെ പാരമ്യത്തിലെത്തിയ ദിനം പണ്ടെങ്ങാണ്ട് ഇതേ കൂട്ട് 'എഴുതി' വിപ്ലവം സൃഷ്ടിച്ച് ധർമ്മരാജ്യം ഉണ്ടാക്കാൻ ഇറങ്ങിത്തിരിച്ച വായിൽ കൊള്ളാത്ത ഏതോ ഒരു മഹാന്റെ കൊലപാതകത്തെ കുറിച്ച് അന്വേഷിക്കാൻ ഗോമതിയും ഗോമതിയുടെ പത്രവും ഇറങ്ങിത്തിരിച്ചതിന്റെ പത്താം നാൾ ആ പത്താം നാൾ ഗോമതി വധിക്കപ്പെടേണ്ടവളാണെന്ന് ഞങ്ങൾക്ക് തിട്ടൂരം കിട്ടി. മുമ്പ് ഇതു പോലൊരു മൂപ്പിലാനെ കൊല്ലാൻ വടിവാളായിരുന്നു ഉപയോഗിച്ചത്. ഇതിപ്പൊ തോക്കായത് സൗകര്യമായി. സംഗതി കൊല്ലലാണെങ്കിലും ഇതും ഒരു ധർമ്മയുദ്ധമാണ് ! എനിക്കൊക്കെ ഈ രാഷ്ട്രത്തിന്റെ ശോഭനമായ ഭാവിക്കു വേണ്ടി ഇത്രയൊക്കെയല്ലേ ചെയ്യാൻ പറ്റൂ ! ഗോമതി ഗോമാതാവിനെ കുറ്റം പറഞ്ഞ്, പ്രസംഗിച്ച് നടക്കുന്നത് ആദ്യമാദ്യം പോട്ടെന്ന് വച്ചതാണ്. പിന്നെപ്പിന്നെ പ്രസംഗം പോരാഞ്ഞ് പുസ്തകമെഴുത്ത് തുടങ്ങി, അതും പോരാഞ്ഞ് ഒരു പത്രവും പുട്ടിന് പീര പോലെ ഫെയ്സ്ബുക്കെഴുത്തും. ഞങ്ങളൊക്കെ ഏതാണ്ട് അസഹിഷ്ണുതേടെ ആളുകളാണെന്നാണല്ലോ വയ്പ്പ് ! അങ്ങനെ വല്ലതും ആയിരുന്നേൽ ഇപ്പറഞ്ഞ ഗോമതിയൊക്കെ പണ്ടേക്ക് പണ്ടേ വെട്ടേറ്റ് വീണേനെ, പറഞ്ഞല്ലോ, പേരിലൊരു ഗോമാതാവ് ഉണ്ടായിരുന്നത് കൊണ്ട് അന്നൊക്കെ പോട്ടെന്ന് വച്ചു. മാത്രമല്ല അവർക്കൊരു വിചാരമില്ലെങ്കിലും 'നമ്മുടെ കൂട്ടര്' ഒരു പെണ്ണല്ലേ എന്നു കരുതി. അംഗസംഖ്യയിൽ നിന്ന് പ്രജനനശേഷിയുള്ള ഒരുത്തി കുറഞ്ഞാൽ അതും 'മറ്റവന്മാർക്ക്' അല്ലേ ഗുണം ചെയ്യൂ ! പക്ഷെ, പുരയ്ക്കു മീതേ വളർന്നാൽ വെട്ടിമാറ്റണം. അല്ലെങ്കിൽ പണി പരണത്തിരിക്കും. പണ്ട് രണ്ടായി മുറിച്ച് അതിർത്തിയില് വേലീം കെട്ടി 'മറ്റവന്മാർ' അവരുടെ പാടു നോക്കി പോയപ്പൊ അന്നേ ഒരു പിടുത്തം വച്ചിരുന്നെങ്കിൽ ഇന്നീ രാഷ്ട്രം എങ്ങനെയാകേണ്ടതായിരുന്നു ! അന്നും കുറേ പഠിച്ചവന്മാര് ജനനന്മ, മതേതരത്വം എന്നൊക്കെ വലിയ വായിൽ പ്രസംഗിച്ച് ഈ ഗതിയാക്കി. അതെല്ലാം കഴിഞ്ഞ് അറുപതാണ്ട് കഴിഞ്ഞിട്ടും പട്ടിണീം മാറീല്ല, പരിവട്ടോം തീർന്നില്ല. 'മറ്റവന്മാര്' കുറേ സമ്പാദിച്ചതു മിച്ചം. നശിച്ച് നാറാണക്കല്ല് എടുത്ത സമയത്താണ് ശോഭനഭാവി പടുത്തുയർത്താൻ ദൈവം അയച്ച അവധൂതനായി ഒരു മനുഷ്യൻ നട്ടെല്ലുള്ള തീരുമാനങ്ങളുമായി അവതരിച്ചത്. അപ്പോഴേയ്ക്കും തുടങ്ങീലെയോ മുറുമുറുപ്പ്. എന്തോ ആസിസമോ, ഫാസിസമോ അങ്ങനേതാണ്ട് ഒരു 'ഇസ'മാണ് ഇവിടെയെന്നാണ് പറച്ചിൽ. എന്ത് പണ്ടാരമാണെങ്കിലും രാഷ്ട്രം പുരോഗമിക്കുന്നുണ്ടല്ലോ, അതു മതി. അതിനിടേല് ചില്ലറ കലാപങ്ങളും ഒന്നു രണ്ട് കൊല്ലും കൊലയുമൊക്കെ സ്വാഭാവികം. പിന്നെ, ഇതൊക്കെ നവരാഷ്ട്രനിർമ്മാണത്തിനായുള്ള ധർമ്മയുദ്ധമാണല്ലോ എന്ന് ഓർക്കുമ്പം ഒരാശ്വാസം. പഠിത്തം കൂടിയോ, വഴി പിഴച്ചിരിക്കും ! ഒരമ്പത്തിരണ്ട് സെക്കന്റ് എണീറ്റു നിന്നാൽ ഏതാണ്ടൊക്കെ താഴെ പോവുമെന്നാ വിചാരം. ഇനി രാഷ്ട്രപുരോഗതിക്ക് വേണ്ടി വല്ല നിരോധനമോ, നിയന്ത്രണമോ കൊണ്ടുവന്നാലോ, അപ്പോഴേക്കും തുടങ്ങും അടുത്ത 'ഇസം' പറച്ചിൽ. ഇപ്പറഞ്ഞ ഗോമതീടെ കഥ കഴിയുന്നതോടെ കുറേ അവന്മാരൊക്കെ അടങ്ങും. അതോർക്കുമ്പം ഒരു സമാധാനമുണ്ട്. വെള്ളിയാഴ്ച രാത്രിയായിരുന്നു തിരഞ്ഞെടുത്ത സമയം. ഞാനടക്കം മൂന്ന് പേർ. രണ്ട് നിറതോക്ക്. തോക്കുപയോഗിക്കുന്നത് ആദ്യമായിട്ടാണ്. ഭയമുണ്ടോ എന്ന് ചോദിച്ചാൽ, ഓ.. ഭയം



തോന്നുമ്പൊ കണ്ണടച്ച് ഒറ്റ ധ്യാനമാ. അകക്കണ്ണിൽ നാമക്കുറി ചാർത്തി മേഞ്ഞു നടക്കുന്ന ഗോമാതാക്കൾ, പടിപ്പുരയ്ക്കിപ്പുറം വരാതെ അകത്തളത്തിൽ തന്നെയിരിക്കുന്ന കുലനാരികൾ, കണ്ട 'മറ്റവന്മാരും' മറ്റേ ജാതിക്കാരും ഇല്ലാത്ത സുന്ദരമായ രാഷ്ട്രം. അതോർക്കുമ്പം ദേഹത്തെ ഓരോ രോമകൂപങ്ങളും എഴുന്നു വരും. ശോഭനമായ ആ വസന്തകാലം സൃഷ്ടിക്കാൻ ഒരു ഗോമതിയെന്നല്ല ഒരായിരം ഗോമതികളെ കൊന്നു തള്ളേണ്ടി വന്നാലും തളരില്ല. രാത്രി പത്തു മണിക്ക് കൂടിയ അവസാന ഒത്തു കൂടലിനു ശേഷം, ആയുധപൂജ നടത്തിയ തോക്കുമായി ഞങ്ങൾ മൂന്ന് പേർ പുറപ്പെട്ടു. തെരുവിന്റെ ഓരത്തെ തട്ടുകടയിൽ ഓരോ കട്ടൻ കുടിക്കാൻ നിന്നപ്പൊ ആണ് പഴേ ഒരു കൂട്ടുകാരന്റെ വരവ്. ശകുനപ്പിഴ! അവൻ മറ്റേ ആശയക്കാരനായിരുന്നു. സ്വന്തം കൂട്ടരോട് കൂറില്ലാത്ത കുറേ അവന്മാരുണ്ട് ! അവനെയൊക്കെയാണ് ആദ്യം വെടി വയ്ക്കേണ്ടത്. വന്നപാടെ വല്ല്യ പഠിത്തക്കാരുടെ കൂട്ട് അവൻ വർത്തമാനം തുടങ്ങി. "ഗോമതിയമ്മേടെ പ്രസംഗം കേട്ടിട്ടുള്ള" വരവാണ്. എനിക്ക് പെരുവിരലേന്ന് തരിച്ചു കയറി, ഗോമതിയമ്മ! ഒരു വെടി അവനിട്ടും പൊട്ടിക്കണമെന്ന് തോന്നി, പിന്നെ ക്ഷമിച്ചു. വായിൽ പുളിച്ച തെറി തികട്ടി. "അവരുടെ ഒടുക്കത്തെ പ്രസംഗം!" ആ സമയത്താണ് സദാ രാജ്യചിന്തയിൽ മുഴുകിയിരുന്ന എന്റെ തലച്ചോറിലേക്ക് അവൻ ആദ്യത്തെ കൂരമ്പയച്ചത്. "പണ്ടിവർ നമ്മുടെ സ്കൂളിൽ വന്നതോർമ്മയില്ലേ...നിനക്കൊരു കവിതാബുക്ക് സമ്മാനം തന്നിരുന്നു". ഇടിവാള് പോലെന്തോ മനസ്സിൽ വീണു. ചിന്തിച്ചു നിൽക്കവെ മറ്റേയാൾ "സമയമായി" എന്ന് ഓർമ്മിപ്പിച്ചു. വൈകിയില്ല. തെരുവിലെ രണ്ടാമത്തെ വളവിലെ മൂന്നാമത്തെ വീട്. വെള്ള മാരുതി കാർ. നടത്തത്തിനെക്കാൾ വേഗത്തിൽ മനസ്സ് പാഞ്ഞു. ഗോമതിയമ്മ... ഗോമാതാവ്... ആദ്യമായി മനസിൽ വാക്കുകൾ പിശകി. അഞ്ചാം ക്ലാസിൽ വച്ച് ടാഗോർ കവിത സമ്മാനിച്ച ഗോമതിയമ്മ നാമക്കുറി ചാർത്തപ്പെട്ട ഗോമാതാവ് കണ്ണുകളിൽ രണ്ടു ചിത്രങ്ങളും മാറി മാറിപതിഞ്ഞു. ഓർമ്മകളാകെ പതിവില്ലാത്തവണ്ണം പിശകിത്തുടങ്ങി. മനുഷ്യപക്ഷം, പശുപക്ഷം വാക്കുകൾ പിന്നെയും പിശകി.

നടന്നു നടന്ന് ഒടുക്കം എത്തി. അടുത്തുള്ള പൊന്തക്കാട്ടിൽ ഇര വരുന്നതും കാത്ത് പതുങ്ങിയിരിക്കവേ, ചുറ്റുമുള്ള ചീവീടുകളുടെ ഒച്ചയെക്കാൾ ഉച്ചത്തിൽ ചെവിയിൽ മുഴങ്ങിയത്, പത്തു കൊല്ലം മുൻപ് സ്കൂൾ അസംബ്ലിയിൽ പ്രസംഗിക്കാനെത്തിയ മെലിഞ്ഞ സ്ത്രീയുടെ വാക്കുകളാണ്. മനുഷ്യപക്ഷത്തു നിൽക്കേണ്ടതിനെ പറ്റിയുള്ള ഏതാനും വാക്കുകൾ. പക്ഷെ, ഉള്ളതു പറഞ്ഞാൽ രാഷ്ട്രത്തിന്റെ ശോഭനമായ ഭാവി പശുപക്ഷത്ത് നിൽക്കേ-



ണ്ടതാണെന്ന പരമസത്യം പിൽക്കാലത്ത് ഞാൻ തിരിച്ചറിഞ്ഞു. പഠിപ്പിച്ചതൊന്ന്, പഠിച്ചത് വേറൊന്ന്. മനുഷ്യപക്ഷം, പശുപക്ഷം... ഉള്ളിൽ വാക്കുകൾ പിന്നെയും പിന്നെയും പിശകി.

രാത്രി കുറച്ചു കൂടി കനത്തു കാണും. ദൂരെ വെള്ള മാരുതി കാർ കാണായി. കൈകളിലിരുന്ന ആയുധം മുറുക്കെപ്പിടിച്ചു. ഇര എത്തിക്കഴിഞ്ഞു. ധർമ്മയുദ്ധത്തിനുള്ള സമയം സമാഗമമായിരിക്കുന്നു. ഞാൻ ഉണർന്നിരുന്നു – ഉത്തിഷ്ഠത, ജാഗ്രത എന്നാണല്ലോ അടയാളം തന്നിരുന്ന പോലെ തെരുവിലെ രണ്ടാമത്തെ വളവിലെ മൂന്നാമത്തെ വീട് ലക്ഷ്യമാക്കി കാർ എത്തി. നിയോൺ ലൈറ്റിന്റെ മഞ്ഞവെട്ടത്തിൽ എല്ലാം കിറുകൃത്യം ഞാൻ കണ്ടു. കാറിൽ നിന്നിറങ്ങി ഗേറ്റ് തുറക്കാൻ പോയ സ്ത്രീരൂപം. ഒരു നിമിഷം, നെഞ്ച് പടപടാ മിടിച്ചു. മെലിഞ്ഞ ശരീരം, മെലിഞ്ഞ കൈകൾ. ഓർമ്മയിൽ പുസ്തകം സമ്മാനിച്ച അതേ കൈകൾ, കവിത ചൊല്ലിത്തന്ന അതേ ആൾ.

മനുഷ്യപക്ഷം... പശുപക്ഷം...

മനസ് വെറുതെ പുലമ്പി. ഗോമാതാവ്, സനാതനധർമ്മം, രാഷ്ട്രപുരോഗതി ഒരു ധൈര്യം കിട്ടാൻ പിന്നെയും പിന്നെയും മനസ്സിൽ ഉരുവിട്ടു. അമാന്തമരുത്, ധർമ്മയുദ്ധമാണ്! മനസിനോട് കൽപിച്ചു. ഉന്നം- പിഴയ്ക്കരുതെന്ന ഉപദേശമോർത്തു. തലമുറകളെ പിഴപ്പിക്കുന്ന ആ തലച്ചോറ് ചിതറണം. അമാന്തിച്ചില്ല. ഉന്നം പിടിച്ചു. കാഞ്ചിയിൽ വിരലമർത്തി. ഒന്ന്... രണ്ട്... മൂന്ന്... മറ്റേയാളും, ഞാനും വെടിയുതിർത്തു. വെടിയൊച്ച കേട്ട് ആദ്യമായി എന്റെ കാതുകൾ കൊട്ടിയടക്കപ്പെട്ടു. കണ്ണു തുറന്നു. ധർമ്മയുദ്ധത്തിന് ശുഭാന്ത്യം. ഗോമതി തീർന്നു ! ഗോമാതാവ് നീണാൾ വാഴട്ടെ...! പിന്നെ... പിന്നെ കുറേ ദിവസം എന്റെയോർമ്മയിലില്ല. ഏതാണ്ട് ഇസമാണ് ഇവിടെ എന്നു പറഞ്ഞ് പതിവു പോലെ കുറേ പേർ തെരുവിലിറങ്ങിയെന്നോ ചിലർ ഞാനാണ് ഗോമതിയെന്ന് ധാർമ്മികരോഷം പൂണ്ടെന്നോ ഒക്കെ പറയു-ന്നത് കേട്ടു. തെളിവുകളൊന്നുമില്ലായിരുന്നു. പോലീസ് ഇരുട്ടിൽ തപ്പി. ഉത്തരവാദിത്തത്തെ ചൊല്ലി ആരോപണങ്ങളും പ്രത്യാരോപണങ്ങളും തകൃതി നടന്നു. ഞങ്ങൾക്കോ,മുകളിൽ നിന്ന് അഭിനന്ദനവും കിട്ടി. പക്ഷെ, പ്രശ്നം മുഴുവൻ എനിക്കായിരുന്നു! നോക്കുന്നിടത്തെല്ലാം മെലിഞ്ഞ സ്ത്രീരൂപം. ചെവി കൊട്ടിയടച്ചു കൊണ്ട് ആ പഴയ പ്രസംഗം. കണ്ണടച്ച് ഗോമാതാക്കളെ ധ്യാനിക്കുമ്പൊ മുഴുവൻ ഗോമതിയുടെ മുഖം തെളിയാൻ തുടങ്ങി.

ഒരാശ്വാസം കിട്ടാൻ തിയറ്ററിൽ പോയി അമ്പത്തിരണ്ട് സെക്കന്റ് അറ്റൻഷനിൽ നിന്ന് നോക്കി. രക്ഷയില്ല. പിന്നെയെന്താ, ഗോമതി - ഗോമാതാവ്; മനുഷ്യപക്ഷം - പശുപക്ഷം, വാക്കുകൾ പിശകാതിരിക്കാൻ പറഞ്ഞ് പറഞ്ഞ് നടപ്പു തുടങ്ങി. ധർമ്മയുദ്ധത്തിന് ഒരു പോരാളിയെ നഷ്ടപ്പെട്ട ദുഃഖത്തോടെ കൂടെയുള്ളവർ എന്നെ പിടിച്ച് ഈ ഭ്രാന്താശുപത്രിയിൽ ആക്കിയതെന്തിനാന്ന് എനിക്കിതുവരെ മനസിലായിട്ടില്ല! പിന്നെ, എന്നെപ്പോലുള്ള മുൻനിര പോരാളി കളെല്ലാം ഒടുക്കം ഇവിടെ എത്ത്വോ എന്ന് ചോദിച്ചാൽ, ആ... എനിക്കറിയില്ല ! പുറത്തെ കഥകൾ കേൾക്കുന്നുണ്ട്- ധർമ്മയുദ്ധം അവസാനിച്ചിട്ടില്ല, ചെറുത്തു നിൽപ്പുകളും. പിന്നെയൊരാശ്വാസം രാജ്യം പഴയ രാജ്യമല്ലല്ലോ എന്നോർക്കു മ്പോഴാ. എന്നുവച്ചാൽ 'എന്റെ രാജ്യം വളരുകയാണ്, മുന്നോട്ട് കുതിക്കുകയാണ്' എന്നാണല്ലോ നമോവാക്യം.

എന്നാലും ഓർമ്മകളിലിപ്പോഴും ഈ വാക്കുകൾ മാത്രം പിശകി പിശകി പോകുന്നതെന്താണാവോ, എന്റെ ഗോമാതാവേ...! "മനുഷ്യപക്ഷം- പശുപക്ഷം...,മനുഷ്യപക്ഷം - പശുപക്ഷം"

വിശ്വാസം :
വിശ്വാസം എന്നത് എപ്പോഴും ശരിയാണ്.
അതിന്റെ നിർവചനങ്ങളാണ് തെറ്റുകളുണ്ടാക്കുന്നത്.
മിഥുൻ
|| എം.എ. ഫിലോസഫി



അമൃത. ജെ
III ബി. എ. ഇംഗ്ലീഷ്

# ചോദ്യങ്ങളേ വിട

ചോദ്യങ്ങളേ... വിട
ഉത്തരം കിട്ടിയെനിക്ക്;
ഞാൻ പെണ്ണ്
എന്റെ നൂറ് ചോദ്യങ്ങൾക്കും
ഉത്തരമതു തന്നെ
പെണ്ണ്.

# A Roller Coaster Ride:
## Vignettes from a Teacher's Diary

Kaikasi V. S.
Asst. Professor
Department of English

**Two roads diverged in a wood, and I**
**I took the one less traveled by,**
**And that has made all the difference.**
*(The Road Not Taken, Robert Frost)*

In everyone's life there comes a point when they have to decide which way to proceed, in other words the right career to be selected so that each day becomes a thrilling experience. My life as a teacher began in the year 2010. I would like to compare my life in this college to a roller coaster ride with its ups and downs, twists and turns, but forever exciting. It enabled me to have a broader vision about life and has widened my horizons of practical wisdom and knowledge by leaps and bounds. It's a blessing to be a teacher in this college.

Now the question arises as to what made me select this path, a question I had to answer a number of times. The truth is that though I always loved the act of teaching I had never thought of it as a career option until I met someone- Prof. Khyrunnisa, my teacher who taught me in All Saint's College. She is an amazing teacher, a wonderful quiz master, writer, orator, columnist and what not! She recreated Milton and Shakespeare through her sheer power of eloquence, humour and down to earth attitude. Her passion for teaching has transcended the four walls of the classroom and no wonder she became the most popular teacher in the college. Prof. Khyrunnisa was a constant support for all our academic and extra-curricular endeavours- in other words she was our pillar of strength, someone who was always there with us through thick and thin. According to her, there is nothing as beautiful as a teacher-student relationship, a bond that remains even after the culmination of classroom learning. Thus, Khyrunnisa mam, who is affectionately referred to as Rosy mam was someone who weaved magic in all her classrooms. She is also an accomplished writer who has 5 books to her credit featuring 'Butterfingers', a character she had created initially for 'Tinkle' and later on transformed as a full-fledged character.

രാഷ്ട്രീയം :
**മനുഷ്യബന്ധം ഒരു ഏകകോശജീവിയാണെങ്കിൽ അത് പരിണമിച്ചുായ സസ്തനിയാണ് രാഷ്ട്രീയം**
**ആനന്ദ് സദാശിവൻ**
**III ബി.എ. ഫിലോസഫി**

The misadventures of Amar aka Butterfingers continues to brighten our lives ever since the first in the 'Butterfingers' series was officially launched in the year 2010. The bond I have formed with my dear teacher still continues and this is the most amazing aspect of a teacher-student relationship. Even in this age of globalization where virtual classrooms are aspiring to murder the one to one correspondence that connects a teacher and a student, our bond remains intact. In fact it is on this solid foundation that I have constructed the noble edifice of teaching.

Let me take this opportunity to thank all my dear students who has helped me become what I am today. When I went to receive my 'EDEX-40 under 40 Award' instituted by 'The New Indian Express', I was really excited to know that I scored the maximum points in the 'Student Appraisal Report'. The love you have showered upon me is something that is going to keep me going as a teacher of this institution. I believe it is this magical ingredient that makes me run that extra mile. 'In the novel titled 'To Sir with Love', E.R. Braithwarte speaks about the extraordinary bond he shares with his students. As far as I am concerned, if ever I will write one autobiography it will be titled 'To my students with Love'.

As Malala Yousufzai once remarked "One child, one teacher, one book, one pen can change the world". It is that change which makes the life of a teacher truly memorable. Thank you all.

<u>Faith</u>

La foi est comme le vent. Elle est invisible mais
on sent sa présence partout

Reshma Maria Sampath
Asst.Professor ,Department of French




യദുകൃഷ്ണൻ
II എം. എ. ഇംഗ്ലിഷ്

അഞ്ചാം ദിവസം മഴ പെയ്ത് തോർന്നു. റോഡും തോടും മത്സരിച്ച് ഒഴുകി. ക്യാമറകളും മൈക്കുകളും ഓടിയും ഒഴുകിയും നടന്നു. സ്കൂളുകൾ അടച്ചിട്ടു. അന്നാദ്യമായി അയൽക്കാർ തമ്മിൽ കണ്ടു. പരിചയപ്പെട്ടു. കുട്ടികളുടെ ചെറുസംഘങ്ങൾ തെരുവുകളിൽ കളിച്ചു നടന്നു. കളിവള്ളങ്ങളും കളിവണ്ടികളും ജനിച്ചു. പനിച്ച് വിറച്ച് സർക്കാർ ആശുപത്രിയുടെ മൂലയിൽ ദൈവം ഒറ്റക്കിരുന്ന് കരഞ്ഞു.


CENSORED

കോളാമ്പി : നീ എവിടെയാണ്?
കോളേജ് : ഞാനോ? ഞാനെന്റെ പേരിലുണ്ടല്ലോ... ഹിസ് ഹൈനസ് ദി മഹാരാജാസ് യൂണിവേഴ്സിറ്റി കോളേജ്.
കോളാമ്പി : നിനക്കു ചുറ്റും ഇരുട്ടാണല്ലോ... ഇരുട്ടിനകത്ത് ദ്രവിക്കുന്ന അസ്ഥിവാരക്കല്ലുകളും.
കോളേജ് : ഇവർ ഇരുണ്ടകാലത്തിന്റെ മക്കളാണ്. വെളിച്ചം തേടി ഇറങ്ങുന്നുണ്ട്.
കോളാമ്പി : തൊണ്ട പൊട്ടും വരെ ശബ്ദിക്കണമെനിക്ക്.
കോളേജ് : വെളിച്ചം കാണും വരെ പോകണമെനിക്ക്.
കോളാമ്പി : ശബ്ദിക്കുന്ന വെളിച്ചമാവണം നമ്മൾ... തുടങ്ങാം...

മഞ്ഞബോർഡിലെ അക്ഷരങ്ങൾ കണ്ട് വിദ്യാർത്ഥി ഞെട്ടുന്നിടത്ത് സർവേ ആരംഭിക്കുന്നു. യൂണിവേഴ്സിറ്റി കോളേജ് സംസാരിക്കുന്നു.




**സ്വാതന്ത്ര്യം**

**ലൈംഗികത**

മനുഷ്യർക്ക് അന്യമല്ലാത്ത ഈ വിഷയങ്ങളിൽ ക്യാമ്പസ് എങ്ങനെ പ്രതികരിക്കുന്നു? ക്യാമ്പസിന്റെ മറുപടി തേടിയ ചോദ്യങ്ങൾ:

**സ്വാതന്ത്ര്യം**

1. നിങ്ങളുടെ കാഴ്ചപ്പാടിൽ എന്താണ് സ്വാതന്ത്ര്യം?
2. നിങ്ങൾ സ്വതന്ത്രരാണോ? വളരുന്തോറും നിങ്ങളുടെ സ്വാതന്ത്ര്യം കൂടിയോ കുറഞ്ഞോ?
3. അച്ചടക്കം എന്നത് നിങ്ങളുടെ ഉള്ളിൽ നിന്നുണ്ടായതാണോ അതോ പുറത്ത് നിന്ന് അടിച്ചേൽപ്പിക്കപ്പെട്ടതാണോ?
4. നിങ്ങൾക്ക് സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന അവസരങ്ങൾ ഏതൊക്കെയാണ്?
5. പറയാനുള്ളത് എവിടെയും പറയാൻ നിങ്ങൾക്ക് സാധിക്കുമോ?
6. ക്ലാസ്മുറിയും പരീക്ഷയും നിങ്ങളുടെ സ്വതന്ത്രചിന്താഗതിക്ക് ഇടം നൽകുന്നുണ്ടോ?
7. Social norms അനിവാര്യമാണോ?
8. നിങ്ങളുടെ ഭാവി തീരുമാനിക്കുന്നത് ആരാണ്?
9. പ്രത്യയശാസ്ത്രങ്ങൾ നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകുകയാണോ അതോ നിങ്ങളുടെ സ്വാതന്ത്ര്യം ഹനിക്കുകയാണോ?
10. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു എന്ന് നിങ്ങൾ കരുതുന്നുണ്ടോ?
11. സാമ്പത്തികശേഷി കൂടിയവർക്കാണോ സമൂഹത്തിൽ കൂടുതൽ സ്വാതന്ത്ര്യം?
12. സിനിമാതിയറ്ററിൽ ദേശീയഗാനത്തിന് എഴുന്നേറ്റു നിൽക്കാതിരിക്കുന്നത് നിങ്ങളുടെ സ്വാതന്ത്ര്യമാണോ അതോ രാജ്യദ്രോഹമാണോ?
13. വിമർശിക്കാനുള്ള സ്വാതന്ത്ര്യത്തിന് പരിധിയുണ്ടോ?
14. നിങ്ങളുടെ കാഴ്ചപ്പാടിലുള്ള സ്വാതന്ത്ര്യം മറ്റൊരാൾ അനുഭവിക്കുന്നത് നിങ്ങൾക്ക് അംഗീകരിക്കാൻ സാധിക്കുമോ?

**ലൈംഗികത**

1. ലൈംഗികത നിങ്ങളുടെ സ്വാതന്ത്ര്യമാണോ?
2. വിവാഹം ഒരു തവണയെ പാടുള്ളോ?
3. വിവാഹം ലൈംഗികതയ്ക്ക് ഒരു മാനദണ്ഡമാണോ?
4. നിങ്ങളുടെ കാഴ്ചപ്പാടിൽ എന്താണ് virginity?
   a. സ്വന്തം ഇണ virgin ആകണമെന്ന് എത്ര പേർക്ക് നിർബന്ധമുണ്ട്?
5. ഒരു വ്യക്തിക്ക് ഒരിണ – ഇതിനോടുള്ള നിങ്ങളുടെ അഭിപ്രായമെന്ത്?
6. മാതാപിതാക്കളോട് ലൈംഗികതയെപ്പറ്റി സംസാരിക്കാൻ നിങ്ങൾക്ക് സാധിക്കുമോ?
7. സ്വന്തം ലൈംഗികാഭിരുചി (hetero-,homo-, bi-) വെളിപ്പെടുത്താനുള്ള തന്റേടം നിങ്ങൾക്കുണ്ടോ?
8. Prostitution (all genders) നോട് നിങ്ങൾക്ക് യോജിപ്പാണോ വിയോജിപ്പാണോ?

9. ലൈംഗികരംഗങ്ങൾ കൈമാറുന്ന ഗ്രൂപ്പുകൾ
   രഹസ്യമാകുന്നത് എന്ത് കൊണ്ട് ?
10. വായനോട്ടത്തിൽ ലൈംഗികതയുണ്ടോ?
11. ലൈംഗികത ഇല്ലാത്ത പ്രണയമുണ്ടോ?
12. ക്ലാസ്മുറിയിൽ പരസ്പരം ലൈംഗികതയെപ്പറ്റി
    സംസാരിക്കാനുള്ള ഇടമുണ്ടോ?
13. ലൈംഗികവിദ്യാഭ്യാസം ആവശ്യമാണോ, അല്ലയോ?
    a. ആൺകുട്ടികളെയും പെൺകുട്ടികളെയും വേർതിരിച്ചിരുത്തി
       നടത്തുന്ന ലൈംഗികവിദ്യാഭ്യാസരീതിയോട് നിങ്ങൾക്ക് യോജിപ്പോ, വിയോജിപ്പോ?
14. നഗ്നത കലയാണോ?
15. ആർത്തവം അശുദ്ധിയാണോ?
    a. പെൺകുട്ടികളിൽ എത്ര പേർക്ക് ആൺസുഹൃത്തുക്കളു
       മായി ആർത്തവത്തെപ്പറ്റി സംസാരിക്കാൻ സാധിക്കും?
    b. ആൺകുട്ടികളിൽ എത്ര പേർക്ക് പെൺസുഹൃത്തുക്കൾ
       ആവശ്യപ്പെട്ടാൽ Pad വാങ്ങി നൽകാൻ സാധിക്കും?
16. ലൈംഗികത പാപമാണോ?



**കൊടുങ്കാറ്റ് കൂടുവെച്ച വിപ്ലവകലാലയത്തിലെ പ്രബുദ്ധരായ വിദ്യാർത്ഥികളിൽ കേവലം 21% പേർ മാത്രമാണ് സ്വമേധയാ അഭിപ്രായം രേഖപ്പെടുത്താൻ തയ്യാറായത്. അതായത് 1702 വിദ്യാർത്ഥികളിൽ 358 പേർ !**

19 ഡിപ്പാർട്ടുമെന്റുകളിലായി 1702 വിദ്യാർത്ഥികൾ സർവ്വേയിൽ പങ്കെടുത്തു. ഓരോ ഡിപ്പാർട്ടുമെന്റുകളിലെയും വിദ്യാർത്ഥികളെ ഒന്നിച്ചിരുത്തി നേരിട്ടുള്ള സംവേദനത്തിലൂടെയാണ് സർവ്വേ നടത്തിയത്. ഓരോ ചോദ്യത്തോടും ക്ലാസ് മുറിയിലുയരുന്ന ശബ്ദം – ഭാവം – പ്രതികരണങ്ങൾ എന്നിവയെല്ലാം തന്നെ കൃത്യമായി രേഖപ്പെടുത്തിയിരുന്നു.

കൊടുങ്കാറ്റ് കൂടുവെച്ച വിപ്ലവകലാലയത്തിലെ പ്രബുദ്ധരായ വിദ്യാർത്ഥികളിൽ കേവലം 21% പേർ മാത്രമാണ് സ്വമേധയാ അഭിപ്രായം രേഖപ്പെടുത്താൻ തയ്യാറായത്. അതായത് 1702 വിദ്യാർത്ഥികളിൽ 358 പേർ!

സ്വാതന്ത്ര്യമെന്തെന്ന ചോദ്യത്തിന് 1702 പേരിൽ 28 പേർക്ക് മാത്രമാണ് സ്വന്തമായി കാഴ്ചപ്പാടുള്ളത്. എന്നുവെച്ചാൽ 1.64% വിദ്യാർത്ഥികൾ! വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചാണ് കൂടുതൽപേരും പ്രതികരിച്ചത്. "ചരിത്രത്തിൽ മാറ്റത്തിന് ഇന്ധനമാകുന്ന ഒരു കള്ളമാണ് സ്വാതന്ത്ര്യം (History)", " സ്വാതന്ത്ര്യമാണ് എന്റെ അഭിപ്രായം (Sanskrit)" തുടങ്ങിയ കാഴ്ചപ്പാടുകൾ വിദ്യാർത്ഥികൾ പങ്കുവെച്ചു. എക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, ബോട്ടണി, ഫിലോസഫി, ജ്യോഗ്രഫി എന്നീ ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് ഈ ചോദ്യത്തിന് യാതൊരു പ്രതികരണവും ഉണ്ടായില്ല.

നിങ്ങൾ സ്വതന്ത്രരാണോയെന്ന ചോദ്യത്തിന് ഭൂരിഭാഗം വിദ്യാർത്ഥികളും 'അല്ല' എന്ന് ഒറ്റസ്വരത്തിൽ മറുപടി പറഞ്ഞു. വളരുന്തോറും സ്വാതന്ത്ര്യം കൂടുന്നുവെന്ന് 19.5% വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു. അതിൽ കൂടുതലും ആൺകുട്ടികളായിരുന്നു. പക്ഷേ മലയാളം ഡിപ്പാർട്ടുമെന്റിൽ സ്വാതന്ത്ര്യം കൂടുന്നുവെന്ന് അഭിപ്രായപ്പെട്ട 13 പേരും പെൺകുട്ടികളായിരുന്നു. അച്ചടക്കത്തിന്റെ കാര്യത്തിലാണെങ്കിൽ ഭൂരിപക്ഷം പേരും ബാഹ്യഘടകങ്ങളിൽ നിന്നാണ് തങ്ങളുടെ അച്ചടക്കം രൂപപ്പെടുന്നത് എന്ന് അഭിപ്രായപ്പെട്ടു. വീട്, സീനിയേഴ്സ്, സമൂഹം എന്നിവയാണ് അവർ പറഞ്ഞ ബാഹ്യഘടകങ്ങൾ.

സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന അവസരങ്ങൾ ഏതൊക്കെയെന്ന ചോദ്യത്തിന് കൂടുതലും പ്രതികരിച്ചത് പെൺകുട്ടികളാണ്. ഒരു 'പെൺകുട്ടി'യായി എന്നതാണ് അവരുടെ അഭിപ്രായത്തിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നതിന്റെ പ്രധാനകാരണം. വീട്ടിലും ഹോസ്റ്റലിലും കോളേജിലും അവർ വിലക്കുകൾ നേരിടുന്നു. രാത്രിയിൽ സഞ്ചരിക്കുന്നതിലും സ്വന്തം വസ്ത്രധാരണത്തിലും വിവാഹം പോലുള്ള ഏറ്റവും വ്യക്തിപരമായ തീരുമാനങ്ങളിൽ പോലും അവർ സ്വതന്ത്രരല്ല എന്നു തുറന്നുപറഞ്ഞു. അവരുടെ സ്വാതന്ത്ര്യത്തിന് വേണ്ടി അവർക്കു ചുറ്റും നിലകൊള്ളുന്ന അപ്പോസ്തലൻമാരിൽ നിന്നുപോലും നേരിടേണ്ടി വരുന്നത് സ്വാതന്ത്ര്യ നിഷേധമാണെന്ന് വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

5.4% പേരാണ് തങ്ങൾക്ക് പറയാനുള്ളത് എവിടെയും പറയാൻ പറ്റുമെന്ന് ഉറപ്പു പറഞ്ഞത്. അതിനർത്ഥം 94.6% പേർക്കും ഇത് അസാധ്യമാണ് എന്നാണ്.

ക്ലാസ്മുറി, പരീക്ഷ എന്നിവയെപ്പറ്റിയുള്ള ചോദ്യത്തിനോട് പ്രതികരിച്ചവരിൽ ഭൂരിപക്ഷം പേരും ഇവ രണ്ടും സ്വതന്ത്ര ചിന്താഗതിക്കുള്ള ഇടങ്ങളല്ല എന്നാണ് അഭിപ്രായപ്പെട്ടത്. "വിദ്യാഭ്യാസമേ സ്വതന്ത്രമല്ല" (Sanskrit) എന്നും ഒരു അഭിപ്രായം ഉയർന്നു. സെമസ്റ്റർ സമ്പ്രദായം, സിലബസ്, പരീക്ഷാരീതി, ക്ലാസ്മുറിയിലെ ആശയവിനിമയത്തിന്റെ അഭാവം തുടങ്ങിയവയാണ് സ്വതന്ത്രചിന്തയ്ക്ക് വിലങ്ങിടുന്നതെന്ന് വിദ്യാർത്ഥികൾ പ്രതികരിച്ചു. സ്വന്തം ക്ലാസ്മുറിയെക്കുറിച്ചും പരീക്ഷയെക്കുറിച്ചും യാതൊരുവിധ അഭിപ്രായവും മലയാളം ഡിപ്പാർട്ടുമെന്റിലെ വിദ്യാർത്ഥികളിൽ നിന്നും ഉണ്ടായില്ല. എന്നാൽ അറബിക് ഡിപ്പാർട്ട്മെന്റിലെ ഭൂരിപക്ഷം പെൺകുട്ടികളും തങ്ങൾ ഏറ്റവും കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നത് ക്ലാസ്മുറിയിലാണെന്ന് പറഞ്ഞത് ചിന്തിക്കേണ്ട വസ്തുതയാണ്!

Social norms അനിവാര്യമാണോയെന്ന ചോദ്യത്തിന് പൊതുവേ പ്രതികരണം കുറവായിരുന്നു. പ്രതികരിച്ചവരിൽ ഭൂരിഭാഗവും സമൂഹത്തേയും സാഹചര്യങ്ങളേയും പരിഗണിക്കുന്നതുകൊണ്ട് Social-norms വേണമെന്ന് അഭിപ്രായപ്പെട്ടു. "Social norms മറ്റു മൃഗങ്ങൾക്ക് ബാധകമല്ല, എന്തു കൊണ്ട് മനുഷ്യനുമാത്രം (Chemistry)" എന്നൊരു പ്രതികരണവുമുണ്ടായി.

ഭൂരിപക്ഷം വിദ്യാർത്ഥികളും അവരുടെ ഭാവി സ്വയം തീരുമാനിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടപ്പോൾ ചില വിദ്യാർത്ഥികൾ തങ്ങളുടെ ഭാവി നിർണയിക്കുന്ന ഘടകങ്ങളായി രക്ഷിതാക്കൾ, സാമ്പത്തികാവസ്ഥ, സാമൂഹികസാഹചര്യം, കേരള PSC എന്നിവയെ ചൂണ്ടിക്കാണിച്ചു.

ഇടതുപക്ഷ അനുഭാവികളുടെ തട്ടകമായ ക്യാമ്പസിലെ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും പ്രത്യയശാസ്ത്രത്തെപ്പറ്റിയുള്ള ചോദ്യം മനസിലായില്ല. ഇതിനോട് അഭിപ്രായമില്ലായെന്ന് രേഖപ്പെടുത്തിയവരാണ് ഏറെയും. അഭിപ്രായം പറഞ്ഞവരിൽ വിരലിലെണ്ണാവുന്നവർ പ്രത്യയശാസ്ത്രങ്ങൾ സ്വാതന്ത്ര്യം നൽകുന്നുവെന്ന് അഭിപ്രായപ്പെട്ടു.

1702 പേരിൽ 28 പേർ മാത്രമാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചുവെന്ന് അഭിപ്രായപ്പെട്ടത്. അതും കൊളോണിയൽ ഭരണത്തിൽ നിന്നും മാത്രമുള്ള സ്വാതന്ത്ര്യം. രാഷ്ട്രീയം, ജാതി, മതം എന്നിവയിൽ നിന്നും ഇനിയും ഇന്ത്യ സ്വതന്ത്രമാവാനുണ്ടെന്ന് ഭൂരിപക്ഷം പേരും സൂചിപ്പിച്ചു. ഈ ചോദ്യത്തോട് ഫിലോസഫി ഡിപ്പാർട്ടുമെന്റിൽ നിന്നുയർന്ന ഒരു പ്രതികരണം "ഇന്ത്യ സ്വതന്ത്രയല്ല, പക്ഷേ കേരളം സ്വതന്ത്രമാണ്" എന്നാണ്. ഉടനടി മറ്റൊരു വിദ്യാർത്ഥി പറഞ്ഞത് "ഇ.എം.എസാണ് കേരളത്തിന് സ്വാതന്ത്ര്യം നൽകിയത്" എന്നാണ്.

സാമ്പത്തികശേഷി കൂടിയവർക്കാണ് സമൂഹത്തിൽ കൂടുതൽ സ്വാതന്ത്ര്യമെന്ന് ഭൂരിപക്ഷം വിദ്യാർത്ഥികളും അഭിപ്രായപ്പെട്ടു. സാമ്പത്തികശേഷി കൂടിയവർക്ക് സ്വാതന്ത്ര്യമല്ല, സ്വാധീനമാണ് കൂടുതലെന്നും ചിലർ പ്രതികരിച്ചു. സ്വാതന്ത്ര്യത്തിന്റെ മാനദണ്ഡം സാമ്പത്തികശേഷിയല്ല മറിച്ച് വിദ്യാഭ്യാസം, ചിന്താശേഷി എന്നിവയാണെന്നും അഭിപ്രായമുണ്ടായി.

സിനിമാതിയറ്ററിൽ ദേശീയഗാനത്തിന് എഴുന്നേറ്റ് നിൽക്കാതിരിക്കുന്നത് 159 വിദ്യാർത്ഥികൾ രാജ്യദ്രോഹമായി കണക്കാക്കുന്നു. ഹിസ്റ്ററി, അറബിക് ഡിപ്പാർട്ടുമെന്റുകളിലെ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഇതേ അഭിപ്രായമാണുള്ളത്. എഴുന്നേറ്റു നിൽക്കാതിരിക്കുന്നത് തങ്ങളുടെ സ്വാതന്ത്ര്യമാണെന്നും സിനിമാതിയറ്ററല്ല ദേശീയഗാനത്തിനുള്ള ഇടമെന്നും വിദ്യാർത്ഥികൾ അഭിപ്രായം ഉന്നയിക്കുകയുണ്ടായി.

ദേശീയത വളർത്തുകയെന്നതാണ് ലക്ഷ്യമെങ്കിൽ ഗവൺമെന്റ് ഓഫീസുകളിലാണ് ദേശീയഗാനം ആദ്യം ഇടേണ്ടതെന്നും അഭിപ്രായമുയർന്നു.

വിമർശന സ്വാതന്ത്ര്യത്തിന് പരിധിയുണ്ടെന്നാണ് ഭൂരിപക്ഷാഭിപ്രായം. നിലവിലെ സാഹചര്യത്തിൽ വിമർശിക്കാനുള്ള സ്വാതന്ത്ര്യം പോലുമില്ലെന്ന അഭിപ്രായവും ഉണ്ടായി. തങ്ങളുടെ കാഴ്ചപ്പാടിലുള്ള സ്വാതന്ത്ര്യം മറ്റൊരാൾ അനുഭവിക്കുമ്പോൾ അതംഗീകരിക്കാനുള്ള സന്നദ്ധത എല്ലാ വിദ്യാർത്ഥികളും പ്രകടിപ്പിച്ചുവെന്നിരിക്കേ, ഈ അഭിപ്രായം പൊള്ളത്തരമല്ലേയെന്ന ജ്യോഗ്രഫി ഡിപ്പാർട്ടുമെന്റിലെ ഒരു വിദ്യാർത്ഥിയുടെ ചോദ്യത്തിനോട് അവിടുത്തെ എല്ലാ വിദ്യാർത്ഥികളും യോജിക്കുകയും ചെയ്തു. അതിനാൽ വിദ്യാർത്ഥികളുടെ സന്നദ്ധതയുടെ ആധികാരികത ചോദ്യം ചെയ്യപ്പെടുന്നു.



ലൈംഗികത നിങ്ങളുടെ സ്വാതന്ത്ര്യമാണോയെന്ന ചോദ്യത്തിന് ലഭിച്ചത് 'ആണ്' എന്ന കോറസ് ഉത്തരമാണ്. വ്യക്തിപരമായ അഭിപ്രായങ്ങൾ ഉണ്ടായില്ല. പക്ഷേ, ഭാവ വ്യത്യാസങ്ങളുടെ വൈരുധ്യം ഇവിടെ ആരംഭിക്കുന്നു. ഭയം, ഞെട്ടൽ, അസ്വസ്ഥത, പ്രതികരണവിമുഖത തുടങ്ങിയവ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പ്രകടമായിരുന്നു.

ഭൂരിപക്ഷം വിദ്യാർത്ഥികളുടേയും നിലപാട് വിവാഹം ഒരു തവണയേ പാടുള്ളൂ എന്നതായിരുന്നു. അതിനവർ പറഞ്ഞ പ്രധാന കാരണം 'ഇന്ത്യയുടെ സംസ്കാരം' എന്നതാണ്. അഭിപ്രായം പറഞ്ഞവരിൽ കൂടുതലും ഒരു സമയം ഒന്നെന്ന നിലപാട് എടുത്തവരാണ്. "ശ്രീരാമന്റെ രീതിയിൽ വിശ്വസിക്കുന്നതുകൊണ്ട് ഒരു തവണ വിവാഹം" (Political Science) എന്നൊരഭിപ്രായവും ഉണ്ടായി. "അതവന്റെ കഴിവിനനുസരിച്ച്" എന്ന കമന്റും പലയിടത്തു നിന്നും ഉയർന്നു.

വിവാഹമാണ് ലൈംഗികതയുടെ മാനദണ്ഡമെന്ന് ഭൂരിപക്ഷവും അഭിപ്രായപ്പെട്ടു. ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഭൂരിപക്ഷം വിദ്യാർത്ഥികളും വിവാഹം ലൈംഗികതയ്ക്ക് ഒരു മാനദണ്ഡമല്ല എന്ന് പ്രതികരിച്ചു. ഈ അഭിപ്രായക്കാർ "Physical intimacy is not a crime" (Economics), "വിവാഹത്തിൽ ലൈംഗികതയെ തളച്ചിടരുത്" (Malayalam) എന്നീ പ്രസ്താവനകൾ ഉയർത്തി.


"ഒരാളോടുള്ള നീതി പുലർത്തലാണ് Virginity"(Economics), "പൊക്കിളിന് താഴെയാണ് ആണും പെണ്ണുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല" (Physics), "പെണ്ണിന്റെ കൈയ്യിൽ പൂട്ടും മറ്റൊരാണിന്റെ കയ്യിൽ താക്കോലും ഇരിക്കുന്ന അവസ്ഥ" (Philosophy), "മനസിലെങ്കിലും വ്യഭിചരിക്കാത്തവരായി ആരുമില്ല, Nobody is Virgin"(Philosophy), "അവസരം കിട്ടാത്തതാണ് Virginity" (Chemistry), "സ്ത്രീകളുടെ വിഷയം അതവരോട് ചോദിക്കൂ, ആണുങ്ങൾക്ക് അതാവശ്യമില്ല" (History), "കന്യകാത്വം പൊട്ടുന്നതാണ്" (Political Science), "സെക്സ് ചെയ്യുകയല്ല Virginity യുടെ മാനദണ്ഡം, Virgin knot പൊട്ടാൻ സൈക്കിൾ ചവിട്ടിയാൽ മതി" (Political Science, Geography),"അമ്മ എന്നത് സത്യവും അച്ഛനെന്നത്

**"Physical intimacy is not a crime" (Economics)**

വിശ്വാസവുമായിരിക്കേ എന്ത് ആധികാരികതയാണ് Virginity പോലുള്ള സങ്കൽപ്പങ്ങൾക്ക്"(Geography) എന്നിവയാണ് Virginityയെക്കുറിച്ച് പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നുയരുന്ന കാഴ്ച്ചപ്പാടുകൾ. അറബിക് ഡിപ്പാർട്ട്മെന്റിലെ നാല് പെൺകുട്ടികൾ Virginityയെന്ന് കേട്ടിട്ടേയില്ല എന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്.

ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും സ്വന്തം ഇണ Virgin ആകണം എന്ന് നിർബന്ധമുണ്ട്. Virginity എന്തെന്ന് അറിയാത്തവർക്ക് പോലും Virgin ഇണ വേണമെന്ന അഭിപ്രായം ആശ്ചര്യമുളവാക്കുന്നു. Psychology-Sanskrit ഡിപ്പാർട്ടുമെന്റുകളിലെ ഭൂരിപക്ഷം വിദ്യാർത്ഥികളും ഇണ Virgin ആകണമെന്ന് നിർബന്ധമില്ലെന്ന് അഭിപ്രായപ്പെട്ടു. "പങ്കാളി Virgin ആകണമെന്ന് നിർബന്ധം പിടിക്കുന്നത് മറ്റൊരാളുടെ ലൈംഗിക സ്വാതന്ത്ര്യം ഇല്ലാതാക്കുന്നു"(Mathematics). "കടയിൽ പോയി പച്ചക്കറി വാങ്ങുമ്പോൾ അഴുകിയത് വാങ്ങില്ല"(Physics) എന്ന അഭിപ്രായത്തിന് മറുപടിയായി "വിവാഹം വിൽപ്പനച്ചരക്കല്ല" (Physics), "യൂസ് ചെയ്ത ബോളും യൂസ് ചെയ്യാത്ത ബോളും വെച്ചാൽ ഏത് സ്വീകരിക്കും" (Geography) ഇവയൊക്കെയാണ് പ്രധാന പ്രതികരണങ്ങൾ. "റേപ്പ് ചെയ്യപ്പെട്ട പെൺകുട്ടിയെ വിർജിൻ ആയി കണക്കാക്കുമെന്ന" (Geography) അഭിപ്രായവും ഉണ്ടായി.

ഒരു വ്യക്തിക്ക് ഒരിണ മതിയെന്ന് അഭിപ്രായപ്പെടുന്നവരാണ് ഭൂരിഭാഗം വിദ്യാർത്ഥികളും. ചിലർ ഒരു സമയം ഒരിണ എന്ന നിലപാടും അറിയിച്ചു. ചിലരാകട്ടെ "അത് വിധവകൾക്കാകാം"(Botany) എന്നാണ് മറുപടി പറഞ്ഞത്. "ആരുടെകൂടെ പോയാലും ഒരേ സുഖം" (Malayalam) എന്നും ഒരഭിപ്രായം ഉണ്ടായി. ചോദ്യവിശദീകരണത്തിലെ, ഒരു പുരുഷന് ഒരു പുരുഷൻ, ഒരു സ്ത്രീക്ക് ഒരു സ്ത്രീ എന്നീ പ്രയോഗങ്ങൾ കേട്ട് സംശയവും പുച്ഛവും കളിയാക്കലും കമന്റടികളും ക്ലാസ് മുറിയിലുണ്ടായി. "ഇത് തിരുവനന്തപുരമാണ്, കുണ്ടന്നൂരല്ല" (Arabic) എന്നതാണ് ഒരു കമന്റ്. Psychology-Sanskrit ഡിപ്പാർട്ടുമെന്റുകൾ മാത്രമാണ് ഈ പ്രയോഗങ്ങളെ സ്വാഭാവികതയോടെ സ്വീകരിച്ചത്.




1702 വിദ്യാർത്ഥികളിൽ 104 പേർക്ക് മാത്രമാണ് സ്വന്തം മാതാപിതാക്കളോട് ലൈംഗികതയെപ്പറ്റി സംസാരിക്കാൻ കഴിയുന്നത്. അതായത് 6.1% വിദ്യാർത്ഥികൾ. "സംസാരിക്കാനുള്ള Free Space പോലുമില്ലാത്തപ്പോൾ എങ്ങനെ ലൈംഗികതയെക്കുറിച്ച് സംസാരിക്കാനാണ്"(Geography)എന്നൊരു അഭിപ്രായമുണ്ടായി. "മാതാപിതാക്കളോട് ഇത് സംസാരിക്കേണ്ട ആവശ്യമില്ലെന്നും മാധ്യമങ്ങളുള്ളപ്പോൾ എന്തിന് സംസാരിക്കണമെന്നും" അഭിപ്രായങ്ങളുയർന്നു.

സ്വന്തം ലൈംഗികാഭിരുചി വെളിപ്പെടുത്താൻ ചോദ്യം കേട്ടയുടനെ ആരും തയ്യാറായില്ല. വെളിപ്പെടുത്താൻ തയ്യാറായവരിൽ എല്ലാവരും Heterosexual എന്നാണ് പറഞ്ഞത്. ഈ ചോദ്യത്തിന്, ഞാനൊരു പെൺകുട്ടിയാണ്, ആൺകുട്ടിയാണ് എന്നൊക്കെ പറഞ്ഞതിലൂടെ ജെൻഡറും സെക്ഷ്വാലിറ്റിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള അറിവില്ലായ്മ പ്രകടമാകുന്നു. ഈ അറിവില്ലായ്മ മൂലം Homosexual എന്ന് തെറ്റിപ്പറഞ്ഞ വിദ്യാർത്ഥിക്ക് കളിയാക്കലുകളും നേരിടേണ്ടി വന്നു.

ഭൂരിഭാഗം വിദ്യാർത്ഥികളും Prostitution-നോട് വിയോജിക്കുന്നു. "അത് തെറ്റാണ്", "സംസ്കാരത്തിന് യോജിക്കുന്നതല്ല", "സാധാരണ സ്ത്രീ ഇതിന് തയ്യാറാവില്ല", "കാമവെറി ഉള്ളവരാണിവർ" തുടങ്ങിയ അഭിപ്രായങ്ങൾ വിയോജിച്ചവർ പറഞ്ഞു. ചില വിദ്യാർത്ഥികൾ Prostitution-ലേക്ക് നയിക്കപ്പെടുന്നതിന്റെ സാമൂഹിക സാഹചര്യങ്ങളെ ഉൾക്കൊള്ളുന്നു. Prostitution ലൈംഗിക ദാരിദ്ര്യം കുറയ്ക്കുമെന്നും റേപ്പ് ഒഴിവാക്കാൻ സഹായിക്കുമെന്നും നിയമാനുസൃതമാക്കണമെന്നും അഭിപ്രായമുണ്ടായി. "Porn stars-നെ അംഗീകരിക്കുന്നവർ എന്തുകൊണ്ട് Prostitution-നോട് വിയോജിക്കുന്നു" (Psychology) എന്ന പ്രതികരണവും ഉണ്ടായി. "പണം നൽകി ചെയ്യുന്നതാണോ അതോ അല്ലാതെ ചെയ്യുന്നതാണോ നിങ്ങളുദ്ദേശിക്കുന്ന Prostitution" എന്ന ചോദ്യത്തിലൂടെ അവർക്കിതിലുള്ള അറിവില്ലായ്മ വ്യക്തമാകുന്നു. "ചോദ്യം Ambiguous ആണെന്ന ആരോപണവും" ഇതുതന്നെ സൂചിപ്പിക്കുന്നു. ചോദ്യം അവതരിപ്പിച്ചപ്പോൾ തന്നെ 'വെടി' എന്ന പ്രയോഗവുമുണ്ടായി.

**ഞങ്ങൾ 'നല്ല' കുട്ടികളായതു കൊണ്ട് ലൈംഗികതയെപ്പറ്റി സംസാരിക്കില്ല**

ലൈംഗികരംഗങ്ങൾ കൈമാറുന്നത് രഹസ്യമാവുന്നതിനെക്കുറിച്ച് പലവിധം അഭിപ്രായങ്ങളുണ്ടായി. ലൈംഗിക വിദ്യാഭ്യാസത്തിന്റെ കുറവ്, കപട സദാചാരത്തിന്റെ ബാക്കി, മറ്റുള്ളവർ എന്ത് വിചാരിക്കുമെന്ന ഭയം, കുട്ടികളിൽ നിന്ന് മറച്ചു പിടിക്കാൻ, സമൂഹത്തിലുള്ള വില, രഹസ്യമാകുന്നത് ഒരു Psychological Fact ആണ്, സൈബർക്രൈം ആയതു കൊണ്ട്, ഇന്ത്യൻ ശിക്ഷാനിയമം തുടങ്ങിയവയാണ് കാരണങ്ങളായി പറഞ്ഞത്. വിവരമുള്ളതു കൊണ്ടും ഇത് തെറ്റാണെന്ന് ബോധ്യമുള്ളതിനാലുമാണ് രഹസ്യമാകുന്നത് എന്ന് പറഞ്ഞവരുമുണ്ട്.

വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പേരും വായ നോക്കുന്നു, അതിലധികംപേരും വായനോട്ടത്തിൽ ലൈംഗികതയില്ലെന്ന് അഭിപ്രായപ്പെട്ടു. സൗന്ദര്യാസ്വാദനമായി ഇവർ വായനോട്ടത്തെ കാണുന്നു. നോക്കുന്ന ആൾക്കനുസരിച്ചും എവിടെനോക്കുന്നു എന്നതിനനുസരിച്ചും വായ നോട്ടത്തെ പ്രേമത്തോടെയെന്നും കാമത്തോടെയെന്നും വേർതിരിക്കാമെന്ന് അഭിപ്രായമുണ്ടായി. വസ്ത്രധാരണത്തിലെ പ്രത്യേകത മൂലം എടുത്തു കാണപ്പെടുന്ന ശരീരഭാഗങ്ങളിലേക്ക് നോക്കുന്നത് സ്വാഭാവികമാണെന്നും പ്രതികരിച്ചു. "ശരീരം കൊണ്ട് സാധിക്കാത്തവർ കണ്ണുകൊണ്ട് സാധിക്കുന്നു", "ലൈംഗികതയില്ലാത്ത വായനോട്ടം Biological Disorder ആണ്" തുടങ്ങിയവയാണ് മറ്റു പ്രതികരണങ്ങൾ. വായനോട്ടത്തിലെ ലൈംഗികതയെക്കുറിച്ച് "Brain and Butt Theory" ഉപയോഗിച്ചുള്ള സാധൂകരണവും (Political Science) ഉണ്ടായി.



ലൈംഗികതയില്ലാത്ത പ്രണയത്തിൽ വിശ്വസിക്കുന്നവരാണ് ഭൂരിഭാഗം വിദ്യാർത്ഥികളും. തികച്ചും മാനസികവും വൈകാരികവുമാണ് അവരുടെ പ്രണയം. ' Pure Love '-ൽ സെക്സിന് സ്ഥാനമില്ലെന്നാണ് അഭിപ്രായം. ഇക്കൂട്ടർ വിവാഹത്തിന് ശേഷം മാത്രമാണ് സെക്സിന് സ്ഥാനം നൽകുന്നത്. "താലികെട്ടി കൂടെ പോറ്റാൻ കഴിഞ്ഞാലേ ശരീരത്തിൽ തൊടുകയുള്ളൂ" (Malayalam) എന്ന് പ്രതിജ്ഞയെടുത്തവരുമുണ്ട്. ആത്യന്തികമായി പ്രണയം ലൈംഗികതയാണെന്ന് ന്യൂനപക്ഷം അഭിപ്രായപ്പെട്ടു. "മോക്ഷം കിട്ടാൻ വേണ്ടി ആരും പ്രണയിച്ചിട്ടില്ല, ഓഷോ പറഞ്ഞതനുസരിച്ച് പ്രണയം ആത്യന്തികമായി രതിയാണ്" (Philosophy). "Love is Lust" (English), "സെക്സും ഓർഗാസവും ആരോഗ്യത്തിന് ഗുണകരമാണ്"(Political Science) എന്നിവയാണ് ഇവരുടെ പ്രതികരണങ്ങൾ.

പ്രണയം എന്തിനോടും ആകാം, മനുഷ്യരോടുള്ള പ്രണയത്തിൽ ലൈംഗികതയുണ്ട് എന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. " ശാരീരിക വൈകല്യമുള്ളവരാണ് മനസുകൊണ്ട് പ്രണയിക്കുന്നത് " അല്ല, " മാനസിക വൈകല്യമുള്ളവരാണ് ശരീരം കൊണ്ട് പ്രണയിക്കുന്നത് " എന്ന എതിരഭിപ്രായങ്ങൾ Political Science ഡിപ്പാർട്ട്മെന്റിൽ നിന്നുണ്ടായി. ഇതൊന്നും കൂടാതെ ആറ് പെൺകുട്ടികൾ പ്രണയം എന്തെന്നറിയില്ല എന്ന് പറഞ്ഞ് ഞെട്ടിച്ചു! 10.9% വിദ്യാർത്ഥികൾക്കാണ് സഹപാഠികളുമായി പരസ്പരം ലൈംഗികതയെപ്പറ്റി ക്ലാസ്മുറിയിൽ സംസാരിക്കാനുള്ള ഇടമുള്ളത്. ബാക്കിയുള്ളവരിൽ ഒരേ ജെൻഡറിനോട് മാത്രം സംസാരിക്കാൻ തയ്യാറാവുന്നവരുണ്ട്. "ക്ലാസിലെ പെൺകുട്ടികളെ അമ്മ – പെങ്ങൻമാരായി കാണുന്നതുകൊണ്ട് സംസാരിക്കാൻ പറ്റില്ല" (Botany) എന്നൊരു പ്രതികരണമുണ്ടായി. വിവരമുള്ളതുകൊണ്ട്, സ്വകാര്യതയാണ്, സംസ്കാരം എന്നിവയാണ് വിദ്യാർത്ഥികൾ ലൈംഗികതയെപ്പറ്റി സംസാരിക്കാത്തതിന് കാരണങ്ങളായി ചൂണ്ടിക്കാട്ടിയത്. ഞങ്ങൾ 'നല്ല' കുട്ടികളായതുകൊണ്ട് ലൈംഗികതയെപ്പറ്റി സംസാരിക്കില്ല എന്നും കേട്ടു.

ഒരാളൊഴികെ എല്ലാ വിദ്യാർത്ഥികളും ലൈംഗികവിദ്യാഭ്യാസം ആവശ്യമാണെന്ന നിലപാട് വ്യക്തമാക്കി. "മനുഷ്യന് അതിന്റെ ആവശ്യമില്ല, തനിയേ പഠിച്ചോളും ആരും പഠിപ്പിക്കേണ്ട" എന്ന് ആ ഒറ്റയാൻ അഭിപ്രായപ്പെട്ടു. ആൺകുട്ടികളെയും പെൺകുട്ടികളെയും വേർതിരിച്ചിരുത്തിയുള്ള ലൈംഗികവിദ്യാഭ്യാസരീതിയോട് ഭൂരിപക്ഷം വിദ്യാർത്ഥികളും വിയോജിച്ചു. എന്നാൽ ഒരുമിച്ചിരുത്തിയാൽ അത് ലൈംഗികതയ്ക്കുള്ള പ്രേരണയാകുമെന്നും അതുകൊണ്ട് സംസ്കാരത്തെ മുൻനിർത്തി വേർതിരിച്ചിരുത്തണമെന്നും ഒറ്റപ്പെട്ട അഭിപ്രായമുണ്ടായി.

കാണുന്നവന്റെ കാഴ്ച്ചപ്പാടിനനുസരിച്ചാണ് നഗ്നത കലയാകുന്നതും അല്ലാതാകുന്നതും. "ദൈവത്തിന്റെ കലയല്ലേ നഗ്നത" (Geography) എന്നും കാനായിയുടെ ശിൽപ്പങ്ങളും രാജാരവിവർമ്മയുടേയും എം എഫ് ഹുസൈന്റെയും ചിത്രങ്ങളും നഗ്നതയെ കലയായിട്ടാണ് ആവിഷ്കരിക്കുന്നതെന്നും അഭിപ്രായങ്ങൾ ഉണ്ടായി. അതേ സമയം, ചിത്രകാരന്റെ ഉദ്ദേശം ലൈംഗിക പ്രേരണയാണെന്നും മറച്ചുവെക്കേണ്ടത് മറച്ചുവെക്കണമെന്നും പ്രതികരണങ്ങളുയർന്നു. നഗ്നതയും ലൈംഗികതയും ചേരുമ്പോൾ അശ്ലീലമാകുന്നു, അശ്ലീല വീഡിയോകൾ കലാസൃഷ്ടികളാകുമോ, പുരുഷൻ നഗ്നനായി വന്നാൽ ഞാനാസ്വദിക്കില്ല എന്നും വിദ്യാർത്ഥികൾ പറഞ്ഞു. നഗ്നത കലയാണ്, പക്ഷേ പ്രദർശിപ്പിക്കേണ്ടതില്ല എന്ന 'യുക്തി'യും ഇവിടെ പ്രകടമായി.

ആർത്തവം അശുദ്ധിയല്ല എന്നാണ് ഭൂരിപക്ഷാഭിപ്രായം. എന്നാൽ 21 വിദ്യാർത്ഥികൾ അതിനെ അശുദ്ധിയായി കാണുന്നു. അവരിൽ 18 പേർ പെൺകുട്ടികൾ! 28 പേർ മാത്രമാണ് ആർത്തവസമയത്ത് ആരാധനാലയങ്ങളിൽ പോകുമെന്നും മറ്റു ദിനചര്യകൾ തുടരുമെന്നും വ്യക്തമാക്കിയത്. അതിനാൽ ആർത്തവത്തെ അശുദ്ധിയായി കാണുന്നില്ല എന്ന ഭൂരിപക്ഷാഭിപ്രായത്തിലെ പൊള്ളത്തരം വെളിവാകുന്നു. കുടുംബം, മതം, വിശ്വാസം, സംസ്കാരം, സമൂഹം തുടങ്ങിയ ഘടകങ്ങളുടെ സമ്മർദ്ദമാണ് ആർത്തവത്തെ അശുദ്ധിയും വിശുദ്ധിയുമൊക്കെ ആക്കിമാറ്റുന്നത്.

"ശരീരം വിശ്രമം ആവശ്യപ്പെടുന്നതിനാലാണ് ആർത്തവസമയത്ത് നിസ്കരിക്കരുതെന്ന് പറയുന്നത്" (Geography, Physics) എന്നതാണ് ഒരു അഭിപ്രായം. "ആർത്തവ സമയത്ത് പെൺകുട്ടികൾക്ക് ദൈവികഭാവം കൈവരും. ഈ സമയത്ത് അമ്പലത്തിൽ പ്രവേശിച്ചാൽ പെൺകുട്ടിയുടെ ചൈതന്യം താങ്ങാനാവാതെ ദേവി ഇറങ്ങിയോടും" (Hindi). ഇത് മറ്റൊന്ന്!

ഇതിന് 'ശാസ്ത്രീയമായ' വിശദീകരണമെന്തെന്നാൽ ആർത്തവസമയത്ത് പെൺകുട്ടികളിൽ നെഗറ്റീവ് എനർജിയുണ്ടാകും. ഈ സമയത്ത് അമ്പലത്തിൽ പ്രവേശിച്ചാൽ വിഗ്രഹത്തിന്റെ പോസിറ്റീവ് എനർജിയെ അത് ബാധിക്കും" (Geography) എന്ന അഭിപ്രായത്തോട് "എങ്കിൽ എനിക്കിപ്പോൾ മെൻസസ് ആണെന്നും ഇവിടെ എത്രപേർക്ക് നെഗറ്റീവ് എനർജി ബാധിക്കുന്നുണ്ടെന്നും" (Geography) എതിരഭിപ്രായം ഉയർന്നു.

"ദൈവങ്ങൾക്ക് മാത്രമാണ് ആർത്തവത്തെ പേടി", "ആചാരങ്ങൾ വെറും അന്ധവിശ്വാസം മാത്രമാണ്", "ഈ അശുദ്ധിയുടെ ഫലമാണ് നമ്മളെല്ലാവരും" എന്നും പ്രതികരണങ്ങളുണ്ടായി. ആർത്തവം അശുദ്ധിയാണെന്ന ഒരു ആൺകുട്ടിയുടെ അഭിപ്രായത്തോട് എത്രപേർ ആർത്തവം ഉണ്ടാകാത്ത പെൺകുട്ടിയെ സ്വീകരിക്കാൻ തയ്യാറാകുമെന്ന മറുചോദ്യവും Botany ഡിപ്പാർട്ട്മെന്റിലുണ്ടായി. എനിക്ക് ആർത്തവമാണെന്ന് ആൺസുഹൃത്തുക്കളോട് പറയാൻ തയ്യാറായത് 64 പെൺകുട്ടികൾ മാത്രം. അതേ സമയം, പെൺസുഹൃത്തുക്കൾ ആവശ്യപ്പെട്ടാൽ Pad വാങ്ങി നൽകാൻ 252 ആൺകുട്ടികൾ സന്നദ്ധരാണ്!

ലൈംഗികത ഒരു പാപമാണോ എന്ന അവസാന ചോദ്യത്തിന് ഭൂരിപക്ഷം പേരും അല്ല എന്ന് അഭിപ്രായപ്പെട്ടു !!!

സർവ്വേയ്ക്ക് ശേഷം സമ്മിശ്രപ്രതികരണങ്ങളാണുണ്ടായത്. ഇത്തരം ചർച്ചകൾ ക്യാമ്പസിനാവശ്യമാണ്. ഇപ്പോഴാണ് ഈ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാൻ ഒരവസരം ലഭിച്ചത്, ലൈംഗികത എന്ന വിഷയത്തോടുള്ള തൊട്ടുകൂടായ്മ മാറാൻ സഹായിക്കും, ക്യാമ്പസ് ഉണർന്നു, മികച്ച ചോദ്യങ്ങൾ തുടങ്ങിയവക്കൊപ്പം ഈ വിഷയങ്ങളാണോ മാഗസിന് വേണ്ടത്, തുണ്ടെഴുത്ത്, ലൈംഗികത എന്ന വിഷയത്തിന്റെ അതിപ്രസരം, അതിര്

**"ദൈവങ്ങൾക്ക് മാത്രമാണ് ആർത്തവത്തെ പേടി"**

കടന്ന ചോദ്യങ്ങൾ, അശ്ലീലം, ശരിക്കും മാഗസിന്റെ പേരെന്താ? ദാരിദ്ര്യം-പ്രകൃതി സംരക്ഷണം-കോളേജ് അന്തരീക്ഷം തുടങ്ങിയവ ചർച്ച ചെയ്തുകൂടെ? 18-ഉം 19-ഉം മാത്രം പ്രായമുള്ളവരോട് ഇതൊക്കെയാണോ ചോദിക്കുക? കൂടുതൽ ചോദ്യങ്ങളും പെൺകുട്ടികൾക്കുള്ളതാണ്; ആൺകുട്ടികൾക്കായി ചോദ്യമില്ല, ഇതൊക്കെ തുറന്ന വേദിയിൽ സംസാരിക്കേണ്ടതാണോ, ഇങ്ങനെ സർവ്വേ നടത്താൻ എന്തിന്റെ കേടാണ്, വേറെ എത്രയോ സർഗാത്മകമായ വിഷയങ്ങളുണ്ട്, പ്രണയവും സർഗാത്മകതയുമുള്ള ക്യാമ്പസിൽ ഇതൊക്കെയാണോ ചർച്ച ചെയ്യേണ്ടത് എന്നിങ്ങനെയും വിദ്യാർത്ഥികൾ പ്രതികരിച്ചു.



സർവ്വേയെക്കുറിച്ച് അധ്യാപകർ പ്രതികരിച്ചതാകട്ടെ, "എല്ലാ തരം Data Collection-ഉം നല്ലതാണ്. അതുകൊണ്ട് മുന്നോട്ട് പോവുക" (Political Science), "ഇത്തരം സർവ്വേയ്ക്ക് സമയമില്ല; ആർട്സ് വിഷയങ്ങൾ പോലെയല്ല സയൻസ് വിഷയങ്ങൾ. അക്കാദമിക്സ് ശ്രദ്ധിക്കണം" (Mathematics), "ആദ്യം ബോർഡ് കണ്ട് ഞെട്ടി, പിന്നെ ഒരു പരിധി വരെ ചർച്ചയാകാമെന്ന് തോന്നി" (Hindi), "മൂല്യങ്ങളിൽ നിന്നുകൊണ്ട് ചർച്ച ചെയ്യണം" (Sanskrit), "എല്ലാ വിഷയങ്ങളും ക്യാമ്പസിൽ ചർച്ച ചെയ്യണം" (Islamic History), "വലിയ മാനങ്ങൾ നൽകി ചർച്ച ചെയ്യപ്പെടേണ്ടതാണിവ, പക്ഷേ വിദ്യാർത്ഥികളുടെ മറുപടിയിലെ പൊള്ളത്തരവും സത്യസന്ധതയും തിരിച്ചറിയണം" (Philosophy) "സ്വാതന്ത്ര്യത്തെക്കുറിച്ച് ഇവിടെയുള്ള വിദ്യാർത്ഥികൾ എത്രമാത്രം കൃത്യമായി പ്രതികരിക്കും എന്നതിൽ സംശയമുണ്ട്" (Physics), "ഈ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്" (Economics, Arabic).

"ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ ഇതല്ലെങ്കിൽ മറ്റേതാണ്?" (English), "ഗോപ്യമായി വയ്ക്കേണ്ട 'ഇതൊ'ക്കെ, you know 'it', obviously മറച്ചുതന്നെവെക്കണം" (English), "പ്രായവും പക്വതയും പരിഗണിച്ചു മാത്രമേ, ലൈംഗികത ചർച്ച ചെയ്യാൻ പാടുള്ളു" (English), "ഈ വിഷയങ്ങളിൽ സർവ്വേയ്ക്ക് നീതി പുലർത്താൻ പറ്റുമോ എന്ന് സംശയമുണ്ട്" (English), "അനിവാര്യമായ വിഷയങ്ങളാണ് ഇവ രണ്ടും; Physical relation എന്നതിലുപരി രതിസങ്കൽപ്പസൗന്ദര്യത്തെ കുട്ടികൾ തിരിച്ചറിയണം" (Malayalam), "സാധാരണ വിഷയങ്ങളായ ഇവ ക്യാമ്പസ് ചർച്ച ചെയ്യട്ടേ" (Malayalam), "സാമൂഹികകാര്യങ്ങളായ ഇവ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടട്ടേ.. അക്കാദമിക വിഷയങ്ങളല്ലേ ഇതൊക്കേ" ( Malayalam).

<u>സർവ്വേക്കല്ലുകൾക്ക് പറയാനുള്ളത്</u>

**അപചയം!**

ചിന്തകൾ ഉരുത്തിരിയേണ്ടയിടം തരിശായിരിക്കുന്നു. സ്വന്തം അഭിപ്രായം പറയാൻ ധൈര്യം കാണിച്ച വിദ്യാർത്ഥികൾ 21% ലേക്ക് ചുരുങ്ങുമ്പോൾ പാസ്മാർക്ക് കിട്ടാതെ തോറ്റുപോകുകയാണ് ക്യാമ്പസ് ഇവിടെ. ജീവിതസമവാക്യത്തിലെ പൂരകഘടകങ്ങളായ സ്വാതന്ത്ര്യത്തോടും ലൈംഗികതയോടും 79% വിദ്യാർത്ഥികളും നിശബ്ദത പാലിക്കുന്നത് എന്തുകൊണ്ട്?

സ്വന്തമായ ഒരു കാഴ്ചപ്പാടോ വ്യക്തമായ ഒരു നിലപാടോ രൂപീകരിക്കാനാവാതെ ബിരുദവും ബിരുദാനന്തര ബിരുദവും കഴിഞ്ഞ് പോവുകയാണ് വിദ്യാർത്ഥികൾ. അതു കൊണ്ട് തന്നെ എല്ലാ ചോദ്യങ്ങളിലും ഇവർക്ക് ആൾക്കൂട്ടത്തിനൊപ്പം ലയിച്ചു ചേരേണ്ടി വരുന്നു. തുല്യ പരിഗണനയർഹിക്കുന്ന സ്വാതന്ത്ര്യം, ലൈംഗികത എന്നീ വിഷയങ്ങളോട് വിദ്യാർത്ഥികൾ സ്വീകരിച്ച മനോഭാവത്തിലുള്ള വൈരുധ്യം, ലൈംഗികതയോട് അവർക്കുള്ള അസഹിഷ്ണുതയണ് വെളിപ്പെടുത്തുന്നത്. ലൈംഗികത എന്ന വിഷയം അവതരിപ്പിക്കപ്പെടുമ്പോൾതന്നെ ലൈംഗിക ചേഷ്ടകളായിട്ടാണ് ഭൂരിപക്ഷവും മനസിലാക്കുന്നത്. ചില അധ്യാപകർ പോലും ഇങ്ങനെയാണ് ഈ വിഷയത്തെ ഉൾക്കൊള്ളുന്നത്. സ്വാതന്ത്ര്യവും ലൈംഗികതയും അക്കാദമിക്സിൽ നിന്ന് പുറന്തള്ളപ്പെട്ടിരിക്കുന്നതായി ഞങ്ങൾ കണ്ടു. സയൻസ് വിദ്യാർത്ഥികളേക്കാൾ ആർട്സ് വിദ്യാർത്ഥികളാണ് ലൈംഗികതയെന്നവിഷയത്തെ ശാസ്ത്രീയവും യുക്തിസഹവുമായി സമീപിച്ചത് എന്ന വസ്തുത വിദ്യാഭ്യാസത്തിന് വന്നു ചേർന്നിട്ടുള്ള മൂല്യച്യുതിയെ തുറന്നുകാട്ടുന്നു. ശരിയായ രീതിയിലുള്ള ലൈംഗിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയുടെ അടയാളങ്ങളായി വിദ്യാർത്ഥികൾ മാറുന്നു.



യുക്തിരഹിതമായ ഉത്തരങ്ങളെ 'സംസ്കാരം' കൊണ്ട് ന്യായീകരിക്കുന്ന കപടഭൂരിപക്ഷത്തോട് ഞങ്ങൾക്ക് പറയാനുള്ളത്, പാരമ്പര്യത്തിന്റെസത്തയാണ് നാം ഉൾക്കൊള്ളേണ്ടത്; അല്ലാതെ അതിന്റെ പുറംപൂച്ചുകളെയല്ല എന്നാണ്. ആർഷഭാരത സംസ്കാരം ലൈംഗികതയോട് തുറന്ന സമീപനമാണ് പുലർത്തിയതെന്ന് ചരിത്രം പരിശോധിച്ചാൽ മനസിലാകും.

"ഒരു നേരത്തെ അന്നത്തിന് വേണ്ടി 'മാനം വിൽക്കുന്നത്' തെറ്റല്ല", "റേപ്പ് ചെയ്യപ്പെട്ട പെൺകുട്ടിയെ 'ഏറ്റെടുക്കാൻ' ഞാൻ തയ്യാറാണ്" തുടങ്ങിയ സദുദ്ദേശപരമായ പ്രസ്താവനകളിൽപ്പോലും കപടസംസ്കാരത്തിന്റെ കെണികൾ ഉറങ്ങിക്കിടക്കുന്നുവെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. 'മാനം വിൽക്കൽ' എന്ന പ്രയോഗവും 'ഏറ്റെടുക്കൽ' എന്ന ത്യാഗവും ഇതിന്റെ ബാക്കിപത്രങ്ങൾ. കയ്യടികളുടെ രാഷ്ട്രീയം വികലമാണ്. പൊതുബോധത്തെ തൃപ്തിപ്പെടുത്തുന്ന പ്രസ്താവനകളെ പ്രോത്സാഹിപ്പിക്കുകയും വ്യത്യസ്തവും മികച്ചതുമായ കാഴ്ച്ചപ്പാടുകളെ ഒറ്റപ്പെടുത്തുകയും ചെയ്യുന്ന നയമാണ് ക്ലാസ്മുറികളിൽ സ്വീകരിക്കപ്പെട്ടത്. അങ്ങേയറ്റം സ്ത്രീവിരുദ്ധമായ കമന്റുകളുടെ കുത്തൊഴുക്കിൽ പെൺകുട്ടികൾ പോലും ചിരിച്ചാർക്കുന്നത് അധഃപതനം തന്നെ ! സർവ്വേക്ക് ശേഷം ലഭിച്ച വ്യക്തിപരമായ ആക്ഷേപങ്ങൾ തന്നെയാണ് സമൂഹത്തിലാകെ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തിന്റെ അടയാളം.

ഈ മാഗസിൻ കൈ കൊണ്ടു തൊടില്ല എന്ന് പ്രഖ്യാപിച്ച വിദ്യാർത്ഥിയോട് ഞങ്ങൾ പറയട്ടെ, സുഹൃത്തേ, ഞങ്ങൾക്കിത് ഒരു സർവ്വേ മാത്രമല്ല, നമ്മളെന്താണെന്ന് നമുക്കു തന്നെ തിരിച്ചറിയാനുള്ള അവസരമാണ്. ഇനിയെങ്കിലും ചിന്തിക്കുക... 1702 വിദ്യാർത്ഥികളെ മുക്കാൽ മണിക്കൂറോളം രണ്ട് വിഷയങ്ങളുടെ തടവറയിൽ നിർബന്ധിച്ച് ചിന്തിപ്പിച്ച തെണ്ടിത്തരത്തിന് മാപ്പ് ചോദിച്ചുകൊണ്ട്.... യാത്ര തുടരുന്നു !

സർവേക്കല്ലുകൾ

അഭിരാമി പ്രകാശൻ,
സജിത്. എം. എസ്
ശ്രീവിദ്യ. വി
മഹേഷ്ശർമ്മ. എസ്
ശ്രുതി. എസ്

# ലൈംഗികതയുടെ ആവിഷ്കാരം

റിനു ആർ
III ബി.എ. പൊളിറ്റിക്കൽ സയൻസ്

എന്താണ് ലൈംഗികത? ലൈംഗികത ഒരു പഠനമോ? വ്യാഖ്യാനങ്ങളിലും വിമർശനങ്ങളിലും ലൈംഗികതയുടെ സ്ഥാനം പുറത്തോ?

സാഹിത്യത്തിലും സിനിമയിലും ലൈംഗികതയ്ക്ക് വലിയ സ്ഥാനമുണ്ട്. ആവിഷ്കാരരീതിയനുസരിച്ച് ലൈംഗികതയെ രണ്ടായി തരംതിരിക്കാം. സന്ദർഭാടിസ്ഥാനവും ചിത്രീകരണാടിസ്ഥാനവും.

ശരീരത്തിന്റെ പൂർണതയാണ് നഗ്നതയുടെ സാരം.

ലൈംഗികതയുടെ അടിസ്ഥാനമാണ് നഗ്നത. നഗ്നതയെന്നത് സ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്നു. ശരീരത്തിന്റെ പൂർണതയാണ് നഗ്നതയുടെ സാരം. രാജാരവിവർമ്മയുടെ ചിത്രങ്ങളിലെ നഗ്നതയുടെ രൂപഭംഗി സ്വതന്ത്രമായ ശരീരത്തെ വെളിപ്പെടുത്തുന്നു. കാനായി കുഞ്ഞിരാമന്റെ മലമ്പുഴ യക്ഷിയും പ്രകടമാക്കുന്നത് ഇത് തന്നെയാണ്.

പത്മരാജൻ കൃതികളുടെ ചേരുവകളിൽ ലൈംഗികതയുടെ പ്രാധാന്യം വളരെ വലുതാണ്. തകരയിലെ സന്ദർഭങ്ങൾ അതിന് ഉദാഹരണം. വൈകല്യം നിറഞ്ഞ തലച്ചോറിലേക്ക് ചെല്ലപ്പനാശാരി ലൈംഗിക തരംഗങ്ങൾ അയയ്ക്കുന്നു. സന്ദർഭാടിസ്ഥാനത്തിൽ മുഷ്ടിമൈഥുനം എന്ന ലൈംഗികരീതിയെ കഥാകാരൻ ഇങ്ങനെ വിവരിക്കുന്നു. "കുളിക്കടവിൽ വെച്ച് ശുക്ലം വരുത്തുന്നതെങ്ങനെയെന്ന് ചെല്ലപ്പനാശാരി തകരയ്ക്ക് കാണിച്ചുകൊടുത്തു".

ചലച്ചിത്ര മേഖലയിൽ ഭരതൻ എന്ന സംവിധായകന്റെ ലൈംഗികഭാവന ഭരതൻ ടച്ച് എന്നറിയപ്പെട്ടു. Adults Only വിഭാഗത്തിൽപ്പെട്ട, ഐ.വി. ശശി സംവിധാനം ചെയ്ത 'അവളുടെ രാവുകൾ' എന്ന ചലച്ചിത്രത്തിലെ നായിക രചയിതാവായ ആലപ്പി ഷെരീഫിന്റെ ഭാവനയിലെ കൗമാരപ്രായക്കാരിയായ ഒരു വേശ്യയാണ്. കാമരസങ്ങൾ പ്രത്യേകതയോടെ ചിത്രീകരിച്ച ഈ സിനിമയിൽ ലൈംഗികത എന്നത് പ്രധാന വിഷയമാകുന്നു. ആഭിചാരം വിഷയമാക്കിയ വി പി തമ്പിയുടെ 'ശ്രീകൃഷ്ണപരുന്ത്' എന്ന ചലച്ചിത്രവും നഗ്നത എന്ന ലൈംഗിക ചേരുവയെ വിശദീകരിക്കുന്നു.

പലപ്പോഴും പ്രേക്ഷകനു മുന്നിൽ ലൈംഗികത എന്ന പദം വാണിജ്യമായി മാറി. ശരീരം വിൽപ്പനച്ചരക്കുമായി. 'സ്ത്രീശരീരം' എന്ന ബാനറിൽ സ്ക്രീനിൽ മാറിടം പ്രദർശിപ്പിക്കുന്ന രീതി തികച്ചും കച്ചവടം മാത്രം. തൊണ്ണൂറുകളുടെ അവസാനം ലൈംഗികത എന്ന വിഷയം വ്യാപാരമാക്കി ഇറങ്ങിയ ഇക്കിളിച്ചിത്രങ്ങൾ കാമകേളിയാൽ രാവുകൾ ഇളക്കി. തലസ്ഥാന നഗരത്തിലെ ശ്രീബാല പോലെയുള്ള തിയറ്ററുകൾ ഇത്തരം ചിത്രങ്ങളുടെ ഉറവിടമായി.



ലൈംഗികതയ്ക്ക് സമൂഹം നൽകിയ നിർവചനങ്ങൾ വളരെ ഇടുങ്ങിയതാണ്. അവിടെ സ്ത്രീ എന്ന ലിംഗം ലൈംഗികതയുടെ ഉപകരണമായി മാറുകയാണുണ്ടായത്. സദാചാരങ്ങൾ ഇവയ്ക്ക് പിൻബലമായി. യുവതലമുറയിൽ ഒരു വിഭാഗമെങ്കിലും ലൈംഗികതയെ അകറ്റി നിർത്തുന്നു. പ്രത്യേകിച്ച് പെൺകുട്ടികൾ. കോളേജ് മാഗസിൻ കമ്മിറ്റിയുടെ ഭാഗമായി നടന്ന സർവേയ്ക്ക് ലഭിച്ച നിശബ്ദത ഇതിനുദാഹരണമാണ്. സ്വീകരണമുറിയിലെ LCD-യിൽ ലൈംഗികരംഗങ്ങൾ തെളിയുന്ന വേളയിൽ മുഖം മറയ്ക്കുവാൻ താക്കീത് നൽകുന്നതിന് മുൻപായി ലൈംഗികതയെന്നാൽ എന്തെന്ന് കുട്ടികൾക്ക് മനസിലാക്കിക്കൊടുക്കേണ്ടത് രക്ഷിതാക്കളുടെ കടമ മാത്രം. കേരള പാഠാവലി ഒൻപതാം ക്ലാസ് പഴയ സിലബസ് പ്രകാരം ജീവശാസ്ത്രത്തിലെ ഏഴാം അധ്യായം കൗതുകപൂർവം കുട്ടികളായ ഞങ്ങൾ നിരീക്ഷിക്കുകയുണ്ടായി. ശരീരം, ആർത്തവം, പ്രത്യുൽപാദനം തുടങ്ങിയവ ലൈംഗികച്ചുവയോടെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂവെന്നത് വാസ്തവം. കേരള സർവ്വകലാശാലയുടെ മൂന്നാം സെമസ്റ്റർ മലയാളം സെക്കൻഡ് ലാംഗ്വേജ് പേപ്പറിലും ലൈംഗികത ചർച്ചാവിഷയമാകുന്നുണ്ട്. 'ഭരതനി'ലെ ലൈംഗിക ഭാവനകൾ, 'വൈശാലി' എന്ന തിരക്കഥയിലെ എം. ടിയുടെ ശൈലികൾ തുടങ്ങിയവ പഠനവിധേയമാകുന്നുണ്ട്. ഇത്തരത്തിൽ ലൈംഗികത ഒരു ചർച്ചാവിഷയമായിത്തന്നെ കോളേജ് മാഗസിനിൽ ഉൾപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു.

(മാഗസിൻ സർവ്വേക്ക് ലഭിച്ച പ്രതികരണക്കുറിപ്പ്)

Maya Madhavan
Head of the Department
Bio Chemistry


ലൈംഗികത ആധികാരികമായി വിസ്തരിക്കുന്ന ഗ്രന്ഥം 'കാമസൂത്ര' പിറന്ന നാട്ടിൽ, ഗുഹാചിത്രങ്ങളിലൂടെയും ക്ഷേത്രശിൽപ്പങ്ങളിലൂടെയും ലൈംഗികവിദ്യാഭ്യാസം ലഭ്യമാക്കിയിരുന്ന നാട്ടിൽ, ഇന്ന് 'ലൈംഗികത' എന്നത് ചാനലുകളിലെ അന്തിച്ചർച്ചയ്ക്ക് വിഷയമാകാൻ മാത്രം അശ്ലീലമായത് എങ്ങനെ? ഇതൊന്നും സംസാരിക്കേണ്ട വിഷയങ്ങളല്ലായെന്ന ബോധം അധ്യാപകരും രക്ഷാകർത്താക്കളും അടങ്ങുന്ന പൊതുസമൂഹം ബാല്യം മുതൽ ഒരുവന്റെ മനസിൽ കുത്തിവെച്ചുകൊണ്ടിരിക്കുന്നു. ഭക്ഷണം, ആരോഗ്യം, സാമൂഹിക ജീവിതം തുടങ്ങി മറ്റെല്ലാം നാം വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തും. എന്നാൽ ലൈംഗികത എന്ന പദം തന്നെ അപര്യാപ്തത, അപകീർത്തി തുടങ്ങിയവയുമായി ബന്ധപ്പെട്ട് കിടക്കുന്നു എന്ന ധാരണ നമ്മെ അറിവില്ലായ്മയുടെ പാരമ്യത്തിൽ എത്തിച്ചിരിക്കുന്നു.

'സ്ത്രീ' 'പുരുഷൻ' എന്ന രണ്ട് ബ്രാക്കറ്റുകളിൽ തളച്ചിട്ട ലൈംഗികത അതിനും എത്രയോ അപ്പുറത്താണെന്ന തിരിച്ചറിവുകൾ ഉണ്ടാകേണ്ടതുണ്ട്. 'X' 'Y' എന്നീ ക്രോമസോമുകളും, സെക്സ് ഹോർമോണുകളും, വളർച്ചാ സാഹചര്യങ്ങളും ചേർന്നൊരുക്കുന്ന മൂശയിൽ വാർക്കപ്പെടുന്ന ഒരു മനുഷ്യനും '100% സ്ത്രീ' അല്ലെങ്കിൽ '100% പുരുഷൻ' എന്ന നിർവചനത്തിൽ ഒതുങ്ങില്ല. ഈ അവബോധത്തോടെയുള്ള സമീപനം സമൂഹത്തിലെ ലൈംഗികമായി പാർശ്വവത്കരിക്കപ്പെട്ടവരുടെ ജീവിതം മെച്ചപ്പെട്ടതാക്കും. വേറിട്ട ലൈംഗികാഭിമുഖ്യം (Sexual Orientation) ഒരു പാപമല്ല എന്നും അങ്ങനെയുള്ളവരെ തിരിച്ചറിഞ്ഞ് നമ്മോടൊപ്പം ചേർത്ത്പിടിക്കേണ്ടതാണെന്നും അറിയാൻ മാത്രം നമുക്ക് വളരാം. ഇരുട്ടത്ത് മാത്രം സംസാരിക്കേണ്ട ഇരുണ്ട വിഷയമാണ് ലൈംഗികതയെന്ന കാഴ്ച്ചപ്പാട് മാറ്റിയേ പറ്റൂ. ഈ ജീർണിച്ച പൊതുബോധമാണ് സമൂഹത്തിൽ പെരുകി വരുന്ന ലൈംഗിക വൈകൃതങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും ഒരു പരിധി വരെ ഹേതുവാകുന്നത്. ഒരു വ്യക്തി, അവന്റെ ലൈംഗിക രൂപഘടന ഏതുമാകട്ടെ, കേവലം ഒരു ലൈംഗിക ഉപകരണമല്ല; മറിച്ച് ലൈംഗികത അവന്റെ വ്യക്തിത്വത്തിൽ നിന്ന് പറിച്ചുമാറ്റാനാവാത്ത വിധം അലിഞ്ഞുചേർന്നിരിക്കുന്നു എന്ന് നമുക്ക് മനസിലാക്കാൻ ശ്രമിക്കാം.

മാറ്റത്തിന്റെ മാറ്റൊലികൾ എന്നും മുഴങ്ങി കേട്ടിട്ടുള്ള ഈ കലാലയത്തിൽ ഇന്ന് 'സ്വാതന്ത്ര്യം', 'ലൈംഗികത' എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നത് ഒരു വിപ്ലവത്തിന് തുടക്കം കുറിക്കും എന്നതിൽ സംശയമില്ല. ആശംസകൾ.... ഒന്നുകൂടെ പറഞ്ഞുകൊള്ളട്ടെ, ലൈംഗികതയുമായി ബന്ധപ്പെട്ട അറിവും ആശയങ്ങളും പങ്കുവെക്കാനുള്ള സ്വാതന്ത്ര്യം ഉറപ്പാക്കേണ്ടതുണ്ട്. കൂടെ ലൈംഗിക സ്വാതന്ത്ര്യത്തിന് നാല് തലങ്ങൾ ഉണ്ട് എന്ന് കൂടി ഓർക്കേണ്ടതുണ്ട്... Whom, When, Where and How. ഒപ്പം ഏത് തരത്തിലെ ലൈംഗിക സമീപനങ്ങളും നിരാകരിക്കാനുള്ള സ്വാതന്ത്ര്യവും.

# വിപരീതം

രഞ്ജിത് വി എം
എം. എ. മലയാളം



കറുത്ത രക്തത്തിന്റെ നിലവിളി
കാതില്ലാത്തവന്റെ കാതിൽ മാത്രം കേട്ടു
ഇരുട്ടിന്റെ മറഭേദിച്ച് കുരുടന്റെ കണ്ണുകൾ
മരിച്ചവന്റെ മുറിയിലേക്ക് ഒളിഞ്ഞുനോക്കി.
വാടകമുറിയിലെ ഇരുണ്ട ചുവരിൽ
വ്യഭിചരിക്കപ്പെട്ട അക്ഷരങ്ങൾ
വരിതെറ്റിയ ജാതകം എഴുതുമ്പോൾ
അരങ്ങത്തു നടനായും
അണിയറയിൽ വില്ലനായും വേഷം.
അരങ്ങിനേക്കാൾ എനിക്കിഷ്ടം
അണിയറ തന്നെ.

! മനുഷ്യൻ :
ജനനം മുതൽ മരണം വരെ സമൂഹത്തിന്റെ
കെട്ടുപാടിൽപ്പെട്ട് മുറുകി മുറുകി മരിക്കുന്നവൻ -
വിജിൻ വി
I ബി.എ ഫിലോസഫി

# A RECAPITULATION OF VIRTUAL REALITIES

Sarika
II M A English

The concept 'state' itself can be termed as 'bisexual' when it adheres to its dual 'genital' notions such as media (Masculine) and democracy (feminine). For a democratic country like India, where unity usurped the power of autocracy, the fourth estate or the press (Edmund Burke's coinage) celebrates the 'diversities' in opinion and ideologies. But in the contemporary society, the fifth estate or the social media shatters the demarcation which separates an individual from society and prompts us to think more rationally or sometimes irrationally.

According to noted American conservationist and activist Terry Tempest Williams "human heart is the home of democracy" and such a democratic state imparts complete sovereignty of the populace. Political equality, provision for rights, collective responsibility, independent judiciary etc. are some of the features of a democratic state. In order to sustain the credibility and functioning of such a country which focuses on the ultimate sovereignty through franchise, the role of all other structures are indispensible. Religious institutions, political organisations, educational institutions, judicial organs media or press etc comprises the building block of democracy. All these ideological arms have its own stated objectives to put forth which sometimes turn to be oppressive in nature. Above all, the fourth estate or the press projects all these ideological conflicts. But the gradual and parallel upheaval of the social media which sidelined the wide reach of the printed mechanism echoes repercursions of the modern psyche.

Thus, social media provide a platform for entertainment, discussion and education. Though the distorted and biased news reporting or propagation bears testimony for the highly competitive and unreliable world of information, it also creates room for the public issues which sans news value. It also focuses on the problems of the oppressed sections of the society. For instance, the lion's share of the acclaim goes to them for their effort on organising a nation wide campaign to protest against the Delhi gang rape case or the 'Nirbhaya' issue in 2012. Severe protests were also launched against the government for not adopting proper security measures to safeguard women.

രാഷ്ട്രീയം :

മൂല്യബോധമുള്ള മനുഷ്യന്റെ പ്രകാശനമാർഗ്ഗമാണ് രാഷ്ട്രീയം

വൈഷ്ണവി എസ്.കെ.
I ബി.എസ്.സി. കെമിസ്ട്രി

We can also cite the example of the Tunisian revolution or Jasmine revolution where the social media like Twitter played an important role in upholding democracy in its totality. It was an intensive campaign of civil resistance including a series of demonstrations which led to the ousting of long time president Zine El Abidine Ben Ali in January, 2011. Another important protest called the 'Kiss of Love' was launched with the help of social media against moral policing in Kerala. Apart from this they have undertaken several charity services for the artists who are bed-ridden and by allocating funds for the refugees and people who are temporarily sick.

The reign of social media during the twenty first century witnesses the indirect replication of the Right to Freedom of Speech and Expression Act which is included in Article 19 of the Indian Constitution. But at the same time there are certain other acts like the Information Technology Act (Section 66 A) which proclaims that it is a punishable crime with an imprisonment of up to three years to sent offensive messages through communication service. This act indirectly questions the reliability of Article 19 of the constitution. For instance, when Bal Keshav Thackeray (The founder of Shiv Sena, a Marathi ethnocentric party) died in 2012, two girls were arrested in Mumbai for questioning the shutdown in the city following Thackeray's funeral. The police arrested them under Section 505 (2) [statements creating or promoting enmity, hatred or ill-will between classes] by accusing that they had insulted religious feelings. Thus, even the freedom to express our own opinion through a social medium gets tangled with the shackles, which in turn shatters the very foundation of democracy.

Another one major controversial figure is Assem Trivedi, the Indian political cartoonist and activist who is best known for his anti-corruption campaign called 'Cartoons Against Corruption'. He also founded 'Save Your Choice', a movement against internet censorship in India. Trivedi's side was banned for displaying objectionable pictures and texts related flag and emblem of India. The important impact of the flourishment of social media is that it constructs a framework for terrorist recruitment. The worldwide terrorist organisations like the Islamic State inspire the common man through their private pages in Facebook and Telegram and thus recruits them.

The concurrent question regarding the influence of social media in a democratic state is that whom we can call a 'Big Brother' (A fictional character introduced by George Orwell in his novel 1984 as a symbol for the abuse of government power), whether it is media, corporates or the democracy itself. And whether he tries to dominate our rational mindset or forces us to be normal. Is this a dictatorship or complete sovereignty? By what basis can we distinguish between the pro-democtratic and anti-democratic approaches? Are we deliberately beseeching before them to be 'mutable' as 1 (intellectually stable) and 0 (A state of psychological stupor) [the world of binary codes]?

# ക്യാമ്പസ് ജീവിക്കുന്ന പാഠ്യം

ഇത് ഞങ്ങടെ സ്വന്തം ഉപ്പൂപ്പാന്റെ സർബത്തുകട...
ഓറഞ്ചും പിഴിഞ്ഞ് ഐസ്ക്യൂബുമിട്ട് ഉപ്പൂപ്പാന്റെ കൈയ്യീന്ന് ഒരു സർബത്ത് കിട്ടിയാൽ... കൂളായി




പഠനവും പ്രണയവും പൂക്കുന്ന ലൈബ്രറിയുടെ മതിലോരം




“ഇന്നലെ നീയൊരു സുന്ദരരാഗമായെൻ.... ”

വിക്ടോറിയൻ ബെഞ്ചിലിരുന്ന് കേട്ട പാട്ടുകളും പങ്കുവെച്ച സൗഹൃദവും.



ഒരു ചൂട് ചായയും മുളക് ബജ്ജിയും കഴിച്ച് പാളയത്തേക്ക് നോക്കുമ്പോൾ, അവിടെ നഗരം ചലിച്ചുകൊണ്ടേയിരിക്കുന്നു.



ക്യാന്റീൻ കുടയ്ക്കു കീഴിൽ പങ്കിട്ട സൗഹൃദവും പ്രണയവും




മഞ്ഞപ്പൂക്കൾ വീണു കിടക്കുന്ന ചുമടുതാങ്ങിയിലിരുന്ന് കണ്ട നഗരക്കാഴ്ച്ചകൾ



"വർഗീയ ഫാസിസത്തിന്റെ ഇരകളെ രക്ഷിക്കാൻ ഇടത് പക്ഷത്തിനേ കഴിയുകയുള്ളൂ"

"രണ്ട് കാപ്പി"


"നിശാഗന്ധിയിൽ സുശീല രാമൻ പാടുന്നുണ്ട്, പോണം"

കോഫീ ഹൗസ് ബഹളത്തിനിടയിൽ കാപ്പിക്ക് ഇരുപുറവും മൗനം നുണയുന്ന പ്രണയികൾ.



നഗരത്തിൽ നിന്ന് വിടവാങ്ങാൻ ഏവരും തിടുക്കം കൂട്ടുന്നു.

അപ്പോൾ പാളയം ചർച്ചിൽ നിന്നും മണി മുഴങ്ങുന്നു.




# AN IDIOT'S DAY DREAM

Dev Madhav S.D.
III B.A English

My room. The monotony of four walls broken only by two window cut outs.Other than that it is best called a box with an opening. It is as plain and stereotypical as a twenty-first century nineteen year old chap's room can get and that is definitely not high praise. One can see, as he/she enters this piece of dwelling space the subtle reconstruction of how a tornado expresses its artistic demeanour. But imagine books, paper, various electronics and clothes (a huge lot of them), instead of uprooted trees and houses and you shall get the picture. Add to that the compulsory smell (which is quite unique). The bed which holds such a position to my conscience that it suffices to say that words cannot describe it. I dare any esteemed literary personal to vividly describe my four legged pieces of heaven, rest assured that nothing that produce will get even a whiff close to what the real thing feels like. I should also mention some other trivia like the keyboard, two cupboards, the table and the shirt rack which is now covered with an avalanche worth of clothes such that it is now quite the arduous task figuring out what colour the beams were. It is also treasure hunters paradise- if you rummage round in it long enough may find new clothes in fact I wouldn't be surprised if I found another world of Narnia in it.Before you ask, the customary cardboard box which existed before time and the many different sort of bags coupled with all the many different species of accessories and other knick-knacks also accommodate themselves in this wild habitat.

Since you have beard with me for all this pointless banter about my room, I feel it inevitable that you seek an answer as to why you just wasted a precious amount of time. Well you see, the real gist of me writing this was to address the question directed a lot to me nowadays. "Why do you spend a lot of time in your room?"

I do not need to state all the apparent reasons because they are all obviously 'apparent' to all of you. But please give me and my room an explanation to redeem ourselves. You see, all things considered, most of my pursuits, interests, nuances, predilections, thought processes, etcetera... were theoretically cooked up while I was inside my room. I can be James Bond, Lewis Hamilton, the blake who is famous in everything or even Hitler as far as I'm concerned– while I am in my room. The many fantasies,the dreams, and mental constructs revolve around me freely when and only when I am in my room! I can be the absolute purest form of myself when I am in my room and that my friends, is quite something. And what happens in my room stays in my room. The one place of solitary confinement wex my actions will not affect anyone or anything. To put it simply I find freedom in confinement. Besides with temperatures soaring and water bodies depleting the hottest summer we have even known yet, I think it better that we all stay back in our rooms. Thus we can stay and create Utopian mental constructs in complete ignorance of what is happening around us. While the planet dies, we can discuss politics, be hypoeritical, enjoy a bit of sport, party in ignorance, exploit whatever we can essentially all of us 'human folk'being 'ourselves'.



And then maybe one day, when everything around is just a dead grey canvas, we can paint it with all what we have achieved from inside our rooms. A bloody brilliant idea, if I may say so! So, stockup on your supplies, let the water be drained and let the black sooted engines run. We have all got a painting to paint in the near future. Cheerio.

PS:- If you always wanted that sexy sun tan; the suns giving out 'full on' packages for free this year. Go –get it before the stock runs out, though I doubt it ever will!

<u>വിശ്വാസം</u> :

എന്നും രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ എന്നത്തേയും പോലെ ആരോഗ്യവാനായി പിറ്റേ ദിവസവും ഉണരും എന്നതിനേക്കാൾ മറ്റൊരു വിശ്വാസവും നാം വെച്ചുപുലർത്താറില്ല

അപർണ കെ, II എം.എ. എക്കണോമിക്സ്

# സിനിമയെ ഉമ്മവെക്കുന്ന സിനിമ

ശ്രീവിദ്യ വി
III ബി.എ. പൊളിറ്റിക്കൽ സയൻസ്



ചുവന്ന വെളിച്ചമാണ് മുറിയിൽ.

പൂർണനഗ്നയായി കട്ടിലിൽ കമിഴ്ന്നുകിടന്ന് കമീൽ ചോദിച്ചു.

"നിങ്ങൾക്ക് എന്റെ പാദം കണ്ണാടിയിൽ കാണാമോ?"

"ഉവ്വ്" പോൾ മറുപടി പറഞ്ഞു.

"നിങ്ങൾക്ക് അവ ഇഷ്ടമാണോ?"

"ഉവ്വ്"

"നിങ്ങൾക്ക് എന്റെ മുട്ടുകൾ ഇഷ്ടമാണോ?"

"അതെ" പോൾ വീണ്ടും പറഞ്ഞു.

തുടകൾ, ചന്തി, മുലകൾ, തോളുകൾ, മുഖം, കണ്ണ്, മൂക്ക്....

എല്ലാമവൾ ചോദിച്ചു. എല്ലാത്തിനും 'അതെ' എന്ന് പോൾ ഉത്തരം പറഞ്ഞു.

അവൾ പ്രഖ്യാപിച്ചു.

"അപ്പോൾ നിങ്ങളെന്നെ പൂർണമായും സ്നേഹിക്കുന്നു". ഇപ്പോൾ മുറിയിൽ നീല വെളിച്ചമാണ്.

1963ൽ പുറത്തിറങ്ങിയ ഗൊദാർദ് ചിത്രമായ Contempt (French)-ലെ രംഗമാണിത്. നുറുങ്ങു ഷോട്ടുകളിലായാലും അവ ചേർന്നുണ്ടാകുന്ന ഒരു മണിക്കൂറോളം ദൈർഘ്യമുള്ള സിനിമയിലായാലും 'ചലച്ചിത്ര'ത്തിന്റെ അപാരമായ ആസ്വാദ്യതയെ അനുഭവിപ്പിക്കുന്ന ഗൊദാർദിയൻ സിനിമാദർശനത്തെ പോളിന്റെയും കമീലിന്റെയും ബെഡ്റൂം സംഭാഷണത്തിൽ കാണാം. ഈ സിനിമാ രസതന്ത്രത്തോടുള്ള ആരാധന കൊണ്ടുതന്നെയാവണം 2017 ഒക്ടോബർ 10ന് തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിൽ 'ഴെലുക്ക് ഗൊദാർദ് ഫിലിം ഫെസ്റ്റിവൽ' തുടങ്ങിയത്.

വ്യക്തമായ രാഷ്ട്രീയബോധം ഉൾക്കൊള്ളുന്നവയാണ് ഗൊദാർദിയൻ സിനിമകൾ. അതിന്റെ പാരമ്യം വെളിപ്പെടുത്തുന്ന 'Notre Musique'( Our Music, 2004) ചലച്ചിത്ര മേളയിലെ ആദ്യ ചിത്രമാകുമ്പോൾ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന ഗൊദാർദും അതിന് മുന്നിലിരിക്കുന്ന കാണികളും തമ്മിൽ യഥാർഥ സംവേദനം ആരംഭിക്കുന്നത്. 'ഡിവൈൻ കോമഡി' യെ ഓർമ്മിപ്പിക്കും വിധം Hell, Purgatory, Heaven എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി അവതരിപ്പിക്കപ്പെടുന്ന ഈ സിനിമ വ്യത്യസ്തങ്ങളായുള്ള യുദ്ധദൃശ്യങ്ങളുടെ കൊളാഷ് ഉൾപ്പടെയുള്ള സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് വ്യവസ്ഥാപിത സിനിമാഘടനയെവെല്ലുവിളിക്കുന്നു. യുദ്ധം, കൊളോണിയലിസം, പത്രം, സിനിമ, ഇസ്രായേൽ പാലസ്തീൻ സംഘർഷം തുടങ്ങിയവയെല്ലാം ചർച്ച ചെയ്യുന്ന സിനിമ നൽകുന്ന വയലൻസിന്റെ ഭാവം (Mood) ഭീകരമാണ്.

**'Notre Musique' (Our Music, 2004) ചലച്ചിത്ര മേളയിലെ ആദ്യ ചിത്രമാകുമ്പോൾ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന ഗൊദാർദും അതിനു മുന്നിലിരിക്കുന്ന കാണികളും തമ്മിൽ യഥാർത്ഥ സംവേദനം ആരംഭിക്കുന്നു**

ഗൊദാർദിന്റെ ആദ്യ ഫീച്ചർ ഫിലിമായ Breathless(1960), "സിനിമ നിർമ്മിക്കാൻ ഒരു സ്ത്രീയും ഒരു തോക്കും മാത്രം മതി" എന്ന ഗൊദാർദിയൻ ചിന്തയെ അന്വർത്ഥമാക്കുന്നു.

കള്ളനും കൊലപാതകിയുമായ ഫ്രഞ്ചുകാരൻ മൈക്കലും അമേരിക്കൻ വിദ്യാർത്ഥിനിയായ പട്രീഷ്യയും തമ്മിലുള്ള പ്രേമക്കളികൾ പ്രായോഗികതയെ വെല്ലുന്ന സിനിമാനിർമ്മാണരീതി ഉപയോഗിച്ചാണ് ചിത്രീകരിക്കപ്പെടുന്നത്. കഥാപാത്രങ്ങൾ തമ്മിലുള്ള തത്വശാസ്ത്രപരമായ സംഭാഷണങ്ങളും ഈ സിനിമയെ അടയാളപ്പെടുത്തുന്നു. ജീവിതത്തിലെ ആഗ്രഹമെന്തെന്ന പട്രീഷ്യയുടെ ചോദ്യത്തോട് ഇന്റർവ്യൂ ചെയ്യപ്പെടുന്ന പർവ്യൂലെസ്കോ പറയുന്നു, "അനശ്വരനാവുക... എന്നിട്ട് മരിക്കുക." (To become immortal and then die).

ഇതും കടന്ന് അടുത്ത ദിവസം Pierrot Le Fou (1965) ലേക്ക് എത്തുമ്പോൾ പ്രേക്ഷകന്റെ സകല 'യുക്തി'യും (Sense) അപ്പാടെ 'നശിക്കുന്നു'. ബൂർഷ്വാ സമൂഹത്തെ മടുത്ത പിയറിയുടേയും മരിയന്റേയും പാരീസിൽ നിന്നും മെഡിറ്ററേനിയൻ കടൽ വഴിയുള്ള യാത്രയാണ് സിനിമ. മനോഹരവും ശാന്തവുമായ തീരങ്ങളിലൂടെ നിരന്തരം 'രക്ഷപ്പെട്ടു'കൊണ്ടിരിക്കുന്ന ഈ കഥാപാത്രങ്ങളുടെ സംഭാഷണവും നിശബ്ദതയും കലഹവുമാണീ സിനിമ. ഒടുവിൽ എല്ലാവരുടേയും മരണത്തിലും ഈ 'രക്ഷപ്പെടൽ' പൂർത്തിയാകുന്നില്ല എന്നിടത്ത് സിനിമ പ്രേക്ഷകനെ ഉലയ്ക്കുന്നു. പേരിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ തന്നെ 'കൂട്ടത്തിൽ നിന്ന് വേറിട്ടു' നിൽക്കുന്നവരുടെ സിനിമയാണ് Band of Outsiders (1964). ഫ്രാൻസ്, ആർതർ എന്നീ കൂട്ടുകാരുടെ സിനിമാസ്നേഹവും Odile എന്ന യുവതിയെ ആകർഷിക്കാനുള്ള ശ്രമങ്ങളും മൂന്നുപേരും കൂടി പദ്ധതിയിടുന്ന മോഷണവുമാണ് സിനിമയുടെ പ്ലോട്ട്. മൂവരും മനപൂർവ്വം മൗനത്തെ നേരിടുന്നതും മൂന്നു 'തല'ങ്ങളിൽ (dimension) നിന്ന് ഒരുമിച്ച് നൃത്തം ചെയ്യുന്നതും ജീവിതത്തിന്റെ നൈരന്തര്യത്തെ കുറിച്ചുകൊണ്ട് സിനിമ അവസാനിക്കുന്നതും പ്രേക്ഷകനെ എത്തിക്കുന്നത് അപാരമായ അന്ധാളിപ്പിലാണ്.

ഈ അന്ധാളിപ്പ് പരകോടിയിലെത്തി പ്രേക്ഷകൻ തകർന്ന് തരിപ്പണമാവുന്നത് Weekend(1967)ലെത്തുമ്പോഴാണ്. സിംഗിൾ ഷോട്ടുകളുടെ മാസ്മരികതയും മുന്നറിയിപ്പില്ലാത്ത ഞെട്ടലുകളും സമ്മാനിച്ച് കഥാഗതി മുന്നോട്ടു നീങ്ങുന്നു. റോളണ്ട്-കോറീൻ ദമ്പതികൾ പിതാവിന്റെ സ്വത്ത് കൈവശപ്പെടുത്തുന്നതിനായി ഫ്രാൻസിലെ നാട്ടുമ്പുറത്തേക്ക് നടത്തുന്ന യാത്രയാണ് Weekend. അരാജകത്വം നിറഞ്ഞ ട്രാഫിക് ജാമും നിരന്തരമായ കാർ അപകടങ്ങളും വയലൻസ് മൂഡിലേക്ക് എത്തിക്കുന്നു. ദമ്പതികൾ തങ്ങളുടെ യാത്രയ്ക്കിടയ്ക്ക് ലൂയി അന്റോണി, എമിലി ബ്രോണ്ടി തുടങ്ങിയ ചരിത്രത്തിലേയും സാഹിത്യത്തിലേയും ജീവിതങ്ങളെ കണ്ടുമുട്ടുന്നു. വർഗസമരവും അമേരിക്കൻ – വിയറ്റ്നാം പ്രശ്നവും കടന്നുവരുന്നു. ഇടയ്ക്കിടെയുള്ള കൊലപാതകങ്ങളും ജലാശയത്തിനരികെയുള്ള ശക്തമായ ഡ്രംസ് വായനയും നരഭോജികളുടെ മനുഷ്യകശാപ്പുശാലയും ചേർന്ന് സൃഷ്ടിക്കുന്ന അരാജകത്വത്തിൽ പ്രേക്ഷകൻ നിസ്സംഗനായി പോവുന്നു.

Contempt(1963) ഒരു വിലാപമാണ്. സെൻസ് നശിച്ചിരിക്കുന്ന പ്രേക്ഷകനെ വീണ്ടും 'സിനിമ'യിലേക്കെത്തിക്കുന്ന സിനിമ. പോൾ, കമീൽ എന്ന ഫ്രഞ്ച് ദമ്പതികളുടെ മനോഹരമായ ദാമ്പത്യത്തിൽ അമേരിക്കൻ സിനിമാ നിർമാതാവായ ജെറമി പ്രകോഷ് നടത്തുന്ന ചെറിയ ഇടപെടൽ ഒരു ദുരന്തമായി അവസാനിക്കുന്നു. സിനിമയ്ക്കകത്തെ സിനിമയിൽ പോളിന് സമാന്തരമായി ഹോമറിന്റെ യുളീസസ് പ്രത്യക്ഷപ്പെടുന്നു. എല്ലാ കഥാപാത്രങ്ങളും തമ്മിലുള്ള ബന്ധങ്ങളുടെ ശൈഥില്യത്തിന്റെ പാരമ്യതയിൽ ജീവിതം തുടരുന്നു: അല്ല, സിനിമ തുടരുന്നു. ക്യാമറ ക്യാമറയിലേക്കു തന്നെ നോക്കുന്നു.

ഗൊദാർദ് സിനിമ നിർമ്മിക്കുന്നത് ഭയമില്ലാതെയാണ്. ഈ കൂസലില്ലായ്മയാണ് പ്രേക്ഷകനെ ക്ഷമയോടെ സ്ക്രീനിന് മുന്നിൽ പിടിച്ചിരുത്തുന്നതും. ഫ്രഞ്ച് ന്യൂ വേവ് സിനിമകളായ ഇവയെല്ലാം സിനിമയെപ്പറ്റിത്തന്നെ ചർച്ച ചെയ്യുന്നു. പുസ്തകവും രാഷ്ട്രീയവും പ്രണയവും ഇവയിലെ അവിഭാജ്യഘടകങ്ങൾ. എല്ലാ വിധത്തിലുമുള്ള അമേരിക്കൻ ആധിപത്യത്തോടുള്ള കടുത്ത എതിർപ്പ് പ്രത്യക്ഷമായും പരോക്ഷമായും ഗൊദാർദ് ചിത്രങ്ങൾ പ്രകടമാക്കുന്നു. എല്ലാത്തിനുമുപരിയായി "Godard makes no sense" എന്ന തിരിച്ചറിവിൽ പ്രേക്ഷകനെത്തിച്ചേരുന്നു

ഗൊദാർദ് നമ്മളോട് പറയുന്നതിതാണ്. നമുക്ക് വേണ്ടത് Art Film അല്ല; സ്വതന്ത്രസിനിമയാണ് (Independent Cinema). ഇന്ന്, 24 മണിക്കൂറും ക്യാമറ കൈയ്യിലേന്തി നടക്കുന്ന നമുക്ക്, കരുത്തും മുന്നറിയിപ്പും പ്രേക്ഷകരിലേക്ക് ഉറ്റുനോക്കുന്ന ഗൊദാർദിയൻ കഥാപാത്രങ്ങൾ തരുന്നു.

രതിക തിലക്
II ബി.എ. പൊളിറ്റിക്കൽ സയൻസ്

കല:

കല ഒരു കലഹമാണ്. കാലത്തിനും കണ്ണീരിനും കലാപങ്ങൾക്കും എതിരേ

# ശവകുടീരത്തിന്റെ വിലാപം

ഇന്ദു. എൻ. പോറ്റി
I ബി. എ. മലയാളം

നിലയ്ക്കാതെ തേങ്ങുകയാണാ ശവകുടീരം!
ഏഴു പൂക്കളിലെ തേൻ മാത്രം നുകർന്നൊരാ
പൂമ്പാറ്റ തൻ ചിറകരിഞ്ഞില്ലേ
ചിറകരിഞ്ഞെടുത്തിട്ടും വീണ്ടും
ചതച്ചരച്ചെറിഞ്ഞില്ലേ...
തേങ്ങുകയാണാ ശവകുടീരം.

വീണ്ടും നിലയ്ക്കാതെ തേങ്ങുകയാണാ

ശവകുടീരം!



# ഉള്ളൊഴിഞ്ഞ വീട്

ഷീല
I എം.എ. മലയാളം



എനിക്കൊരു വീടുണ്ട്
ഗോളാകൃതിയിലൊരു വീട്
അതിൽ,
ആയിരം പേർ വന്നു മുട്ടിയിട്ടും
എനിക്കായി തുറന്നൊരു വാതിലുണ്ട്
എന്റെ വീട്ടിൽ ഞാനൊറ്റക്കായിരുന്നു.
കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ
ഒരാൾ കൂടി വാതിലിൽ മുട്ടുന്നതായി തോന്നി.
അരുതേ
വാതിൽ തുറക്കരുതേ...
ചോരകൊണ്ടുള്ള ചുമരുകൾ പൊടിയുന്നു!
എന്റെ പുതപ്പായ എന്തെല്ലാമോ ഒലിക്കുന്നു!
ഞാൻ വാവിട്ടു കരഞ്ഞത് അമ്മ കേട്ടില്ലയോ?
അതിഥിയുടെ തല കാൺകിൽ പരവശനായ ഞാൻ
അൽപം വളർന്നോരു പാദത്തെക്കൊണ്ട്
പുഴ്ത്തിക്കളവാനായി ശ്രമപ്പെട്ട നേരം
അമ്പോ! അതിനട്ടഹാസം വീടിനെ കുലുക്കി
ചോരപ്പുഴ കുത്തനെ തടംവിട്ടൊഴുകി.
അയ്യോ! ഇതെന്തു നിർഭാഗ്യം!
ഈ വിധം കേട്ടുപോയി, മറഞ്ഞുകെട്ടു പാവം,
പൂർണതയെത്താതെ കെട്ടുപോയി.

മരണം :
ജീവന്റെ ദാരിദ്ര്യം
നീമ ജി കൃഷ്ണ,
III ബി.എസ്.സി. ജ്യോഗ്രഫി

# സഞ്ചികളുടെ രാഷ്ട്രീയം

കോളാമ്പി



സഞ്ചികൾ നമുക്ക് അന്യമല്ല. പണ്ട് മാഷിന്റെ തോളിൽ കണ്ട അതേ സഞ്ചി, ഇന്ന് ക്യാമ്പസ് തോളിലേറ്റി നടക്കുന്നു. സഞ്ചിയിലെ ഒഥല്ലോയും ഭാരതപര്യടനവും കാലത്തോട് യുദ്ധം ചെയ്ത് തോറ്റ് ആൻഡ്രോയ്ഡിനും ഹെഡ്സെറ്റിനും വഴി മാറിക്കൊടുത്തു സഞ്ചിക്ക് കൈവന്ന ബുദ്ധിജീവി പരിവേഷം ചമയ്ക്കപ്പെട്ട ഒന്നല്ലായിരുന്നു. പക്ഷേ, ബുദ്ധിജീവി ചമഞ്ഞവരുടെ തോളിൽ സഞ്ചിയെത്തിയപ്പോൾ അത് അനുകരണത്തിന്റെ ഇരയായി മാറി. പിന്നീടതൊരു ഫാഷൻ സങ്കൽപ്പ - വുമായി. സഞ്ചികൾ തിരക്ക് കൂട്ടുന്ന ക്യാമ്പസിൽ ഞാനും തോളിലേറ്റി, ഒടുവിൽ ഒരു സഞ്ചി.



# IRRATIONAL പുലഭ്യങ്ങൾ

ശ്രുതി. എസ്.
III ബി.എ. പൊളിറ്റിക്കൽ സയൻസ്

സോക്രട്ടീസ്....

ഞാൻ എന്നത് ഞാൻ മാത്രമല്ല, ഞങ്ങളാണ്. ഭ്രൂണത്തിന്റെ ലിംഗം ജനിച്ച ശേഷം മാത്രം അറിഞ്ഞതുകൊണ്ട് ജീവിക്കാൻ അവസരം ലഭിച്ചവർ. അവനോളം വളരാൻ കഴിയാതെ, അവനോളം പരിഗണന കിട്ടാതെ വളർന്നവൾ. നിങ്ങളെന്റെ അച്ഛനായിരുന്നെങ്കിൽ എന്റെ ആർത്തവം വിശുദ്ധിയും അശുദ്ധിയുമാവില്ലായിരുന്നു. നിങ്ങളെന്റെ സുഹൃത്തായിരുന്നെങ്കിൽ നമുക്കൊരുമിച്ച് കാഴ്ചയെ ലഹരിയാക്കാമായിരുന്നു. നിങ്ങളെന്റെ അധ്യാപകനായിരുന്നെങ്കിൽ എനിക്കെന്റെ ചിന്തകളെ ചങ്ങലക്കിടേണ്ടി വരില്ലായിരുന്നു. ഞാൻ ഒരു Irrational ജനുസ്സാവില്ലായിരുന്നു. ഭയപ്പെടുത്തലിന്റേയും ഭീഷണിയുടേയും അസ്വാസ്ഥ്യം എനിക്ക് ഉണ്ടാവില്ലായിരുന്നു. എന്റെ കാമുകനായിക്കൂടെ സോക്രട്ടീസ് നിങ്ങൾക്ക്? എങ്കിൽപ്പിന്നെ ആരുടെയൊക്കയോ property ആയി ഞാൻ മാറില്ലായിരുന്നു. കന്യകാത്വം നികൃഷ്ടമായി അടിച്ചേൽപ്പിക്കില്ലായിരുന്നു. രതിസൗന്ദര്യം വിലക്കപ്പെടില്ലായിരുന്നു. Pseudo മനുഷ്യർക്കിടയിൽപ്പെട്ട്, pseudo ഇസങ്ങൾക്കിടയിൽപ്പെട്ട് ഞാൻ ഞാനല്ലാതെയാവുന്നു.

ഇനി ഞാൻ ഞാനാവുകയാണ്. ഞാൻ മാത്രമാകുകയാണ്. ഇവിടെ ഞാൻ സ്വതന്ത്രയാണ്. രാത്രികൾ എനിക്കന്യമല്ല. കാഴ്ചയ്ക്ക് പരിധിയില്ല. മാസത്തിലെ ആറോ ഏഴോ ദിവസം ഞാൻ ആർത്തവത്തിലൂടെ കടന്നു പോകുന്നു... എന്റെ ശരീരത്തേയും മനസ്സിനേയും വ്യഭിചരിക്കാൻ ഇറക്കിവിടുന്നു. പഠനം സർഗാത്മകമാണ്. ജീവിതം ലഹരിയും.

സോക്രട്ടീസ്...

ഹിസ് ഹൈനസ് ദ മഹാരാജാസ് യൂണിവേഴ്സിറ്റി കോളേജിൽ വെച്ച് നിങ്ങളെ കണ്ടെത്തി എന്നത് ഞാൻ എന്നെ കണ്ടെത്തി എന്നതിന് പൂരകമായി. ജീവിതത്തിന്റെ തത്വശാസ്ത്രത്തിൽ, നിങ്ങളുടെഎല്ലാ ചോദ്യങ്ങളും ഞാൻ എന്നതിന്റെ ഉത്തരമായിരുന്നു!

<u>രാഷ്ട്രീയം</u> :

രാഷ്ട്രീയമില്ലാത്ത മനുഷ്യൻ വഴിയോരങ്ങളിൽ അലറി വിളിക്കുന്ന ഭ്രാന്തനാണ്

പ്രിയാലക്ഷ്മി എം
I ബി.എസ്.സി. കെമിസ്ട്രി

!

# രാഷ്ട്രീയം ക്ലാസ്മുറികകത്തേക്ക്

Manu M.R.
Asst. Professor
Dept. of Political Science

**വിദ്യാഭ്യാസം എന്നത് നിർഗുണമായ അറിവുകൾ വിദ്യാർത്ഥികളുടെ മനസ്സുകളിലേയ്ക്ക് നിറയ്ക്കുന്ന പ്രക്രിയ അല്ല.**

'മർദ്ദിതരുടെ ബോധനശാസ്ത്രം' എന്ന പൗലോ ഫ്രെയറിന്റെ കൃതി വിദ്യാഭ്യാസത്തെക്കുറിച്ച് ചില വിപ്ലവകരമായ ചിന്തകൾ അവതരിപ്പിച്ചു. വിദ്യാർത്ഥികൾ ഒഴിഞ്ഞ ബാങ്ക് അക്കൗണ്ടുകൾ പോലെ, വിവരങ്ങൾ കൊണ്ട് നിറയ്ക്കപ്പെടേണ്ടവരാണ് എന്ന പരമ്പരാഗത ബോധന സമ്പ്രദായത്തെയാണ് അദ്ദേഹം എതിർത്തത്. വിദ്യാഭ്യാസം എന്നത് നിർഗുണമായ അറിവുകൾ വിദ്യാർത്ഥികളുടെ മനസ്സുകളിലേയ്ക്ക് നിറയ്ക്കുന്ന പ്രക്രിയ അല്ല. പഠിപ്പിക്കുക എന്നത് സാമൂഹിക നീതിയിൽ നിന്നും മാറ്റി നിർത്താവുന്ന ഒന്നല്ല. ക്ലാസ്റൂമുകളെ കേവലം വിവരങ്ങളുടെ വിനിമയസ്ഥലികളായി വീക്ഷിക്കുമ്പോഴാണ് അവ അരാഷ്ട്രീയമാണെന്ന് തോന്നുന്നത്.

പാഠ്യപദ്ധതി തയ്യാറാക്കുന്നത് മുതൽ അദ്ധ്യാപനവും പരീക്ഷയുമടക്കമുള്ള എല്ലാ മേഖലകളിലും വിമർശനാത്മകത കടന്നുവരേണ്ടതുണ്ട്. പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ പഠിക്കേണ്ടത് ആവശ്യമാണ്. എന്നാൽ അതേപോലെ, പാഠ്യപദ്ധതി തന്നെ എന്തിന് എന്ന് മനസ്സിലാക്കേണ്ടതും ആവശ്യമാണ്. അത്തരത്തിൽ മനസ്സിലാക്കുവാൻ അക്കാദമിക പ്രവർത്തനങ്ങളിൽ അതിതീക്ഷ്ണമായി, സജീവമായി സമരോത്സുകതയോടെ ഇടപെടുന്ന ഒരു വിദ്യാർത്ഥിസമൂഹം ഉണ്ടാകണം. വിപണിക്ക് ഉപയുക്തമായ ഒരുത്പന്നമായി വിദ്യാർത്ഥികളെ മാറ്റാൻ ആഗ്രഹിക്കുന്ന പരമ്പരാഗതവിദ്യാഭ്യാസ സങ്കൽപം തന്നെയാണ് പല നിറങ്ങളിലും രൂപങ്ങളിലും നമുക്ക് മുന്നിലെത്തുന്നത്.

ക്യാമ്പസുകൾ ചുവന്നു തുടങ്ങുമ്പോഴും പഠനപ്രക്രിയയിലേക്ക് ഈ ശോണിമ കടന്നു വരുന്നില്ല എന്നത് ചിന്താജനകമാണ്. പാഠ്യപദ്ധതിക്കും പഠനപ്രക്രിയയ്ക്കും പുറത്തു നിന്നു കൊണ്ട് എന്തൊക്കെ പരിശ്രമങ്ങൾ നടത്തിയാലും, അതൊക്കെയും പൊൻ തകിടുകൊണ്ട് വ്രണം മറച്ചുവെക്കുന്നത് പോലെയേ ആവുള്ളൂ.

എന്താണ് ക്ലാസ് മുറികൾക്കുള്ളിലെ രാഷ്ട്രീയം? ബോധന പ്രക്രിയയിൽ ഒരു സജീവ പങ്കാളിത്തം സ്ഥാപിക്കുക എന്നത് പുരോഗമനരാഷ്ട്രീയത്തിന്റ അജണ്ടയാകണം. വിദ്യാർത്ഥിരാഷ്ട്രീയം പ്രത്യേകിച്ചും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. അത്തരം ഒരിടപെടലിനെ തടയുന്ന ഘടകങ്ങൾ എന്താണ്? പ്രധാനമായും അത്തരം ഒരു ഇടപെടലിന്റെ ആവശ്യകതയെ കുറിച്ചുള്ള അവബോധമില്ലായ്മയാണ് പ്രശ്നം. വിദ്യാഭ്യാസത്തിന്റെ ഫലമായി വിദ്യാർത്ഥിയ്ക്കുണ്ടാകുന്ന മാനസികമായ പരിവർത്തനം പുരോഗമനോന്മുഖമായ രാഷ്ട്രീയത്തിന്റേത് ആവേണ്ടതുണ്ട്. സാമൂഹ്യനീതി, ലിംഗസമത്വം, തുടങ്ങി സമഗ്രമായ ഒരു ലോകവീക്ഷണം വരെയെത്തി നിൽക്കുന്ന മാനസികവികാസം സൃഷ്ടിക്കുക എന്നതാണ് രാഷ്ട്രീയപ്രവർത്തനത്തിന്റെ കാതലായ വശം.

എല്ലാ തത്ത്വചിന്തകരും ലോകത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. പക്ഷേ, ലോകത്തെ മാറ്റുക എന്നതാണ് കരണീയം എന്ന് മാർക്സ്. ലോകത്തെ മാറ്റുവാൻ മാറ്റുവാൻ ലോകത്തെ വ്യാഖ്യാനിക്കേണ്ടതുണ്ട് എന്നത് അതിന്റെ മറുവശം. " വിശക്കുന്ന മനുഷ്യാ; നീ പുസ്തകമെടുക്കൂ. അതൊരായുധമാണ്" എന്ന ബ്രെഹ്തിന്റെ വരികളാണ് ക്ലാസ്മുറികൾക്കുള്ളിലെ രാഷ്ട്രീയത്തെ നിർണ്ണയിക്കേണ്ടത്.

# മുത്തശ്ശിയോർമ്മകൾ

**Dr. Jomon Mathew**
Asst. Professor
Dept. of Economics


പ്രണയമഴ പെയ്യുന്ന മുത്തശ്ശിമാഞ്ചോട്ടിൽ
ഒറ്റയ്ക്കിരുന്ന് ഞാനോർത്തുപാടും
ഒരു കലാശാലയ്ക്കുമില്ലിതുപോലൊരു
മുത്തശ്ശിക്കഥകളും കളിമ്പവും.

കഥവറ്റി മുത്തശ്ശി യാത്രയായി
തണൽവറ്റി കിളികളും പോകയായി
തണൽമരച്ചോട്ടിൽ നിന്നുയിർക്കൊണ്ട മുഷ്ടികൾ
കല്ലേറുദൂരങ്ങൾക്കപ്പുറമായി.

വഴി പിരിയുന്നുണ്ട് നാലാൾ നടക്കവേ
പഴി നുരയുന്നുണ്ട് കാലങ്ങളുറങ്ങവേ
ഉയരേ പറക്കുന്ന കൊടികളിൽ ചിറകറ്റ്
കനവറ്റ്, പോരറ്റ്, പോർവിളി ശാന്തമായി.







ഒടുവിൽ ഈ യാത്ര **ഇതാ, ഇവിടെ വരെ** എത്തി നിൽക്കുന്നു...
**ഏഴാംകടലിനക്കരെ** കാണുന്ന അനുഭവങ്ങളുടെ
**സ്മാരകശിലകൾ** വെറും ദീപ്തസ്മരണകൾ മാത്രമായി മാറുന്നു...
മറന്നുവച്ചുപോയ **നഷ്ടജാതക**ങ്ങളുടെ കണക്കുകൾ മാത്രം ഒടുവിൽ ഇവിടെ ബാക്കിയാകുന്നു...



എനിക്കിപ്പോൾ 151 വയസ്സ്.

ആത്മഹത്യ ചെയ്യാത്ത തലമുറകൾ

എനിക്കൊപ്പം ശബ്ദിച്ചുകൊണ്ടേയിരിക്കും...

യൂണിവേഴ്സിറ്റി കോളേജ് മാഗസിൻ 2016-17

SB Press # 0471 4000645